# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തലശ്ശേരി
കണ്ണൂർ-670101

ഇ-മെയിൽ: mltlsry.ksad@kerala.gov.in
ഫോൺ : 0490-2960071

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ടി.എസ്.എം.1/559/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തലശ്ശേരി
കണ്ണൂർ-670101
തീയ്യതി: 23/12/2023
ഇ-മെയിൽ: mltlsry.ksad@kerala.gov.in
ഫോൺ: 0490-2960071

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തലശ്ശേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1, 1-2, 2-1, 3-1, 3-2, 4-5, 4-10 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, (ഉപരിപത്രം സഹിതം)
സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, (ഉപരിപത്രം സഹിതം)
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,കണ്ണൂർ
സെക്രട്ടറി, തലശ്ശേരി നഗരസഭ
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/ടി.എസ്.എം.1/559/2023 തീയ്യതി: 23/12/2023

## കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 22-06-2022 |
| ശ്രീ. ശ്രീഹരി മിത്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) [ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല] | 23-06-2022 | 12-07-2022 |
| ശ്രീ.ബിജു കുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-07-2022 | 28-02-2023 |
| ശ്രീ. ശ്രീഹരി മിത്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) [ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല] | 01-03-2023 | 24-05-2023 |
| ശ്രീ. ശ്രീഹരി മിത്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 25-05-2023 | 30-09-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-06-2022 | 30-09-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ശ്രീഹരി മിത്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. രാജേഷ് കുമാർ.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജീന.സി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. പ്രീതി.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.എം.ജമുനാ റാണി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജുമോൻ ജേക്കബ് | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ജയരാജ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ എം.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-09-2022 |
| ശ്രീ.ഷജിൽ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-09-2022 |
| കുമാരി.മിഥില. എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീ.പ്രമോദ്.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.പ്രദീപ്.എഫ് | മെമ്പർ സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീമതി.പ്രീഷ.കെ.പി | മെമ്പർ സെക്രട്ടറി | 10-10-2022 | 31-03-2023 |
| ശ്രീ.ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ.പ്രമോദ്.ഇ (ഇൻചാർജ്ജ്) | കൃഷി ഓഫീസർ | 26-07-2022 | 05-08-2022 |
| ശ്രീമതി ധന്യ.പി.വി | കൃഷി ഓഫീസർ | 06-08-2022 | 07-08-2022 |
| ശ്രീമതി.ഷീബ .ടി | കൃഷി ഓഫീസർ | 08-08-2022 | 11-09-2022 |
| ശ്രീമതി ധന്യ.പി.വി | കൃഷി ഓഫീസർ | 12-09-2022 | 31-03-2023 |
| ശ്രീ.ഷാജി.സി | ഫിഷറീസ് ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീമതി.പ്രീത.പി.വി | ഫിഷറീസ് ഓഫീസർ | 01-07-2022 | 31-10-2022 |
| ശ്രീ.രാജേഷ്.ടി.ആർ | ഫിഷറീസ് ഓഫീസർ | 01-11-2022 | 31-12-2022 |
| ശ്രീ.രജീഷ്.ടി.കെ | ഫിഷറീസ് ഓഫീസർ | 01-01-2023 | 31-03-2023 |
| ഡോ.രവി പ്രസാദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ.നിഷ ചന്ദ്രൻ | സീനിയർ വെറ്ററിനറി സർജൻ | 01-10-2022 | 31-03-2023 |
| ഡോ.ഷീജ എം | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് നിഷാദ് നാനക്കൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി കോടിയേരി) | 01-04-2022 | 14-11-2022 |
| ഡോ.മമത മനോഹർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി കോടിയേരി) | 15-11-2022 | 31-03-2023 |
| ഡോ.ഷീജ.വി.പി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2022 | 21-12-2022 |
| ഡോ.ഷീന വിജയൻ | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 22-12-2022 | 10-01-2023 |
| ഡോ.ഷീജ.വി.പി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 11-01-2023 | 31-03-2023 |
| ഡോ.സന്തോഷ് | മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി) | 01-04-2022 | 30-06-2022 |
| ഡോ.ആശാ ദേവി | മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി) | 01-07-2022 | 28-10-2022 |
| ഡോ.സന്തോഷ് | മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി) | 29-10-2022 | 28-11-2022 |
| ഡോ.ആശാ ദേവി | മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി) | 29-11-2022 | 22-01-2023 |
| ഡോ.രാജീവൻ.വി.കെ | മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി) | 23-01-2023 | 31-03-2023 |
| ശ്രീമതി.ഷീബ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 28-12-2022 |
| ശ്രീമതി.ഷീന.എ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 29-12-2022 | 31-03-2023 |
| ശ്രീമതി. ഷീല.എൻ.പി.സി | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് ജി.വി.എച്ച്.എസ്.എസ്., കൊട്ടുവള്ളി | 01-04-2022 | 30-06-2022 |
| ശ്രീമതി. ഷൈലജ.ഒ.പി | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് ജി.വി.എച്ച്.എസ്.എസ്., കൊട്ടുവള്ളി | 01-07-2022 | 31-03-2023 |
| ശ്രീമതി.വനജ.കെ.സി (എച്ച്.എം.ഇൻ-ചാർജ്ജ്) | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | 01-04-2022 | 30-09-2022 |
| ശ്രീ.ജയൻ.എ | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | 01-10-2022 | 31-03-2023 |
| ശ്രീമതി.രാധാമണി.കെ.ബി | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്.അയ്യലത്ത് | 01-04-2022 | 30-06-2022 |
| ശ്രീമതി.മർസലീന സ്റ്റീഫൻ | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്.അയ്യലത്ത് | 01-07-2022 | 31-03-2023 |
| ശ്രീമതി.റസിയ (ഇൻചാർജ്ജ്) | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പട്ടികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമല്ല-മുഴുവൻ സ്ഥിര നിക്ഷേപ പത്രികകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല. | 1-1-4 |
| 6 | വാർഷിക ധനകാര്യ പത്രികയിലെ വിവിധ വരവിനങ്ങളുടെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതിയിനത്തിൽ സഞ്ചയ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലൈസൻസ് ഫീസിനത്തിൽ വാർഷിക കണക്കുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | തൊഴിൽ നികുതിയിനത്തിൽ വാർഷിക കണക്കിലെ തുകകളും നഗരസഭയിലെ രജിസ്റ്റർ പ്രകാരമുള്ള തുകകളും വ്യത്യാസം | 1-1-8 |
| 10 | ആസ്തി രജിസ്റ്ററിൽ നിലവിലുള്ള ആസ്തികളുടെ പൂർണ്ണവിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല | 1-1-11 |
| 13 | വാർഷിക കണക്കിൽ അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട തുകകൾ പൊരുത്തമില്ല | 1-1-12 |
| 14 | സർക്കാർ ഗ്രാന്റ് തുകകളുടെ വരവ് ACR പ്രകാരവും AFS പ്രകാരവും വ്യത്യാസമുള്ളതായി കാണുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിൽ വകയിരുത്തിയതിൽ അധികരിച്ചും ചെലവു ചെയ്തു:- മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-2-1 |
| 17 | സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം) | 1-3 |
| 18 | ധനസ്ഥിതി അവലോകനം | 1-4 |
| 19 | വിടവ് നികത്തൽ ഫണ്ട് | 1-5 |
| 20 | പദ്ധതി നിർവ്വഹണവും ഫണ്ട് വിനിയോഗവും | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | വാർഡ് സഭ | 1-10 |
| 25 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-11 |
| 26 | മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നതിലും രേഖപ്പെടുത്തലുകൾ നടത്തുന്നതിലും വീഴ്ച | 1-12 |
| 27 | ഡെപ്പോസിറ്റുകൾ | 1-13 |
| 28 | ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമല്ല | 1-14 |
| 29 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-15 |
| 30 | ദുരിതാശ്വാസനിധി | 1-16 |
| 31 | വസ്തു നികുതി കുടിശ്ശികയായി 31-03-2023 ന് പിരിച്ചെടുക്കാൻ ബാക്കി നില്ക്കുന്നത് 6,52,68,973/- | 1-17 |
| 32 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല | 1-18 |
| 33 | നഗരസഭയിലെ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തി | 1-19 |
| 34 | അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയായ ₹ 1,11,16,152 പിരിച്ചെടുത്തില്ല | 1-20 |
| 35 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-21 |
| 36 | ബഹുനിലകെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് ഇളവ് അനുവദിക്കുന്നതും മേഖലാ വിഭജനം നടത്തിയതിലെ വ്യതിയാനവും | 1-22 |
| 37 | വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ 1,74,91,441 /-രൂപ കുടിശ്ശിക | 1-23 |
| 38 | അഭയ നികേതൻ സെസ്സ് ഒടുക്കുന്നതിൽ ഭീമമായ തുകയായ ₹66,01,467 കുടിശ്ശിക | 1-24 |
| 39 | തൊഴിൽ നികുതി - ന്യൂനതകൾ | 1-25 |
| 40 | ലേല സംഖ്യ പൂർണ്ണമായും ഒടുക്കിയില്ല:- ലേലം കൊണ്ട വ്യക്തിക്കെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല; നഗരസഭയ്ക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും നഷ്ടം | 1-26 |
| 41 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ, രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ | 1-27 |
| 42 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ– ന്യൂനതകൾ | 1-28 |
| 43 | ക്ഷേമപെൻഷൻ നല്കിയതിന്റെ വിവരം | 1-29 |
| 44 | അധികം കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തിരിച്ചടച്ചില്ല | 1-30 |
| 45 | ശമ്പളബില്ലിൽ നിന്നും റിക്കവറി ചെയ്യുന്ന തുകകൾ അടവാക്കുന്നതിന് കാലതാമസം വരുത്തുന്നു | 1-31 |
| 46 | സേവന പുസ്തകങ്ങളുടേയും പെൻഷൻ പുസ്തകങ്ങളുടേയും പരിശോധന | 1-32 |
| 47 | കണ്ടിജന്റ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കു വരുത്തുന്നില്ല | 1-33 |
| 48 | റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഒടുക്കുവരുത്തുന്നില്ല | 1-34 |
| 49 | കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ദിവസത്തിലും അധികം ദിവസങ്ങൾ ടെർമിനൽ സറണ്ടർ | 1-35 |

| | | |
|---|---|---|
| | ടെർമിനൽ സറണ്ടർ അനുവദിച്ചത് | |
| 50 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8,92,48,455/- രൂപ ലഭിക്കാൻ ബാക്കി | 1-36 |
| 51 | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വർഷങ്ങളോളം കുടിശ്ശികയാകുന്നു | 1-37 |
| 52 | കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക/ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കാൻ ബാക്കി നില്ക്കുന്നു | 1-38 |
| 53 | കാലഹരണപ്പെട്ട ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതും ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാത്തതും --സർക്കാർ ഉത്തരവുകളിലെ നിർദ്ദേശം പാലിച്ചില്ല - 8,01,481/- രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 54 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല 20,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 55 | വെള്ളക്കരം-അധികം ഒടുക്കിയ തുക ക്രമീകരിച്ചില്ല-1,19,515/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-41 |
| 56 | നഗരസഭയ്ക്ക് കൈമാറാത്ത കൊളശ്ശേരി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ HMC രൂപീകരിച്ചു | 1-42 |
| 57 | പദ്ധതി അവസാനിച്ചിട്ടും ഐ എച്ച് എസ് ഡി പി യുടെ നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല | 1-43 |
| 58 | 2022-23 വർഷത്തെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിലെ പൊതുവായ ന്യൂനതകൾ | 1-44 |
| 59 | കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ-ക്യാൻസർ നിയന്ത്രണ പദ്ധതി ലക്ഷ്യം കണ്ടില്ല | 1-45 |
| 60 | അതിദരിദ്യർക്കുള്ള മൈക്രോ പ്ലാൻ-മരുന്നു നൽകൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-46 |
| 61 | മരുന്നുകൾ ലഭ്യമായിട്ടില്ല. 4,46,040/- രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 62 | സാന്ത്വന ഗൃഹപരിചരണ പദ്ധതി - പി.എം.സി അംഗീകാരമില്ലാതെ വാഹന വാടക ഇനത്തിൽ അനുവദിച്ച 2,14,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-48 |
| 63 | മരുന്നുകൾ ലഭിക്കാൻ ബാക്കി- 7,21,319/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-49 |
| 64 | ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും ലഭിക്കുന്ന പ്രതിമാസ വരുമാനവും-കണക്കുകൾ ലഭ്യമല്ല-9,53,465 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-50 |
| 65 | കൊതുകുനിവാരണ പ്രവൃത്തികൾക്കായി ഫോഗിംഗ് മെഷീൻ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള 1,41,571 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-51 |
| 66 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് അർഹമായ വേതനം നൽകുന്നില്ല | 1-52 |
| 67 | ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-53 |
| 68 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത-ന്യൂനതകൾ- 1,70,500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-54 |
| 69 | മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടതു പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങളുടെ സമഗ്ര വികസനം ഉറപ്പാക്കപ്പെടുന്നില്ല | 1-55 |
| 70 | നഗരസഭാ പരിധിയിലെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിൽ കലക്ടേഴ്സ് @ സ്കൂൾ സ്ഥാപിക്കൽ-അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള ആകെ 2,63,040/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-56 |
| 71 | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേശ/കസേര വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകതകൾ-51,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-57 |
| 72 | ഗവ.ഹയർ സെക്കന്ററി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള 1,17,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-58 |
| 73 | എസ്.എസ്.കെ പദ്ധതി-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല-വികസന ഫണ്ടിൽനിന്നുള്ള 40,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-59 |
| 74 | സാധനങ്ങളുടെ സമാഹരണം-സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-60 |
| 75 | ‘ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ‘ -പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ-5,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-61 |
| 76 | കൊളശ്ശേരി ലക്ഷ്മി ഗ്യാസിനു പിൻവശത്തെ റോഡ് നവീകരണം അപാകതകൾ | 1-62 |
| 77 | നഗരസഭാ വക ടൗൺ ഹാൾ ഓഡിറ്റോറിയം ഇലക്ട്രിക്കൽ റിപ്പയറിംഗ് - അപാകതകൾ | 1-63 |
| 78 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ് | 1-64 |
| 79 | പാദവർഷ റിപ്പോർട്ടുകൾ നഗരസഭ പരിഗണിച്ചതിന്റെ വിവരം | 1-65 |
| 80 | സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്ന ഖണ്ഡികകളുടെ വിവരം | 1-66 |
| | ഭാഗം **2** | |
| 1 | ലേല സംഖ്യ പൂർണ്ണമായും ഒടുക്കിയില്ല:- ലേലം കൊണ്ട വ്യക്തിക്കെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല; നഗരസഭയ്ക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത-ന്യൂനതകൾ- 1,70,500/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-1 |
| 2 | കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് അർഹതയിലും കൂടുതൽ ടെർമിനൽ സറണ്ടർ അനുവദിച്ചു - 1,20,711/- രൂപ നഷ്ടം | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരങ്ങൾ | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് തുകകൾ ഈടാക്കിയതിന്റെ വിവരങ്ങൾ | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ബാലൻസ് ഷീറ്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് | |
| 5 | ഇൻകം & എക്സ്പെൻഡിച്ചർ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.05.2023 തീയതിയിലെ 49-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 23.08.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യപത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തലശ്ശേരി

തീയ്യതി : 23.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പട്ടികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം നഗരസഭ തയ്യാറാക്കുന്ന അക്കൗണ്ട്സിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെടുത്തേണ്ട താഴെ പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല.

1. നോട്ട്സ് ടു അക്കൗണ്ട്
2. ബന്ധപ്പെട്ട അക്കൗണ്ട്സ് റൂൾസിലെ ധനകാര്യ അനുപാതങ്ങൾ

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(1) (B) പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

I) ഗ്രാന്റുകൾ ലഭിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും പത്രികകൾ.

Ii) വായ്പകൾ എടുത്തതിന്റെയും വിനിയോഗിച്ചതിന്റെയും പത്രികകൾ.

iii)തൻവർഷം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെയും ഓരോ പ്രവൃത്തികൾക്കുമായി ചെലവഴിച്ച തുകയുടെയും ഫണ്ടിൽ മിച്ചമുള്ള തുകകളുടെയും (ഉണ്ടെങ്കിൽ) വിവരങ്ങൾ കാണിക്കുന്ന പത്രികകൾ.

സെക്രട്ടറിയുടെ 03.07.2023 ലെ എ1-15470/09 നമ്പർ കത്ത് പ്രകാരം മേൽ പത്രികകൾ പുന:സമർപ്പിക്കുന്ന എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമല്ല-മുഴുവൻ സ്ഥിര നിക്ഷേപ പത്രികകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല**

ഷെഡ്യൂൾ B12, B13 എന്നിവ പ്രകാരം നഗരസഭയുടെ കൈവശമുള്ള സ്ഥിരനിക്ഷേപം 34,53,099/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ സ്ഥിരനിക്ഷേപ രജിസ്റ്റർ കാലികമാക്കാത്തതിനാലും വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാലും ഇത് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

നഗരസഭയിൽ 2022-23 വർഷം സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-12, ബി-13 എന്നിവ പ്രകാരം 34,53,099/- രൂപ സ്ഥിരനിക്ഷേപം (സ്ഥിരനിക്ഷേപം, ഡിബഞ്ചറുകളും ബോണ്ടുകളും, ഇക്വിറ്റി ഷെയറുകൾ, പ്രിഫറൻസ് ഷെയറുകൾ) നഗരസഭയുടെ കൈവശമുള്ളതായി കാണിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. 6,38,659.85 രൂപയുടെ 53 സ്ഥിര നിക്ഷേപം/ഷെയർ സർട്ടിഫിക്കറ്റ്/സെക്യൂരിറ്റി ഡെപ്പോസിറ്റ് മാത്രമേ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. 17,54,459.15 രൂപയുടെ സ്ഥിരനിക്ഷേപ പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-4 എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.**

(എ) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53പ്രകാരം എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.

(എ) താഴെ പറയുന്ന പാസ് ബുക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടില്ല.

| **അക്കൗണ്ടിന്റെ വിവരം** |
|---|
| PNB A/c No.4350001100000017 |
| South Indian Bank 0078053000077599 |
| PNB 435000 014520149 (UIDSSMT) |
| Sayamprabha 4350000104548312 |
| TSB Pf A/c 799010100355844 |
| Health Grant 4350000104554447 |
| TPA 190(Provident Fund A/c |

(ബി) താഴെ പറയുന്ന പാസ്ബുക്കുകൾ/സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ടിന്റെ വിവരം | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|
| Andhra Bank A/c No. 100 | 48,722 |
| PNB NULM | 19,634 |
| SDTSB -799012900000716 | 4,27,249 |
| TSB7990100301702 Contingent Pension | 13,112 |
| SBI PMAY A/c38090266882 | 39,810 |
| TSB 0722031400000005 | 38,23,762 |
| TPA 262 | 95,055 |
| TSB 14/386 | 44,604 |
| സ്വച്ഛ്ഭാരത് 046201002249 | 1391 |
| Bank Of Baroda (Ayyankali) 68570100003398 | 34,42,821 |

(സി) നഗരസഭ ലഭ്യമാക്കിയ വാർഷിക കണക്കിലെ നീക്കിയിരിപ്പും ലഭ്യമാക്കിയ പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ താഴെ കാണുന്ന വ്യത്യാസം കാണുന്നു.

| ക്രമ നം | അക്കൗണ്ട് വിവരങ്ങൾ | വാർഷിക ധനകാര്യ പത്രിക പ്രകാരം (A) | പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് പ്രകാരം (B) | വ്യത്യാസം (A)-(b) | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക് 128115439 | 2326148.50 | 2366912.76 | 40764.26 | 801925.76 |
| 2 | ICICI (PMAY) SB A/c. 046201002152 | 59,46,491 | 64,81,491 | 535000 | 6,64,156 |
| 3 | LGTSB 799013000000203 | 3,20,33,804 | 0 | 32033804 | 0 |
| 4 | TSB PF A/c 799010100355844 | 1,41,76,268 | 8423 | 14167845 | 1,30,43,205 |

AFS, Bank Statement എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ തമ്മിലുള്ള വ്യത്യാസവും ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ വ്യത്യാസം കാണുന്നു.

**1-1-5 വാർഷിക ധനകാര്യ പത്രികയിലെ വിവിധ വരവിനങ്ങളുടെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രികയിലെ താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ ഡിമാന്റിൽ നിന്ന് കലക്ഷൻ കുറയ്ക്കുമ്പോൾ ലഭിക്കുന്ന ബാലൻസ് B-15 ഷെഡ്യൂളിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വരവിനം | ഡിമാന്റ് [I-1, I4(b), I-3] | കലക്ഷൻ | | | ബാലൻസ് B-15 പ്രകാരം | ഡിമാന്റ് കലക്ഷൻ എന്നിവ തമ്മിലുള്ള വ്യത്യാസം (2-5) |
|---|---|---|---|---|---|---|
| | | തൻവർഷം കലക്ഷൻ (RP 37, RPI) | അഡ്വാൻസ് കലക്ഷൻ 2021-22 AFS, B-9 | ആകെ | | |
| വസ്തു നികുതി (Current) | 5,45,85,051 | 3,61,17,653 | 5 | 3,61,17,658 | 1,93,90,768 | 1,67,26,890 |
| തൊഴിൽ നികുതി (Traders) | 49,65,495 | 58,36,126 | 1,850 | 58,37,976 | 4,95,899.05 | 8,72,481 |
| തൊഴിൽ നികുതി (Employees) | 1,90,27,812 | 1,85,39,612 | - | 1,85,39,612 | - | 4,88,200 |

**1-1-6 വസ്തു നികുതിയിനത്തിൽ സഞ്ചയ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി ഇനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എ) വസ്തുനികുതി (കറന്റ്)

| | 31.03.2023 തീയ്യതിയിലെ സഞ്ചയ റിപ്പോർട്ട് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| 2022-23 ഡിമാന്റ് | 7,39,07,019 | 5,45,85,051 (I 1 ഷെഡ്യൂൾ ) |
| 2022-23 കലക്ഷൻ | 4,65,59,245 | 3,61,17,653 (RP37ഷെഡ്യൂൾ ) |
| 2022-23 ബാലൻസ് | 2,73,47,774 | 1,93,90,768 (B 15 ഷെഡ്യൂൾ) |

വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റിൽ നിന്ന് കലക്ഷൻ കുറയ്ക്കുമ്പോൾ ഉള്ള തുകയും ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

ബി) വസ്തുനികുതി (കുടിശ്ശിക)

| | 31.03.2023 തീയ്യതിയിലെ സഞ്ചയ റിപ്പോർട്ട് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം [2021-22 ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം വർഷാവസാന ബാക്കി] |
|---|---|---|
| കുടിശ്ശിക ഡിമാന്റ് | 6,15,77,634 | 6,75,08,030.42 (2021-22 B15 ഷെഡ്യൂൾ) |
| കുടിശ്ശിക വരവ് | 2,38,71,398 | 2,07,11,436 (2022-23 RP 37 ഷെഡ്യൂൾ) |
| കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി | 3,77,06,236 | 4,57,61,022.42(2022-23 B 15 ഷെഡ്യൂൾ) |

വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റിൽ നിന്ന് കലക്ഷൻ കുറയ്ക്കുമ്പോൾ ഉള്ള തുകയും ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-7 ലൈസൻസ് ഫീസിനത്തിൽ വാർഷിക കണക്കുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-4(b) ഷെഡ്യൂളിൽ Licence Fees For Dangerous & Offensive Traders ഇനത്തിൽ ഡിമാന്റായി 4,607,000, വരവായി 44,33,630 (RP 37 ൽ 2,66,825 + മുൻ വർഷത്തെ അഡ്വാൻസ് ആയ 41,66,805) കഴിച്ച് ബാലൻസ് ആയി 1,73,370 ന പകരം B-15 ഷെഡ്യൂളിൽ 1,87,370 ആണ് കാണിച്ചിരിക്കുന്നത്.

**1-1-8 തൊഴിൽ നികുതിയിനത്തിൽ വാർഷിക കണക്കിലെ തുകകളും നഗരസഭയിലെ രജിസ്റ്റർ പ്രകാരമുള്ള തുകകളും വ്യത്യാസം**

തൊഴിൽ നികുതി(Employees) ഇനത്തിൽ RP1 പ്രകാരം വരവ് 1,85,39,612 രൂപയാണ്. തൊഴിൽ നികുതി(Traders) RP37 പ്രകാരം (കറന്റ്) 58,36,126 രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ തൊഴിൽ നികുതി(Traders) വരവ്(കറന്റ്) 57,51,280 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ RP37 പ്രകാരം തൻവർഷ വരവ് 11,16,423 രൂപയാണ്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ പ്രകാരം കുടിശ്ശികയിൽ തൻവർഷ വരവ് 10,50,780 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി (Employees ) ഹെഡിൽ ഡിമാന്റ് - കലക്ഷൻ തുകകൾ തുല്യമായി വരുന്നില്ല.

**1-1-9 ആസ്തി രജിസ്റ്ററിൽ നിലവിലുള്ള ആസ്തികളുടെ പൂർണ്ണവിവരം ഉൾപ്പെടുത്തിയിട്ടില്ല.**

നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ നിലവിലുള്ള ആസ്തികളുടെ പൂർണ്ണവിവരം ഉൾപ്പെടുത്തിയിട്ടില്ല. (ആസ്തികളുടെ വില, ആസ്തികളിന്മേലുള്ള തേയ്മാന ചെലവ് കണക്കാക്കിയതിന്റെ വിവരം തുടങ്ങിയവ)

**1-1-10 റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല**

RP 4 പ്രകാരം റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ 10,216/- രൂപയാണ് ആകെ വരവ്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്ററിൽ 2022-23 കാലയളവിൽ1434060.48 രൂപയാണ് ഈയിനത്തിലെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. റോഡ് കട്ടിംഗ് ചാർജ്ജിന്റെ വർഷാന്ത്യ സംക്ഷിപ്തം എഴുതിചേർക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**1-1-11 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല**

ഷെഡ്യൂൾ B7 പ്രകാരം ഡെപ്പോസിറ്റ് 22,04,26,436 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ നഗരസഭയിലെ വിവിധയിനം Deposits സംബന്ധിച്ച രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-12 വാർഷിക കണക്കിൽ അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട തുകകൾ പൊരുത്തമില്ല**

RP41 ലെ ചെലവ് ഭാഗത്ത് Festival Advance To Employees 15,90,000 അഡ്വാൻസ് നൽകിയതായും വരവ് ഭാഗത്ത് RP41 പ്രകാരം 24,000/- രൂപ വരവുള്ളതായും കാണുന്നു. എന്നാൽ B18 ഷെഡ്യൂൾ പ്രകാരം ബാക്കി Festival Advance To Employees തിരിച്ച് കിട്ടാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത് 1,59,056/- രൂപയാണ്. ഇത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-13 സർക്കാർ ഗ്രാന്റ് തുകകളുടെ വരവ് ACR പ്രകാരവും AFS പ്രകാരവും വ്യത്യാസമുള്ളതായി കാണുന്നു**

| ഫണ്ട് | ACR പ്രകാരം | AFS പ്രകാരം ( I – 6 ) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5,99,83,782 | 4,42,80,008 |
| വികസനഫണ്ട് (എസ്.സി.പി) | 36,52,448 | 16,09,768 |
| വികസന ഫണ്ട് (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 1,17,01,664 | 3,64,49,662 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1,35,05,752 | 70,99,290 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 2,63,59,675 | 2,45,59,061 |

**1-2 ബജറ്റ്**

നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ 10.03.2022 തീയ്യതിയിൽ സമർപ്പിക്കുകയും 5,66,95,441/- രൂപ മുന്നിരിപ്പും 72,36,49,525/- രൂപ വരവും 74,09,65,525/- രൂപ ചെലവും 3,93,79,441/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന ബജറ്റിന് 19.03.2022ലെ കൗൺസിൽ യോഗം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 2,82,39,598/- രൂപ മുന്നിരിപ്പും 67,37,68,300/- രൂപ വരവും 64,98,20,055/- രൂപ ചെലവും 5,21,87,843/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2022-23 വർഷത്തെ പുതുക്കിയ ബജറ്റിന് 20.03.2023 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 21.03.2023 ന് നഗരസഭാ കൗൺസിലും അംഗീകാരം നൽകിയിട്ടുണ്ട്. 1994 ലെ കേരള

മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 285 പ്രകാരം വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് ജനവരി 15 ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ നിയമത്തിലെ വകുപ്പ് 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകിയ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറി നൽകിയ എസ്റ്റിമേറ്റുകളും മുൻബാക്കി നീക്കിബാക്കി സ്റ്റേറ്റ്മെന്റുകളും, അക്കൗണ്ട് ഹെഡ്‌വൈസ് കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റുകളും ഒഴികെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും നൽകിയതിന്റെയോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിഷയങ്ങൾ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും സമർപ്പിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

**1-2-1 ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിൽ വകയിരുത്തിയതിൽ അധികരിച്ചും ചെലവു ചെയ്തു:- മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ല**

നഗരസഭ തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റും 2022-23 ലെ വാർഷിക കണക്കുകളും ഒത്തു നോക്കിയപ്പോൾ വിവിധ ശീർഷകങ്ങളിലായി 12,55,70,136/- രൂപ ബഡ്ജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ അധികരിച്ചും നഗരസഭ ചെലവ് ചെയ്തതായി കാണുന്നു (അതായത് നഗരസഭയുടെ ആകെ ചെലവിന്റെ 26.39%). 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 293(6) വകുപ്പ് അനുസരിച്ച് അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവു ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റിൽ നിന്നും വ്യതിചലിച്ച് ചെലവുകൾ നടത്തുന്നത് സംബന്ധിച്ച് പാദവാർഷിക അവലോകന റിപ്പോർട്ടുകളിലൂടെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വന്നിട്ടുള്ളതുമാണ്. ആയതിനാൽ ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2022-2023 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും 2022-23 കാലയളവിൽ ചെലവിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

*(അവലംബം: 2022-23 വാർഷിക കണക്കുകളിലെ ചെലവും നഗരസഭയുടെ 2022-23 പുതുക്കിയ ബഡ്ജറ്റും)*

**Establishment Expense**

| Code | Head Of Account | As Per Budget | Actual Expense | ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ് |
|---|---|---|---|---|
| 210100200 | Wages | 40,00,000 | 55,44,656 | **15,44,656** |
| 210200101 | Travelling Allowances-Secretary | 0 | 30,760 | **30,760** |
| 210200201 | Other Allowances-Secretary | 3,50,000 | 22,044 | **2,27,391** |
| 210200204 | Other Allowances-Permanent Staff | | 6,000 | |
| 210200206 | Other Allowances-Contingent Staff | | 5,49,347 | |

**Administrative Expenses**

| Code | Head Of Account | As Per Budget | Actual Expense | ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ് |
|---|---|---|---|---|
| 220100201 | Land Revenue | 0 | 320 | **320** |
| 220100301 | Income Tax | 4,000 | 6,42,789 | **6,02,789** |
| 220110100 | Office Electricity Expenses | 55,000 | 97,887 | **42,887** |
| 220120200 | Postage Expenses | 27,000 | 35,250 | **8,250** |
| 220200100 | Books & Periodicals | 1,60,000 | 2,47,724 | **87,724** |
| 220300100 | Travelling Expense Of Chairperson, Deputy Chairperson, Chairmen And Councillors | 0 | 31,261 | **31,261** |
| 220510100 | Law Charges | 1,20,000 | 3,24,100 | **2,04,100** |
| 220809900 | Miscellaneous Administration Expenses | 8,50,000 | 12,37,752 | **3,87,752** |

**Operation & Maintenance**

| Code | Head Of Account | As Per Budget | Actual Expense | ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ് |
|---|---|---|---|---|
| 230100200 | Diesel, Petrol & Gas | 12,00,000 | 12,06,539 | **6,539** |
| 230500100 | Repair & Maintenance- Road And Pavements | 0 | 39,30,640 | **39,30,640** |
| 230500400 | Repair & Maintenance- Drainage | 0 | 2,85,65,617 | **2,85,65,617** |
| 230500500 | Repair & | 0 | 21,86,456 | **21,86,456** |

| | | | | |
|---|---|---|---|---|
| | Maintenance- Sewerage | | | |
| 230500600 | Repair & Maintenance- Street Lights | 0 | 16,68,987 | **16,68,987** |
| 230509900 | Repair & Maintenance- Other Infrastructure Assets | 1,30,000 | 26,70,627 | **25,40,627** |
| 230520100 | Repair & Maintenance- Buildings | 55,000 | 56,508 | **1,508** |
| 230800400 | Expenses Relating To Collection Of Taxes | 7,000 | 34,475 | **27,475** |

**Interest & Finance Charges**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 240800100 | Other Finance Expenses | 0 | 5,42,559 | **5,42,559** |

**Programme Expenses**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിത ത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 250400700 | Development Fund Programmes- Housing | 0 | 75,20,000 | **75,20,000** |
| 250400702 | Implementing Housing Programmes | 0 | 24,36,000 | **24,36,000** |
| 250401001 | Run The Government Pre-primary Schools, Primary Schools And High Schools | 0 | 98,160 | **98,160** |
| 250401202 | Conduct Child Welfare Centres And Mother | 0 | 72,900 | **72,900** |

| | | | | |
|---|---|---|---|---|
| | Carehomes | | | |
| 250401205 | Implement Sanitation Programmes | 0 | 6,87,978 | **6,87,978** |
| 250401301 | Run Anganavaidies | 60,000 | 29,15,550 | **28,55,550** |
| 250401504 | Provide Financial Assistance For The Scheduled Caste/Scheduled Tribe Students | 9,50,000 | 9,80,000 | **30,000** |
| 250500200 | Programmes/Expenditures Of Transferred Institutions-Animal Husbandry | 0 | 19,921 | **19,921** |
| 250500501 | Scholorship For Handicapped Children | 0 | 42,50,800 | **42,50,800** |
| 250500601 | Allopathy | 0 | 56,49,706 | **56,49,706** |
| 250500604 | Sidh Vaidya | 0 | 1,50,000 | **1,50,000** |
| 250500700 | Programmes/Expenditures Of Transferred Institutions-Ayurveda | 0 | 25,93,073 | **25,93,073** |
| 250500800 | Programmes/Expenditure Of Transferred Institutions-Homeopathy | 0 | 4,50,000 | **4,50,000** |
| 250501607 | Housing Grant | 0 | 64,94,308 | **64,94,308** |
| 250609900 | Programmes/Expenditures Of Transferred Functions/Schemes-Others/Miscellaneous | 0 | 2,49,560 | **2,49,560** |

**Decentralised Plan Programme- Service Sector**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 251100101 | Pre-primary Education-General | 0 | 4,07,043 | **4,07,043** |
| 251100401 | Higher Secondary Education-General | 0 | 3,94,774 | **3,94,774** |
| 251101301 | Education-Related Activities- | 28,00,000 | 43,09,336 | **15,09,336** |

| | | | | |
|---|---|---|---|---|
| | General | | | |
| 251101901 | Arts, Culture, Sports And Youth Welfare-Promotion-General | 0 | 1,93,565 | **1,93,565** |
| 251200301 | Health Related Programs-General | 17,00,000 | 9,84,320 | **7,15,680** |
| 251202401 | Epidemic Control- General | 0 | 1,43,571 | **1,43,571** |
| 251400101 | Women Welfare-General | 1,10,000 | 17,060 | **92,940** |
| 251400201 | Special Child Welfare Program-General | 0 | 2,68,025 | **2,68,025** |
| 251600501 | Plan Formulation, Implementation And Monitoring-General | 0 | 6,50,222 | **6,50,222** |
| 251650201 | Transferred Institution Service Delivery Improvemen-General | 70,00,000 | 72,31,764 | **2,31,764** |

**Decentralised Plan Programme- Infrastructure Sector**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 252201301 | Causeways-General | 0 | 6,48,446 | **6,48,446** |

**Secured Loans**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 330500201 | Loan From K.U.R.D.F.C | 0 | 1,52,709 | **1,52,709** |

**Other Liabilities**

| Code | Head Of Account | As Per Budget | Actual Expense | ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ് |
|---|---|---|---|---|
| 350100103 | Supplier Control Account- Special Fund | 0 | 3,09,256 | **3,09,256** |
| 350100302 | Contractors Control Account- Specific Grants | 0 | 3,32,24,100 | **3,32,24,100** |
| 350100303 | Contractors Control Account- Special Fund | 0 | 1,10,45,446 | **1,10,45,446** |
| 350109900 | Other Creditors | 0 | 96,005 | **96,005** |
| 350200103 | Recoveries Payable-Loan Recovery | 0 | 53,30,886 | **53,30,886** |
| 350200104 | Recoveries Payable- Insurance Premium | 0 | 36,95,392 | **36,95,392** |
| 350200106 | Recoveries Payable- Co-operative Recovery | 0 | 8,500 | **8,500** |
| 350200109 | Recoveries Payable- Income Tax Deducted At Source-Salaries | 0 | 10,70,471 | **10,70,471** |
| 350200116 | State Life Insurance/ Arrear Of SLI | 0 | 7,71,980 | **7,71,980** |
| 350200117 | Group Saving Life Insurance/ Arrear Of GSLI | 0 | 27,703 | **27,703** |
| 350200118 | Group Insurance/Arrear Of GIS | 0 | 5,82,200 | **5,82,200** |
| 350200122 | Recoveries Payable- Accident Compensation Recovery | 0 | 1,78,250 | **1,78,250** |
| 350200125 | Recoveries | 0 | 2,750 | **2,750** |

| | | | | |
|---|---|---|---|---|
| | Payable- Audit Recovery | | | |
| 350200126 | Recoveries Payable- Medical Loan | 0 | 20,46,500 | **20,46,500** |
| 350200129 | Recoveries Payable- Contributory Pension | 0 | 62,10,572 | **62,10,572** |
| 350200130 | Recoveries Payable- EPF | 0 | 2,90,706 | **2,90,706** |
| 350200199 | Recoveries Payable- Other Recoveries From Employees | 0 | 5,857 | **5,857** |
| 350200204 | Recoveries Payable- Income Tax Deducted At Source- Scheme Expensiture | 0 | 36,655 | **36,655** |
| 350200214 | Recoveries Payable- Kerala Construction Workers Welfare Fund- Municipal Fund | 0 | 1,71,511 | **1,71,511** |
| 350200215 | Recoveries Payable- Kerala Construction Workers Welfare Fund- Specific Grants | 0 | 3,43,066 | **3,43,066** |
| 350200216 | Recoveries Payable- Kerala Construction Workers Welfare Fund-Special Funds | 0 | 45,260 | **45,260** |
| 350200217 | Recoveries Payable- Kerala Construction Workers Welfare Fund-Scheme Expenditure | 0 | 32,401 | **32,401** |
| 350300710 | Government And Other Dues Payable- TDS-CGST | 0 | 3,90,010 | **3,90,010** |

| | | | | |
|---|---|---|---|---|
| 350300810 | Government And Other Dues Payable- TDS-SGST | 0 | 3,90,010 | **3,90,010** |
| 350400102 | Refund Payable-Profession Tax | 0 | 2,500 | **2,500** |
| 350400301 | Refund Payable-License Fees | 0 | 9,000 | **9,000** |

**Loans, Advances And Deposits**

| **Code** | **Head Of Account** | **As Per Budget** | **Actual Expense** | **ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി നടത്തിയ ചെലവ്** |
|---|---|---|---|---|
| 460100400 | Festival Advance To Employees | 0 | 15,90,000 | **15,90,000** |
| 460100700 | Miscellaneous Advance | 0 | 2,94,000 | **2,94,000** |
| 460100800 | Marriage Loan | 0 | 25,000 | **25,000** |

**1-3 സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 26,60,75,818.52 |
| വരവ് | 43,78,04,445 |
| ആകെ | 70,38,80,263.52 |
| ചെലവ് | 47,57,84,045 |
| നീക്കിയിരിപ്പ് | 22,80,96,218.52 |

**1-4 ധനസ്ഥിതി അവലോകനം**

**എ)** ആകെ വരവുമായി പ്രധാന വരവ് ചെലവിനങ്ങളുടെ അനുപാതം-വിശകലനം താഴെ കൊടുക്കുന്നു. ഇതിൽ നിന്നും നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചമല്ല എന്ന് വ്യക്തമാവുന്നു.

| **ആകെ വരവുമായി പ്രധാന വരവ് ചെലവിനങ്ങളുടെ അനുപാതം-വിശകലനം** | | |
|---|---|---|
| **ഇനം** | **അനുപാതം** | **ആകെ വരവിന്റെ %** |
| നികുതി വരവ് | 2,23,17,142 | 5.09 |
| വാടക | 63,77,833 | 1.45 |
| ഫീസ് | 1,55,34,329 | 3.54 |
| സർക്കാർ ഗ്രാന്റുകൾ | 14,65,83,617 | 33.48 |

| | | |
|---|---|---|
| എസ്റ്റാ & ഭരണചെലവും | 8,81,59,365 | 20.13 |
| നടത്തിപ്പും സംരക്ഷണവും | 4,87,23,317 | 11.12 |

**ബി) പണമൊഴുക്ക്**

31.03.2023 ന് നഗരസഭയുടെ പണമൊഴുക്ക് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തീയ്യതിയിൽ നഗരസഭയുടെ അറ്റ പണമൊഴുക്ക് (-)356.38 ലക്ഷമാണ്. ഇതിൽ നിന്നും നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചമല്ല എന്ന് വ്യക്തമാവുന്നു.

| **പണമൊഴുക്ക് (ലക്ഷത്തിൽ)** | |
|---|---|
| **ഇനം** | **പണമൊഴുക്ക്** |
| പ്രവർത്തനം | 824.14 |
| നിക്ഷേപം | (-)1185.28 |
| ഫിനാൻസിംഗ് | (-)18.66 |
| അറ്റ പണമൊഴുക്ക് | (-)379.79 |

**സി) വരവ് ചെലവ് വിശകലനം**

2022-23 സാമ്പത്തിക വർഷം നഗരസഭയുടെ ആകെ വരവ് 4,378.04 ലക്ഷം രൂപയാണ്. എന്നാൽ നഗരസഭയുടെ തനത് വരുമാനം 1,512.01 ലക്ഷം രൂപ മാത്രമാണ്. അതായത് ആകെ വരവിന്റെ 34.53 ശതമാനം മാത്രമാണ് നഗരസഭയുടെ തനത് വരുമാനം. ആകെ വരവിന്റെ 57.40 ശതമാനം സർക്കാർ ധനസഹായങ്ങളും 8.05ശതമാനം വിവിധ ഋണശീർഷക വരവുകളുമാണ്. നഗരസഭയുടെ തൻവർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 587.17 ലക്ഷം രൂപയാണ്. അതായത് നഗരസഭയുടെ ആകെ തനത് വരുമാനത്തിന്റെ 38.83 ശതമാനം. ഭരണ ചെലവ് 294.42 ലക്ഷം രൂപയാണ്. അതായത് നഗരസഭയുടെ ആകെ തനത് വരുമാനത്തിന്റെ 19.47ശതമാനം. നടത്തിപ്പ് ചെലവ് 487.23 ലക്ഷം രൂപയാണ്. അതായത് നഗരസഭയുടെ ആകെ തനത് വരുമാനത്തിന്റെ 32.22 ശതമാനം. മറ്റു ബാധ്യതാ ചെലവുകൾ (പെൻഷൻ കോൺട്രിബ്യൂഷൻ, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ, കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് കൊടുക്കാൻ ബാക്കി നിൽക്കുന്ന തുകകൾ തുടങ്ങിയവ) 1,358.70 ലക്ഷം രൂപയാണ്. അതായത് നഗരസഭയുടെ ആകെ തനത് വരുമാനത്തിന്റെ 89.86 ശതമാനം. ഇതിൽ നിന്നും നഗരസഭയുടെ അനിവാര്യ ചെലവുകൾ പോലും നിർവ്വഹിക്കുന്നതിന് സർക്കാർ ധനസഹായങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഉള്ളത് എന്ന് വ്യക്തമാവുന്നു.

| **ഇനം** | **വരവ്** | **ആകെ വരവിന്റെ ശതമാനം** | **കുറിപ്പ്** |
|---|---|---|---|
| തനത് വരവ് | 1512,01,896 | 34.53 | RP-1, 2, 3, 4, 5, 8, 9 &37 |
| സർക്കാർ ഗ്രാന്റുകളും കോൺട്രിബ്യൂഷനുകളും | 25,13,35,582 | 57.40 | RP6, 22&24 |
| ഋണശീർഷക വരവുകൾ | 3,52,65,367 | 8.05 | RP 27, 29 & 41 |
| **ആകെ വരവുകൾ** | **43,78,02,845** | **100** | |
| **ഇനം** | **ചെലവ്** | **തനത് വരവിന്റെ ശതമാനം** | **കുറിപ്പ്** |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | 5,87,17,012 | 38.83 | RP-10 |

| | | | |
|---|---|---|---|
| ഭരണ ചെലവ് | 2,94,42,353 | 19.47 | RP-11 |
| നടത്തിപ്പ് ചെലവ് | 4,87,23,317 | 32.22 | RP-12 |
| മറ്റു ബാദ്ധ്യത ചെലവ് | 13,58,70,918 | 89.86 | RP-29 |
| | | 180.38 | |

**ഡി) ഡിമാന്റിന്റെ 90 % പിരിച്ചെടുക്കാത്തില്ല- വികസന ഫണ്ടിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായി**

ധനകാര്യ വകുപ്പിന്റെ 18-10-2022 തീയ്യതിയിലെ സ.ഉ (കൈ) 179/2022/ധന നമ്പർ ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യുന്നതിന്റെ 90% പിരിച്ചെടുക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

തലശ്ശേരി നഗരസഭ ഡിമാന്റിന്റെ 90% നടത്താത്തതിനാൽ സ.ഉ. (സാധാ) നം. 1049/2023.ധന. തീയ്യതി 13.02.2023 പ്രകാരം വികസനഫണ്ട് (പൊതു വിഭാഗം) മൂന്നാം ഗഡു അനുവദിച്ചപ്പോൾ 8,20,260 കുറവ് ചെയ്ത തുകയാണ് അനുവദിച്ചിട്ടുള്ളത്. നഗരസഭയുടെ പിരിവ് കാര്യക്ഷമമല്ലാത്തതിനാൽ നഗരസഭയ്ക്ക് പദ്ധതി/ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുമായിരുന്ന 8,20,260 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും നഗരസഭാ കൌൺസിലിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-5 വിടവ് നികത്തൽ ഫണ്ട്**

ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പിന്റെ 2022 ഡിസംബർ 22 ലെ സ.ഉ.(സാധാ) 8668/2022/ധന. നമ്പർ ഉത്തരവ് പ്രകാരം തനതു ഫണ്ടും പൊതു ആവശ്യ ഫണ്ടും അടക്കമുള്ള തുക ഭരണ ചെലവുകൾക്കും മറ്റും തികയാത്ത സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന തലശ്ശേരി നഗരസഭയ്ക്ക് ₹1,59,77,127/- വിടവ് നികത്തൽ ഫണ്ട് അനുവദിച്ചു നല്കിയിട്ടുണ്ട്. തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 29.10.2022, 05.11.2022 തീയ്യതികളിൽ എ1-12771/11 നം കത്ത് പ്രകാരം നഗരസഭാ സെക്രട്ടറി വിടവ് നികത്തൽ ഫണ്ട് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ തുകകളും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളും പരിശോധിച്ചതിൽ ആയത് പൊരുത്തപ്പെടുന്നില്ല എന്നും നഗരസഭ സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം നഗരസഭയ്ക്ക് വിടവ് നികത്തൽ ഫണ്ടിന് അർഹത ഇല്ല എന്ന് ഈ ഓഫീസിൽ നിന്നുള്ള 05.11.2022 ലെ കെ.എസ്.എ-ടി.എസ്.എം1/587/2022 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു.

നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ 2021 ലെ ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂളിൽ നഗരസഭയ്ക്ക് കിട്ടാനുള്ളതായി രേഖപ്പെടുത്തിയ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി ഇനത്തിലും അദർ റിസീവബിൾസ് എന്നിവയിലും രേഖപ്പെടുത്തിയ തുക നഗരസഭയ്ക്ക് ലഭിക്കാൻ സാധ്യതയില്ലെന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഫർഗ്ഗുസൻ & കമ്പനി സോഫ്റ്റ്‌വെയറിൽ നിന്ന് ഐ.കെ.എം ന്റെ സോഫ്റ്റ്‌വെയറിലേക്ക് മാറ്റുമ്പോൾ ഓപ്പണിംഗ് ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും ആയത് നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയുടെ കണക്കിൽ നിന്ന് ഒഴിവാക്കാനുള്ളതാണ് എന്നും അറിയിച്ചിരുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.01.2007 ലെ ജി.ഒ(എം.എസ്)8/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും തലശ്ശേരി അടക്കമുള്ള രണ്ട് നഗരസഭകളിലും പൈലറ്റ് അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും 04.02.2010 ലെ ജി.ഒ(എം.എസ്)23/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം മുഴുവൻ നഗരസഭകളിലും കോർപ്പറേഷനുകളിലും 01.04.2010 മുതൽ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള പുതിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ വാർഷിക കണക്കിലെ ന്യൂനതകൾ സംബന്ധിച്ചും ആയത് പരിഹരിക്കുന്നത് സംബന്ധിച്ചും യാതൊരു റിപ്പോർട്ടും നഗരസഭ സർക്കാരിന് സമർപ്പിക്കുകയോ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ചും നഗരസഭയ്ക്ക് ലഭിക്കാനുള്ള നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലും രേഖകളുടെയും അനുബന്ധ രജിസ്റ്ററുകളുടേയും സൂക്ഷിപ്പിലെ ന്യൂനതകൾ സംബന്ധിച്ചും ഈ ഓഫീസിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും പ്രത്യേക കത്തുകൾ മുഖാന്തിരവും നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2017-18, 2018-19 കാലയളവിൽ നഗരസഭ വികസന ഫണ്ടിൽ നിന്നും 54,50,202 രൂപ ചെലവഴിച്ച് ഊരാളുങ്കൽ

ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം ജി. ഐ. എസ് മാപ്പിംഗ് നടത്തിയിട്ടുണ്ട്. ജി. ഐ. എസ് മാപ്പിംഗുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കി നൽകിയ ഐ.പി.എം.എസ് റിപ്പോർട്ട് പ്രകാരം നഗരസഭയ്ക്ക് നികുതിയിനത്തിലും മറ്റുമായി വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭയിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയിലുള്ള വ്യത്യാസത്തിൽ 400 ഓളം കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുറവ് സംഭവിക്കുകയും വരുമാന നഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്നും, 1041 കെട്ടിടങ്ങളുടെ ജമ മാറ്റം നടത്താത്തതിനാൽ ഈയിനത്തിലും നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 1303 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ മാറ്റം വന്നിട്ടുണ്ടെന്നും വസ്തു നികുതി പുനർനിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും രേഖകളില്ലാത്തതും കെട്ടിട നമ്പറില്ലാത്തതും നികുതി നിർണ്ണയിക്കാത്തതുമായ 4179 കെട്ടിടങ്ങൾ നഗരസഭ പരിധിയിൽ ഉണ്ട് എന്നും റിപ്പോർട്ടിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് നഗരസഭ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

നഗരസഭ സമർപ്പിച്ച വാർഷിക കണക്കിൽ നഗരസഭയ്ക്ക് ലഭിക്കാൻ സാധ്യതയില്ലാത്ത തുകകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കണമെങ്കിൽ നഗരസഭയുടെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, മറ്റു വരവുകൾ എന്നിവ സംബന്ധിച്ച് നഗരസഭ സൂക്ഷിച്ചു വരുന്ന പ്രാഥമിക രേഖകൾ കാലികമാക്കി അധികൃതപ്പെടുത്തേണ്ടതുണ്ട്. എന്നാൽ നാളിതു വരെ നഗരസഭയുടെ ഭാഗത്തു നിന്നും ഇതു സംബന്ധിച്ച് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 08.12.2022 ലെ സ.ഉ 1440/2022/LBR നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലേയും പിഎസ് സിയുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ (സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ സ്ഥിരം/കരാർ/താൽക്കാലികം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ കരാർ/ താല്ക്കാലിക അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾക്ക് സർക്കാർ അനുമതി/അംഗീകാരം നല്കിയ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ കരാർ/താല്ക്കാലിക അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ നഗരസഭയ്ക്ക് അധികചെലവുണ്ടാകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ നഗരസഭ താഴെ പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ച് സർക്കാർ അനുമതിയോട് കൂടി വാർഷിക കണക്കുകൾ പരിഷ്കരിക്കേണ്ടതുണ്ട്.

1. നഗരസഭയുടെ അധീനതയിലുള്ള മുഴുവൻ കെട്ടിടങ്ങളും വസ്തു നികുതിയുടെ പരിധിയിൽ വന്നിട്ടുണ്ടെന്ന് ഉറപ്പാക്കണം.

2. ജി. ഐ എസ് മാപ്പിംഗ് നടത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി നഗരസഭയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.

3. നഗരസഭയിലെ മുഴുവൻ വ്യാപാര/വാണിജ്യ/വ്യവസായ/ഫാക്ടറി/സംരംഭ പ്രവർത്തനങ്ങൾ/മറ്റു സേവനങ്ങൾ നൽകുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

4. നഗരസഭയിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങൾ നഗരസഭയിൽ ലഭ്യമാകണം.

5.നഗരസഭയ്ക്ക് ലഭിക്കാനുള്ള മുഴുവൻ വാടകയും യഥാസമയം ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

6. നഗരസഭ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കണം. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടണം.

7. നഗരസഭ മുൻകൂർ രജിസ്റ്റർ കാലികമാക്കണം. പിരിച്ചെടുക്കാൻ ബാക്കിയുള്ള മുൻകൂറുകൾ പിരിച്ചെടുക്കണം.

8. സ്ഥിരനിക്ഷേപ കണക്ക് കാലികമാക്കണം.

**1-6 പദ്ധതി നിർവ്വഹണവും ഫണ്ട് വിനിയോഗവും**

2022-23 കാലയളവിൽ നഗരസഭയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്ത വിവരം (സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള റിപ്പോർട്ട് ) ചുവടെ കൊടുക്കുന്നു.

**നിർവ്വഹണ ഉദ്യോഗസ്ഥന്റെ അടിസ്ഥാനത്തിൽ അടങ്കലും ചെലവും കാണിക്കുന്ന പത്രിക**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 15,86,160 | 10,64,545 | 67.11 |
| 2 | മെഡിക്കൽഓഫീസർ-ആയുർവ്വേദം | 7 | 27,03,000 | 26,63,347 | 98.53 |

| | | | | | |
|---|---|---|---|---|---|
| 3 | മെഡിക്കൽഓഫീസർ-ഹോമിയോ | 7 | 6,28,500 | 6,03,666 | 96.04 |
| 4 | കൃഷിഓഫീസർ/കൃഷി ഫീൽഡ് ഓഫീസർ | 10 | 21,03,896 | 13,72,196 | 65.22 |
| 5 | സെക്രട്ടറി, മുനിസിപ്പാലിറ്റി | 30 | 6,14,87,756 | 3,19,97,590 | 52.03 |
| 6 | ഹെഡ്മാസ്റ്റർ, ഗവ. ലോവർപ്രൈമറി സ്കൂൾ | 7 | 8,46,175 | 3,27,799 | 38.73 |
| 7 | ഹെഡ്മാസ്റ്റർ, ഗവ. അപ്പർ പ്രൈമറി സ്കൂൾ | 2 | 6,10,840 | 6,03,121 | 98.73 |
| 8 | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | 8 | 27,25,000 | 16,78,811 | 61.60 |
| 9 | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 20 | 2,66,32,030 | 1,72,18,870 | 64.65 |
| 10 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 7 | 1,25,08,500 | 22,40,672 | 17.91 |
| 11 | മെഡിക്കൽഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 15 | 1,85,27,041 | 1,60,22,532 | 86.48 |
| 12 | ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 9 | 93,97,937 | 90,43,058 | 96.22 |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 1,24,76,500 | 1,14,50,480 | 91.77 |
| 14 | സൂപ്രണ്ട്, സാമൂഹ്യ ക്ഷേമ വകുപ്പ് | 2 | 63,000 | 58,614 | 93.03 |
| 15 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 12 | 31,23,506 | 26,39,379 | 84.50 |
| 16 | അസിസ്റ്റന്റ്എഞ്ചിനീയർ (ത.സ്വ.ഭ.വ) | 295 | 39,11,85,254 | 7,57,57,815 | 19.36 |
| ആകെ | | 443 | 54,66,05,095 | 17,47,42,495 | 31.97 |

| ക്രമ നം | വിഭാഗം | മേഖല | പ്രൊജക്ടിന്റെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | പൊതു വിഭാഗം | ഉല്പാദനം | 32 | 2,31,12,381 | 68,94,228 |
| | | സേവനം | 215 | 32,07,12,976 | 13,26,70,811 |
| | | പശ്ചാത്തലം | 182 | 19,44,18,409 | 3,14,18,340 |
| 2 | പട്ടികജാതി വിഭാഗം | സേവനം | 14 | 83,61,329 | 37,59,116 |
| | | പശ്ചാത്തലം | - | - | - |
| | **ആകെ** | | **443** | **54,66,05,095** | **17,47,42,495** |

**ഫണ്ട് വിനിയോഗം**

| ക്രമ നം | ഫണ്ട് | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പൊതു ആവശ്യ ഗ്രാന്റ് | 6,16,37,127 | 6,16,37,127 | 100 |
| 2 | വികസനഫണ്ട് (ജനറൽ) | 7,60,16,340 | 5,99,83,782 | 78.90 |

| | | | | |
|---|---|---|---|---|
| 3 | വികസനഫണ്ട് (എസ്.സി.പി) | 64,83,221 | 36,52,448 | 56.33 |
| 4 | വികസനഫണ്ട് (ടി.എസ്.പി) | 3,60,533 | - | - |
| 5 | വികസനഫണ്ട്(സി.എഫ്.സി അൺടൈഡ്) | 1,89,35,302 | 1,17,01,664 | 61.79 |
| 6 | വികസനഫണ്ട് (സി.എഫ്.സി ടൈഡ്) | 4,73,08,622 | 5,37,08,207 | |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 4,99,96,000 | 1,35,05,752 | 27.01 |
| 8 | സംരക്ഷണഗ്രാന്റ് (റോഡിതരം) | 3,00,92,000 | 2,63,59,675 | 87.59 |

(അവലംബം : സാംഖ്യ വെബ്)

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2023, 31.05.2023, 30.06.2023, 31.07.2023, 26.08.2023, 27.09.2023 തീയ്യതികളിൽ ഉത്തരവാദപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയ്യതികളിലെ ക്യാഷ് ബാലൻസ് പരിശോധനകളിൽ വരവിന്റെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ക്യാഷ് ബാലൻസ് പരിശോധനയിൽ മറ്റ് അപാകതകളൊന്നും കണ്ടെത്തിയിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.15 മുതൽ 07.08.15 വരെ | 2014-15 | 14.03.2016 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 01.11.2019 മുതൽ 26.11.2019 വരെ | 2017-18 2018-19 | 13.01.2020 |

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണം വിശകലനം ചെയ്യപ്പോൾ നഗരസഭയിൽ നിലവിലുള്ള സംവിധാനം കുറച്ച് കൂടി മെച്ചപ്പെടുത്തേണ്ടതാണ് എന്ന് ബോധ്യപ്പെടുന്നു. നഗരസഭയിലെ ആഭ്യന്തര നിയന്ത്രണത്തെ കുറിച്ചുള്ള അഭിപ്രായം താഴെ കൊടുക്കുന്നു.

**1. ജീവനക്കാര്യം**

നഗരസഭയിൽ അക്കൗണ്ട്സ്, റവന്യൂ, ഹെൽത്ത്, ജനറൽ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നിങ്ങനെ വിവിധ സെക്ഷനുകളിലായി ഏകദേശം 103 റഗുലർ ജീവനക്കാരും 152 കണ്ടിജന്റ് ജീവനക്കാരും ജോലി ചെയ്തു വരുന്നു. ജോലി വിഭജനരേഖ പ്രകാരം നഗരസഭയുടെ സെക്രട്ടറിയിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും ഓരോ ഉദ്യോഗസ്ഥർക്കും വിഭജിച്ചു നല്കിയിട്ടുണ്ട്. ഓരോ വിഭാഗത്തിലെയും എല്ലാ ജീവനക്കാരുടേയും പ്രവർത്തനങ്ങളുടെ മേൽനോട്ട, നിയന്ത്രണ, ചുമതലകൾ അതാത് വിഭാഗം സൂപ്രണ്ടുമാർക്കും റവന്യൂ ഓഫീസർമാർക്കും വിഭജിച്ച് നല്കിയിട്ടുണ്ട്. ഓരോ വിഭാഗത്തിലെയും സൂപ്രണ്ട്മാർക്കും റവന്യൂ ഓഫീസർമാർക്കും പ്രത്യേകം പ്രത്യേകം ചുമതലകൾ ഏൽപിച്ചു നല്കിയിട്ടുണ്ട്. നഗരസഭയിലെ ജീവനക്കാരുടെ കാര്യാലയതലയോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ടോ എന്നതിന് വ്യക്തമായ രേഖകളില്ലാത്തതിനാൽ പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് നല്ല ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം നഗരസഭയിൽ ഉണ്ട്. സാമ്പത്തിക വർഷാവസാനങ്ങളിൽ കൂടുതൽ കൗണ്ടറുകൾ രൂപീകരിച്ചും ക്യാംപ് സൗകര്യം ഒരുക്കിയും നികുതി പിരിവുകൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

**2. കണക്കുകളുടെ സൂക്ഷിപ്പ്**

നഗരസഭയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും അംഗീകാരത്തോടെ സമർപ്പിക്കുന്ന വാർഷിക കണക്കുകൾ നഗരസഭയുടെ ശരിയായ കണക്കുകൾ പ്രതിഫലിപ്പിക്കുന്നില്ല. വാർഷിക കണക്കിലെ ന്യൂനതകൾ സംബന്ധിച്ചും ആയത് പരിഹരിക്കുന്നത് സംബന്ധിച്ചും യാതൊരു റിപ്പോർട്ടും നഗരസഭ സർക്കാരിന് സമർപ്പിക്കുകയോ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.01.2007 ലെ ജി.ഒ(എം.എസ്)8/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും തലശ്ശേരി അടക്കമുള്ള രണ്ട് നഗരസഭകളിലും പൈലറ്റ് അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും 04.02.2010 ലെ ജി.ഒ(എം.എസ്)23/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം മുഴുവൻ നഗരസഭകളിലും കോർപ്പറേഷനുകളിലും 01.04.2010 മുതൽ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള പുതിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്ന വേളയിലുള്ള അക്കൗണ്ടിലെ പൊരുത്തക്കേടുകൾ നാളിതുവരെയായും പരിഹരിക്കപ്പെടുകയോ അതിനു വേണ്ടി സർക്കാർ തലത്തിൽ പരിഹാരം കാണുന്നതിനുള്ള നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തുകയോ ചെയ്തിട്ടില്ല.

നഗരസഭയുടെ ബാലൻസ് ഷീറ്റിൽ B-15ഷെഡ്യൂളിൽ നഗരസഭയ്ക്ക് കിട്ടാനുള്ളതായി രേഖപ്പെടുത്തിയ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി ഇനത്തിലും അദർ റിസീവബിൾസ് എന്നിവയിൽ രേഖപ്പെടുത്തിയ തുകയും നഗരസഭയ്ക്ക് ലഭിക്കാൻ സാധ്യതയില്ലെന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഫർഗ്ഗുസൻ & കമ്പനി സോഫ്റ്റ്‌വെയറിൽ നിന്ന് ഐ.കെ.എം ന്റെ സോഫ്റ്റ്‌വെയറിലേക്ക് മാറ്റുമ്പോൾ ഓപ്പണിംഗ് ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നും നഗരസഭയുടെ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ നഗരസഭയുടെ കണക്കുകൾ ശരിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കുന്ന കണക്കുകളും നഗരസഭയുടെ യഥാർത്ഥ കണക്കുകളും തമ്മിലുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും സമർപ്പിക്കുന്ന വാർഷിക കണക്കുകളിലെ അപാകതയായും ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും ആയത് പരിഹരിക്കപ്പെടുന്നില്ല.

**3. ബാങ്ക് അക്കൗണ്ട്/പണം- കൈകാര്യം ചെയ്യൽ**

വിവിധ ഇനങ്ങളിലായി നഗരസഭ പിരിച്ച പണം തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ ഒടുക്കുന്നുണ്ട്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എല്ലാ മാസവും പൊരുത്തപ്പെടുത്തുന്നതായി കാണുന്നില്ല. തനതു ഫണ്ടിന്റെ കണക്കുകൾ മാത്രമാണ് പ്രതിമാസം പൊരുത്തപ്പെടുത്തുന്നതായി കാണുന്നത്. ഇടപാടുകൾ നടത്താതെ ക്ലോസ് ചെയ്ത അക്കൗണ്ടുകളും വാർഷിക കണക്കുകളിൽ നിലനില്ക്കുന്നതായി കാണുന്നു. നഗരസഭയിലെ ബിൽ കലക്ടർമാർ നടത്തുന്ന പിരിവിന്റെ കണക്കുകൾ ആർ.ഐ./സൂപ്രണ്ട് പരിശോധിക്കുന്നുണ്ട്. ചെക്ക്/ഡ്രാഫ്റ്റ് പണമാക്കി മാറ്റിയതിന്റെ കൃത്യമായ വിവരം ലഭ്യമാകുന്നില്ല. ചെക്കുകൾ പണമാക്കി മാറ്റിയതിന്റെയും മുനിസിപ്പൽ ഫണ്ടിൽ വരവു വെച്ചതിന്റെയും തീയ്യതികൾ ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

**4. പിരിവ്**

ഔട്ട് ഡോർ കളക്ഷൻ മുഖേനയും ഫ്രണ്ട് ഓഫീസ് കളക്ഷൻ മുഖേനയും ബിൽ കളക്ടർമാർക്ക് ഏൽപിച്ചു കൊടുത്തിട്ടുള്ള നികുതി പിരിവ് സെക്ഷൻ സൂപ്രണ്ടുമാർ പരിശോധിക്കുകയും ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയും പരിശോധനയിൽ കണ്ടിട്ടുള്ള അപാകതകൾ ഓഡിറ്റ് അന്വേഷണങ്ങളായും കത്ത് മുഖാന്തിരവും നഗരസഭയെ അറിയിക്കുകയും ആയത് പരിഹരിക്കുകയും ചെയ്തു വരുന്നുണ്ട്. നഗരസഭയ്ക്ക് വിവിധ ഇനങ്ങളിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിൽ നഗരസഭ പൂർണ്ണമായും വിജയിച്ചിട്ടില്ല.

വിവിധ ഇനങ്ങളിലായി നഗരസഭയ്ക്ക് ഭീമമായ തുക ലഭിക്കുവാൻ ബാക്കിയുണ്ട്. മുൻകൂറുകൾ ക്രമീകരിക്കുന്നതിലും നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. 1969-70 കാലയളവ് മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപങ്ങൾ വർഷങ്ങളായി പുതുക്കാതെയും പണമാക്കാതെയും നഗരസഭയുടെ കൈവശം നിൽക്കുന്നുണ്ട്. നഗരസഭ വാടകയ്ക്ക് നല്കിയ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

**5. നികുതി/ നികുതിയേതര വരവുകൾ**

വിവിധ ഇനങ്ങളിലായി നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ ശരിയായ രീതിയിൽ ഡിമാന്റ് ചെയ്യുന്നതിൽ നഗരസഭ വിജയിച്ചിട്ടില്ല. രേഖകൾ പരിശോധിക്കുമ്പോൾ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കാത്ത വളരെ അധികം കെട്ടിടങ്ങൾ നഗരസഭയിലുണ്ട് എന്ന് കാണുന്നു. 2017-18, 2018-19 കാലയളവിൽ നഗരസഭ വികസന ഫണ്ടിൽ നിന്നും 54,50,202 രൂപ ചെലവഴിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിംഗ് നടത്തിയിട്ടുണ്ട്. ജി.ഐ.എസ് മാപ്പിംഗുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കി നൽകിയ ഐ.പി.എം.എസ് റിപ്പോർട്ട് പ്രകാരം നഗരസഭയ്ക്ക് നികുതിയിനത്തിലും മറ്റുമായി വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭയിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയിലുള്ള വ്യത്യാസത്തിൽ 400 ഓളം കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുറവ് സംഭവിക്കുകയും വരുമാന നഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്നും, 1041 കെട്ടിടങ്ങളുടെ ജമമാറ്റം നടത്താത്തതിനാൽ ഈയിനത്തിലും നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 1303 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്താത്തതിനാലും വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാലും വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും രേഖകളില്ലാത്തതും കെട്ടിട നമ്പറില്ലാത്തതും നികുതി നിർണ്ണയിക്കാത്തതുമായ 4179 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്താത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നു എന്നും റിപ്പോർട്ടിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് നഗരസഭ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

ലൈസൻസില്ലാതെ/ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും നഗരസഭ പരിധിയിലുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചമല്ലാതിരുന്നിട്ടും എല്ലാ നികുതി/നികുതിയേതര വരവുകളും ഡിമാന്റ് ചെയ്യുവാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല. നികുതിയിനങ്ങളിലെ കുടിശ്ശികയും ഡിമാന്റ് ചെയ്യുന്നതിലെ അപാകങ്ങളും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നുണ്ടെങ്കിലും ആയത് പരിഹരിക്കപ്പെട്ടിട്ടില്ല.

നഗരസഭയിലെ വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂട്ടിയ സ്ഥാപനങ്ങൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ വ്യാപാരികളും ലൈസൻസ് എടുക്കുന്നില്ല. ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ല.

ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷങ്ങളിലും അടവാക്കേണ്ട തൊഴിൽ നികുതി അടക്കുന്നില്ല. തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ ഉത്തരവിൽ സ്വന്തമായി ജോലി ചെയ്യുന്നവരിൽ നിന്നും പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് പിരിച്ചെടുക്കണം എന്ന നിബന്ധന വയ്ക്കുന്നുണ്ടെങ്കിലും ടി വിഭാഗങ്ങളിൽ നിന്നും നാമമാത്രമായ പിരിവ് മാത്രമേ നഗരസഭ ഈടാക്കുന്നുള്ളൂ. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ അലംഭാവം കാട്ടുന്നു.

**6. സേവനപുസ്തകങ്ങളുടെ സൂക്ഷിപ്പും തുടർനടപടികളും**

നഗരസഭയിലെ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകങ്ങൾ നഗരസഭ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ശമ്പള പരിഷ്കരണം, പ്രമോഷൻ തുടങ്ങിയവ പ്രകാരം ശമ്പളം നിജപ്പെടുത്തിയതിന് അതാത് സമയങ്ങളിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. തെറ്റായ ശമ്പള നിർണ്ണയങ്ങൾ വഴി ജീവനക്കാരന് അധിക ശമ്പളം നൽകുവാനും വലിയ ബാദ്ധ്യത ഉണ്ടാകുവാനും ഇടയാക്കുന്നുണ്ട്. ജീവനക്കാർ വിരമിക്കുന്ന വേളയിലോ വിരമിച്ച് കഴിഞ്ഞോ സേവന പുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു കാരണം പരിശോധനാ സമയത്ത് കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് മാസങ്ങളോളം സമയമെടുക്കുന്നതായും അതുമൂലം ജീവനക്കാരന് യഥാസമയം കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായും കാണുന്നു. ഈ വിഷയം പലപ്പോഴായി നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

**7. ആസ്തികൾ**

തദ്ദേശ സ്വയം ഭരണ (ഡിബി) വകുപ്പിന്റെ 06.08.2012 ലെ സ.ഉ.(കൈ) നം.212/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രവൃത്തികൾ നടത്തുന്നതിനനുസരിച്ച് അപ്ഡേഷനുകൾ നടക്കുന്നില്ല. ഉദാ:- പൂവൻതോട് നവീകരണം എന്ന പ്രവൃത്തി എല്ലാ വർഷവും പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് നടത്തുന്നുണ്ടെങ്കിലും ആയത് ആസ്തി രജിസ്റ്ററിൽ യഥാസമയം അപ്ഡേഷൻ നടത്തുന്നില്ല. ആർജ്ജിച്ച ആസ്തികളുടെ മൂല്യം രേഖപ്പെടുത്തുകയോ വർഷാവർഷം അപ്ഡേഷനുകൾ നടത്തുകയോ ആസ്തികളുടെ യഥാർത്ഥ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയത് കൊണ്ട് തന്നെ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന്റെ യഥാർത്ഥ കണക്ക് നഗരസഭയിൽ ലഭ്യമല്ല.

**1-10 വാർഡ് സഭ**

2015 ലെ കേരള മുനിസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭ യോഗം വിളിച്ചു കൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ വാർഡുകൾ 2022-23 സാമ്പത്തിക വർഷം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. തൻവർഷം വാർഡ് സഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. കൃത്യമായ ഇടവേളകളിൽ വാർഡ് സഭാ യോഗം ചേരുന്നതിന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-11 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല**

നഗരസഭ തയ്യാറാക്കി സൂക്ഷിച്ച മുൻകൂർ രജിസ്റ്റർ പ്രകാരം 31.03.2023 ന് 1969-70 സാമ്പത്തിക വർഷം മുതൽ അനുവദിച്ച താഴെ പട്ടികയിൽ കാണിച്ച 38,42,947.79 രൂപയുടെ മുൻകൂറുകൾ പിരിച്ചെടുക്കാൻ/ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട് എന്ന് കാണുന്നു. എന്നാൽ നഗരസഭ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ) 6,97,70,286/- രൂപയുടെ മുൻകൂറുകൾ പിരിച്ചെടുക്കാൻ/ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട് എന്ന് കാണുന്നു. നഗരസഭ തയ്യാറാക്കി സൂക്ഷിച്ച മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടാത്തത് കാരണം തിരികെ ലഭിക്കാത്ത മുൻകൂറുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| വർഷം | തുക |
|---|---|
| 1969-70 | 14,159.67 |
| 1970-71 | 1,043.17 |
| 1971-72 | 17,452.92 |
| 1972-73 | 15,719.29 |
| 1973-74 | 31,289.50 |
| 1974-75 | 3,724.00 |
| 1975-76 | 19,857.00 |
| 1976-77 | 43,967.77 |
| 1977-78 | 49,886.73 |
| 1978-79 | 70,672.00 |
| 1979-80 | 32,771.32 |
| 1980-81 | 1,66,920.88 |
| 1981-82 | 33,448.64 |
| 1982-83 | 2,201.76 |
| 1983-84 | 24,578.75 |
| 1984-85 | 75,429.15 |
| 1985-86 | 28,171.46 |
| 1986-87 | 44,952.00 |
| 1987-88 | 19,535.80 |
| 1988-89 | 14,870.00 |
| 1989-90 | 62,965.00 |
| 1990-91 | 70,075.68 |
| 1991-92 | 28,109.30 |
| 1992-93 | 4,068.00 |
| 1993-94 | 80720.00 |
| 1994-95 | 1,70,645.00 |
| 1995-96 | 0 |

| | |
|---|---|
| 1996-97 | 22,826.00 |
| 1997-98 | 0 |
| 1998-99 | 21,250.00 |
| 1999-00 | 1,38,532.00 |
| 2000-01 | 34,458.00 |
| 2001-02 | 1,58,581.00 |
| 2002-03 | 3,640.00 |
| 2003-04 | 13,250.00 |
| 2004-05 | 0 |
| 2005-06 | 1,77,000.00 |
| 2006-07 | 0 |
| 2007-08 | 4,94,500.00 |
| 2008-09 | 2,36,115.00 |
| 2009-10 | 1,000.00 |
| 2010-11 | 0 |
| 2011-12 | 95,178.00 |
| 2012-13 | 5,68,960.00 |
| 2013-14 | 2,42,647.00 |
| 2014-15 | 4,000.00 |
| 2015-16 | 68,000.00 |
| 2016-17 | 54,550.00(*) |
| 2017-18 | 91,726.00 |
| 2018-19 | 40,000.00 |
| 2019-20 | 0 |
| 2020-21 | 1,500.00 |
| 2021-22 | 0 |
| 2022-23 | 2,48,000 |
| Total | 38,42,947.79 |

മുൻകൂറുകൾ ക്രമീകരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(*) 2016-17 സാമ്പത്തിക വർഷം മുൻകൂർ രജിസ്റ്ററിൽ 26.07.2016 ൽ പി. ഷാജി എന്നവരുടെ മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്ററിലെ വിവരങ്ങളും കൃത്യമാക്കേണ്ടതും ബന്ധപ്പെട്ട അധികൃതർ രജിസ്റ്ററിലെ ആധികാരികത ഉറപ്പു വരുത്തേണ്ടതുമാണ്.

**1-12 മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നതിലും രേഖപെടുത്തലുകൾ നടത്തുന്നതിലും വീഴ്ച**

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചപ്പോൾ നഗരസഭ മുൻകൂർ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിന് ജാഗ്രത പുലർത്തുന്നില്ല എന്ന് കാണുന്നു. 2022-23 ലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. മുൻകൂർ അനുവദിച്ചത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

വിവിധ വ്യക്തികൾക്ക് 2022-23 കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി 15 വൗച്ചറുകളിലായി 4,29,000/- രൂപയുടെ മുൻകൂർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 8 വൗച്ചറുകളിലായി അനുവദിച്ച 2,76,000/- രൂപയുടെ മുൻകൂർ മാത്രമേ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 7 വൗച്ചറുകളിലായി അനുവദിച്ച 1,53,000/- രൂപയുടെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ക്രമീകരിക്കുകയും ചെയ്യാത്ത പക്ഷം തുക നഷ്ടപ്പെട്ടതായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

2. നഗരസഭ അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുന്ന വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് വീഴ്ച വരുത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

(എ) വൗച്ചർ നം.184/ തീയതി:20.05.22 പ്രകാരം ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ശ്രീ.പ്രമോദ്.കെ (ഹെൽത്ത് സൂപ്പർവൈസർ) ന് അനുവദിച്ച 10,000/- മുൻകൂർ തുകയിൽ ചെലവ് കഴിച്ച ബാക്കി തുക 18.05.23 ന് നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും (ഫയൽ നം.എച്ച്.3/15319/22) ആയത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
(ബി) വൗച്ചർ നം.807/ തീയതി:22.11.22 പ്രകാരം കേരളോത്സവം സംഘടിപ്പിക്കുന്നതിന് ശ്രീ.അമൽദേവ്, സീനിയർ ക്ലർക്കിന് അനുവദിച്ച മുൻകൂർ ആയ 50,000 രൂപ പ്രോജക്ട് നം. 159/22-23 ന്റെ ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. (ഫയൽ നം.ജി.2/29587/22) എന്നാൽ ഇത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
(സി) വൗച്ചർ നം. 711/തീയതി 26.10.22 പ്രകാരം അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് ശ്രീമതി. മിൽന, ഓവർസീയർക്ക് അനുവദിച്ച മുൻകൂർ തുകയായ 6,000/- രൂപ 14.11.22 ന് നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെങ്കിലും (ഫയൽ നം. ഇ.3/19292/22) ആയത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
(ഡി) എം.ജി റോഡിലുള്ള മരത്തിന്റെ ശാഖകൾ മുറിച്ച് മാറ്റുന്നതിന് ശ്രീ.സനൽകുമാർ യു.കെ (ഹെൽത്ത് ഇൻസ്പെക്ടർ) ക്ക് വൗച്ചർ നം.368 തീയതി 23.07.22 പ്രകാരം അനുവദിച്ച മുൻകൂർ തുകയായ 45,000/- രൂപ (40,000/-രൂപ എന്ന് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി) ചെലവഴിച്ചിട്ടുണ്ട് എന്ന് ഫയൽ നം.എച്ച്.4/21707/21 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻകൂർ രജിസ്റ്ററിൽ ചെലവ് ക്രമീകരിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.
(ഇ) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വൗച്ചർ നം. 953/തീയതി: 05.01.23 പ്രകാരം ശ്രീ.മഹേഷ് കുമാർ. പി ക്ക് അനുവദിച്ച മുൻകൂർ തുകയായ 70,000/- യുടെ ചെലവ് നടന്നതായി ഫയൽ നം. പി.1/19825/23 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻകൂർ രജിസ്റ്ററിൽ തുക അനുവദിച്ചതിന്റെയും ക്രമീകരിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
(1) (2) പരാമർശിച്ച വിഷയങ്ങളിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13 ഡെപ്പോസിറ്റുകൾ

നഗരസഭ ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ പ്രകാരം) 31.03.2023 ന് 22,04,26,436.00 രൂപ ഡെപ്പോസിറ്റിനത്തിൽ നഗരസഭ തിരികെ നൽകാനുണ്ട്. എന്നാൽ ഡെപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങളും കൃത്യമായ രേഖകളും നഗരസഭയിൽ ലഭ്യമല്ല. ഇതു കൊണ്ട് തന്നെ തിരികെ നൽകുവാനുള്ള ഡെപ്പോസിറ്റുകളുടെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

### 1-14 ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും പരിപാലനത്തിനുമായി കാലാകാലങ്ങളിലായി സർക്കാർ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററുകളിലെ വിവരങ്ങൾ ആധികാരികമല്ല.

സചിത്ര സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികൾ നഗരസഭയ്ക്ക് കൈവന്ന തീയതികൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. 2019 നു ശേഷം കൈവന്ന ആസ്തികളുടെ വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ആസ്തികളുടെ നിർമ്മാണ വർഷം 110, 119, 120 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ്, സ്ഥിതി ചെയ്യുന്ന സ്ഥലം/വാർഡ് നമ്പർ, അക്വിസിഷൻ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ നിർമ്മാണച്ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജലസേചന പദ്ധതികൾ ഖരമാലിന്യ സംസ്കരണ പദ്ധതികൾ എന്നിവയുടെ സ്ഥിതി ചെയ്യുന്ന സ്ഥലം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഖരമാലിന്യ സംസ്കരണത്തിന്റെ തരവും രജിസ്റ്ററിൽ ലഭ്യമല്ല. നഗരസഭയുടെ കൈവശമുള്ള മൂവബിൾ അസറ്റിന്റെ എണ്ണവും തരവും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കൈവശമുള്ള ഭൂമി, റോഡുകൾ എന്നിവയുടെയും കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. ആസ്തികളുടെ പരിപാലനത്തിനും, സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് കുറ്റമറ്റതാവണമെങ്കിൽ ആസ്തികളുടെ കൃത്യമായ വിവരം ആവശ്യമാണ്. ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിലാണ് ആസ്തികളുടെ സംരക്ഷണത്തിനു ഫണ്ട് ലഭ്യമാവേണ്ടത്. ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 06.08.12 ലെ സ.ഉ(കൈ)നം.212/2012/ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശ പ്രകാരം സാംഖ്യ, സുലേഖ, സൂചിക തുടങ്ങിയ സോഫ്റ്റ്‌വെയറുകളുമായി ഏകോപിപ്പിച്ചായിരിക്കണം സചിത്ര പ്രവർത്തിക്കേണ്ടതെന്നും ഇതു വഴി രജിസ്റ്ററുകൾ തൽസമയം പുതുക്കപ്പെടുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ടി സോഫ്റ്റ്‌വെയറുകളുടെ ഏകോപനം നടന്നിട്ടില്ല എന്നാണ് ആസ്തി രജിസ്റ്ററുകളുടെ പരിശോധനയിൽ വ്യക്തമാവുന്നത്.

ആസ്തി രജിസ്റ്ററുകൾ കാലികമാക്കാത്തത് സംബന്ധിച്ചും ശരിയായ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ചും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിലും തൽസ്ഥിതി തുടരുന്നതായാണ് പരിശോധനയിൽ വ്യക്തമാവുന്നത്.

സർക്കാർ ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തി രജിസ്റ്ററുകൾ കാലികമാക്കേണ്ടതും സോഫ്റ്റ്‌വെയറുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

### 1-15 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗര ദാരിദ്ര്യ ലഘൂകരണത്തിനായി കേരള സർക്കാർ പദ്ധതി ചെലവ് പൂർണ്ണമായും വഹിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുക, നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

1. ആസൂത്രണം

| വർഷം | ലേബർ ബജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 2022-23 | 2,20,688 | 36,061 | 6,42,20,208 | 98,99,496 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും നഗരസഭ ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന് തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 3.11.2017 ലെ സ.ഉ.(കൈ)216/2017/തസ്വഭവ നമ്പർ ആയി പുറപ്പെടുവിച്ച അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭ കൗൺസിലിന്റെ 24.02.2022 തീയ്യതിയിലെ 51-ാം നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തേക്കുള്ള 10,12,83,520 രൂപയുടെ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ 23.03.2022 തീയ്യതിയിലെ 25/2021/DPC/DPO/KNR നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകാരം നൽകിയ വാർഷിക കർമ്മപദ്ധതിയിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 24.11.2022 തീയ്യതിയിലെ 25-ാം സംസ്ഥാന തൊഴിലുറപ്പ് കമ്മീഷന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2022-23ന്റെ വാർഷിക കർമ്മപദ്ധതി 2021 ഡിസംബർ 31ന് മുമ്പ് തയ്യാറാക്കി അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ 2022 നവംബർ മാസത്തോടെയാണ് 2022-23 വാർഷിക കർമ്മപദ്ധതി അംഗീകരിച്ചിട്ടുള്ളത്. ഇതിൽനിന്നും പദ്ധതി ആസൂത്രണവും വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്ന നടപടിക്രമങ്ങളും നഗരസഭ പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ലേബർ ബഡ്ജറ്റ് പ്രകാരം 220688 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതായിരുന്നുവെങ്കിലും 36061

തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ലേബർ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത ചെലവിന്റെ 15.41% മാത്രമാണ് യഥാർത്ഥ ചെലവ്. പദ്ധതി ആസൂത്രണത്തിൽ വ്യക്തമായ പാളിച്ചകൾ ഉണ്ടായിട്ടുണ്ടെന്ന് ഇതിൽ നിന്നും വിലയിരുത്തുന്നു.

2. രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും തൊഴിൽ നൽകലും

നഗരസഭയിൽ 31.03.2023 വരെ 138 വ്യക്തികൾ മാത്രമാണ് ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 378 വ്യക്തികൾക്കും തൊഴിൽ നല്കിയിട്ടുണ്ട്. ആകെ 128 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുണ്ട്.

3. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തലശ്ശേരി നഗരസഭ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നുണ്ട്.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|
| 1. | മസ്റ്റർ റോൾ വിതരണ രജിസ്റ്റർ |
| 2. | മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ |
| 3. | തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്റർ |
| 4. | തൊഴിൽ കാർഡ് രജിസ്റ്റർ |
| 5. | തൊഴിൽ രജിസ്റ്റർ |
| 6. | പ്രവൃത്തി രജിസ്റ്റർ |
| 7. | ആസ്തി രജിസ്റ്റർ |
| 8. | പരാതി രജിസ്റ്റർ |
| 9 | പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കാൻ രജിസ്റ്റർ |

4. പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും (മോണിറ്ററിംഗ്)

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ പ്രവൃത്തി നടക്കുമ്പോഴും അതാത് സ്ഥല നിവാസികൾ, കൗൺസിലർ എന്നിവർ പ്രവൃത്തി വിലയിരുത്തുകയും അവരുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വാർഡ് സഭ മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചും ഏറ്റെടുക്കാവുന്ന പ്രവൃത്തികളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിൽ സമയക്രമം പാലിച്ചു വരുന്നുണ്ട്.

5. വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തെ വരവു ചെലവു കണക്കുകളുടെ സംക്ഷിപ്തം 24.05.2023 തീയ്യതിയിൽ പൊതുജനങ്ങൾ കാണത്തക്കവിധം നഗരസഭ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

6. പൗരാവകാശ രേഖ

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും പദ്ധതിയുടെ സവിശേഷതകളും തൊഴിലാളികളുടെ അവകാശവും ഉൾക്കൊള്ളുന്ന പൗരാവകാശ രേഖ 07.02.2022 തീയ്യതിയിൽ നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7. സോഷ്യൽ ഓഡിറ്റ്

തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ സുതാര്യത പരിശോധിക്കാനുള്ള ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. ഒരു പൊതു സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ ഒരു ഗവൺമെന്റ് പദ്ധതിയുടെ നടത്തിപ്പിലൂടെ അതിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ എത്രത്തോളം സാധിച്ചു, അതിലൂടെയുണ്ടായ സാമൂഹ്യനേട്ടം എന്താണ് എന്നിവയെ പറ്റിയുള്ള ആഴത്തിലുള്ള ജനകീയ അന്വേഷണവും കണക്കെടുപ്പും പരിശോധനയും വിലയിരുത്തലും ആണ് സോഷ്യൽ ഓഡിറ്റ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട 2020-21, 2021-22 വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.

8. ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ്

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തിയിട്ടുള്ളതും 08.08.2023 തീയ്യതിയിൽ ആയതിന്റെ റിപ്പോർട്ട് നഗരസഭാ സെക്രട്ടറിക്ക് നൽകിയിട്ടുള്ളതുമാണ്.

9. ആസ്തികൾ

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 കാലയളവിൽ സൃഷ്ടിച്ച ആസ്തികളുടെ എണ്ണവും മൂല്യവും താഴെ കൊടുക്കുന്നു.

| 2022-23 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം |
|---|---|
| 110 | 9899496 |

**1-16 ദുരിതാശ്വാസനിധി**

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ദുരിതാശ്വാസനിധി സംബന്ധിച്ച വിവരം നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2022-23 വർഷത്തെ ദുരിതാശ്വാസനിധി കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 12,84,217.35 |
| വരവ് (പണമാകാത്ത ചെക്കുകൾ റദ്ദ് ചെയ്തത് തിരികെ വരവ് വച്ച തുകയും സംഭാവനയും ബാങ്ക് പലിശയും ഉൾപ്പെടെ) | 74,277 |
| ആകെ വരവ് | 13,06,567.35 |
| ചെലവ് | 90,500 |
| നീക്കിയിരിപ്പ് | 13,07,994.35 |

| പൊരുത്തപ്പെടുത്തൽ | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 13,07,994.35 |
| (+)പണമാക്കാത്ത ചെക്കുകൾ | 3,000 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 13,10,994.35 |

**1-17 വസ്തു നികുതി കുടിശ്ശികയായി 31-03-2023 ന് പിരിച്ചെടുക്കാൻ ബാക്കി നില്ക്കുന്നത് 6,52,68,973/-**

സഞ്ചയ പ്രകാരമുള്ള റിപ്പോർട്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷാവസാനം നഗരസഭയിൽ പിരിച്ചെടുക്കാൻ ബാക്കി നില്ക്കുന്ന വസ്തു നികുതി 6,52,68,973/- രൂപയാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിലനില്ക്കുന്ന നഗരസഭയിൽ നികുതി സ്രോതസ്സിൽ ഒരിനമായ വസ്തു നികുതിയിൽ മാത്രം ആറ് കോടിയിൽ പരം രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കുന്നു. നഗരസഭയിൽ പിരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശികയുടെ വാർഡ് അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് നം. | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1 | 16,82,602 | 8,42,798 | 2,533 | 8,42,337 |
| 2 | 11,52,669 | 6,75,660 | 7,600 | 4,84,609 |

| | | | | |
|---|---|---|---|---|
| 3 | 8,11,076 | 5,81,370 | 1,656 | 2,31,362 |
| 4 | 8,40,615 | 4,63,762 | 33 | 3,76,886 |
| 5 | 4,94,568 | 3,28,287 | 4,297 | 1,70,578 |
| 6 | 4,78,165 | 3,47,043 | 1 | 1,31,123 |
| 7 | 10,93,372 | 8,38,614 | 1,311 | 2,56,069 |
| 8 | 15,13,959 | 12,39,260 | 1,885 | 2,76,584 |
| 9 | 11,12,152 | 8,97,857 | 11,515 | 2,25,810 |
| 10 | 33,28,172 | 17,16,294 | 134 | 16,12,012 |
| 11 | 17,98,645 | 12,28,417 | 1 | 5,70,229 |
| 12 | 50,35,441 | 24,39,199 | 47,395 | 26,43,637 |
| 13 | 16,27,015 | 7,17,473 | 5,959 | 9,15,501 |
| 14 | 18,46,048 | 12,59,392 | 31 | 5,86,687 |
| 15 | 9,84,623 | 6,85,913 | 1,665 | 3,00,375 |
| 16 | 9,52,839 | 5,02,808 | 1,684 | 4,51,715 |
| 17 | 99,51,503 | 54,57,611 | 12,810 | 45,06,702 |
| 18 | 6,04,410 | 4,94,094 | 3,923 | 1,14,239 |
| 19 | 9,64,537 | 6,91,355 | 2,373 | 2,75,555 |
| 20 | 4,22,762 | 3,01,883 | 3,925 | 1,24,804 |
| 21 | 3,44,780 | 2,44,185 | 340 | 1,00,935 |
| 22 | 5,43,330 | 3,89,225 | 293 | 1,54,398 |
| 23 | 7,74,180 | 5,45,354 | 1,111 | 2,29,937 |
| 24 | 11,54,998 | 9,10,113 | 2,427 | 2,47,312 |
| 25 | 8,83,861 | 6,57,340 | 16 | 2,26,537 |
| 26 | 7,39,405 | 4,81,413 | 2,276 | 2,60,268 |
| 27 | 3,74,254 | 2,29,821 | 38 | 1,44,471 |
| 28 | 8,18,110 | 5,35,067 | 990 | 2,84,033 |
| 29 | 7,84,531 | 5,51,043 | 214 | 2,33,702 |
| 30 | 8,24,500 | 4,96,098 | 1,710 | 3,30,112 |
| 31 | 7,69,872 | 4,72,593 | 1,425 | 2,98,704 |
| 32 | 5,43,467 | 3,85,296 | 71 | 1,58,242 |
| 33 | 4,55,503 | 2,53,118 | 72 | 2,02,457 |
| 34 | 11,62,429 | 2,36,649 | 2 | 9,25,782 |
| 35 | 4,77,886 | 2,68,823 | 11 | 2,09,074 |
| 36 | 6,49,061 | 4,94,039 | 1,509 | 1,56,531 |
| 37 | 10,69,132 | 3,00,260 | 303 | 7,69,175 |
| 38 | 15,86,311 | 11,72,571 | 466 | 4,14,206 |
| 39 | 12,90,735 | 7,08,387 | 6,690 | 5,89,038 |
| 40 | 18,36,754 | 10,29,411 | 114 | 8,07,457 |
| 41 | 4,23,747 | 2,07,526 | 83 | 2,16,304 |
| 42 | 5,04,898 | 3,57,343 | 40 | 1,47,595 |
| 43 | 18,20,136 | 8,75,809 | 1,015 | 9,45,342 |
| 44 | 22,51,830 | 10,95,352 | 11,040 | 11,67,518 |
| 45 | 4,05,03,673 | 1,94,42,418 | 2,88,946 | 2,13,50,201 |
| 46 | 2,40,002 | 1,21,292 | 847 | 1,19,557 |

| | | | | |
|---|---|---|---|---|
| 47 | 1,06,51,464 | 60,94,177 | 28,944 | 45,86,231 |
| 48 | 1,33,53,745 | 43,56,851 | 2,321 | 89,99,215 |
| 49 | 33,81,516 | 13,13,460 | 12,685 | 20,80,741 |
| 50 | 32,59,334 | 19,01,746 | 2,505 | 13,60,093 |
| 51 | 36,97,090 | 20,61,039 | 1,641 | 16,37,692 |
| 52 | 26,76,223 | 18,78,629 | 21,705 | 8,19,299 |
| **ആകെ** | **13,65,41,930** | **7,17,75,538** | **5,02,581** | **6,52,68,973** |

കുടിശ്ശികയുള്ള വസ്തുനികുതി പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-18 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 14 പ്രകാരം സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും കെട്ടിടം സംബന്ധിച്ച് അഞ്ച് വർഷത്തിനുള്ളിൽ ഓരോ വർഷവും ഒടുക്കേണ്ട വാർഷിക വസ്തു നികുതി തുകയും കെട്ടിടത്തിന്റെ വിവരങ്ങളും നികുതി പിഴ കൂടാതെ അടയ്ക്കേണ്ട തീയ്യതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഒരു ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക് നല്കേണ്ടതാണ്. വാർഷിക വസ്തു നികുതിയുടെ ഓരോ അർദ്ധ വർഷത്തേക്കുള്ള ഗഡു പ്രസ്തുത തീയ്യതിക്കകം നികുതി നല്കാതിരുന്നാൽ 538-ാം വകുപ്പ് 2-ാം ഉപ വകുപ്പ് പ്രകാരമുള്ള പിഴ തൊട്ടടുത്ത ദിവസം മുതൽ ബാധകമായിരിക്കുന്നതാണ് എന്ന് ചട്ടം 15(2) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ വസ്തു നികുതി മുനിസിപ്പാലിറ്റിയിൽ അടയ്ക്കാത്ത പക്ഷം നികുതി ഈടാക്കുന്നതിന് സെക്രട്ടറി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ചട്ടം 19 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

നഗരസഭയിലെ വസ്തുനികുതി പിരിച്ചെടുക്കാത്ത കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു,

| | | | | |
|---|---|---|---|---|
| 1 | 1/31/ | പി.കെ മുഹമ്മദ്, ഷരീഫ്, മുതൽ പേർ | 57822 | 2021 ഒന്നാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 2 | 23/70 | തയ്യുള്ളതിൽ അലീമ | 4681 | 2022 ഒന്നാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 3 | 24/235/ | അഷ്റഫ്, അൻവർ, അമീർ | 2545 | 2020 ഒന്നാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 4 | 24/236/ | അഷ്റഫ്, അൻവർ, അമീർ | 2545 | 2020 ഒന്നാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 5 | 51/2/D | സക്കീന.ടി.പി, ഹസീന.ടി, അസ്ലാം ടി മുതൽ പേർ | 17,016 | 2015 രണ്ടാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 6 | 51/5/A13 | ഹൈറൈസ് ബിൽഡിംഗ് ഡെവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ ചെറിയ പറമ്പത്ത് കൊല്ലന്റവിട എസ്സ | 8,608 | 2019 ആദ്യ പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 7 | 51/5/A19 | ഹൈറൈസ് ബിൽഡിംഗ് ഡെവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ ചെറിയ പറമ്പത്ത് കൊല്ലന്റവിട എസ്സ | 8,695 | 2018 ആദ്യ പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 8 | 51/5/A25 | സൈനുൽ ഹുസൈൻ | 6,040 | 2019 ആദ്യ പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 9 | 51/5/A29 | ഹൈറൈസ് ബിൽഡേഴ്സ് ഡെവലപ്പേഴ്സ് മാനേജിംഗ് | 158046 | 2021 ആദ്യ പാദം മുതൽ 2022 |

| | | | | |
|---|---|---|---|---|
| | | പാർട്ട്ണർ<br>ചെറിയ പറമ്പത്ത് കൊല്ലന്റവിട എസ്സ | | രണ്ടാം പാദം വരെ |
| 10 | 51/5/A3 | കിരൺ നാരായണൻ റണ്ണവെയർ നമ്ദേവു ധൻകർ റാവു മുതൽ പേർ | 12,244 | 2016 ആദ്യ പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 11 | 51/5/W | ഹൈറൈസ് ബിൽഡേഴ്സ് ഡെവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ<br>ചെറിയ പറമ്പത്ത് കൊല്ലന്റവിട എസ്സ | 77,072 | 2015 രണ്ടാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 12 | 51/5/W | ഹൈറൈസ് ബിൽഡേഴ്സ് ഡെവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ<br>ചെറിയ പറമ്പത്ത് കൊല്ലന്റവിട എസ്സ | 12,920 | 2019 ഒന്നാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 13 | 51/7 | എം.മുഹമ്മദ്, ദാറുൾ ഫലാഹ് | 1,002 | 2017 ഒന്നാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 14 | 51/17/A | വലിയ പറമ്പത്ത് പി.കെ യൂസഫ് | 6,564 | 2019 ഒന്നാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 15 | 51/26 | പൂച്ചാക്കണ്ടി സൗദ, സജിത | 6,240 | 2021-22 |
| 16 | 51/30 | പി.കുഞ്ഞിപ്പാലുമ്മ | 1,530 | 2018 രണ്ടാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 17 | 51/174 | ഡോ.സജിത് ബാബു.ടി.പി | 5,314 | 2021 രണ്ടാം പാദം മുതൽ 2022 രണ്ടാം പാദം വരെ |
| 18 | 51/205 | ഡോ.സൗമ്യ നമ്പ്യാർ,<br>നബീസ മൊയ്ദു ബി | 17,215 | 2016 രണ്ടാം പാദം മുതൽ 2022 രണ്ടാം പാദം വരെ |

നഗരസഭയിലെ കുടിശ്ശിക വരുത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പിഴ സഹിതം പിരിച്ചെടുക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(1) പ്രകാരം പ്രസ്തുത തുകകൾ കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ 539(2) പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം നഗരസഭയ്ക്ക് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

**1-19 നഗരസഭയിലെ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തി**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233 ാം വകുപ്പ് പ്രകാരം ഓരോ മുനിസിപ്പാലിറ്റി കൗൺസിലും അതത് മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരം കെട്ടിടങ്ങളുടെ ഇനം അനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന പരിധികൾക്ക് വിധേയമായി, ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് എന്ന തോതിൽ അതത് ഇനം കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ച് അതത് മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കേണ്ടതാണ് എന്നും ഒരേ ഇനത്തിൽ അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തുനികുതി നിരക്ക് ആയിരിക്കേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്.

നഗരസഭയിൽ 18.01.2012 തീയ്യതിയിലെ ആർ1-3076/02 നമ്പരായി 01.04.2011 പ്രാബല്യ തീയ്യതി മുതൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം 100 എം2 ചതുരശ്ര മീറ്ററിനു മികളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് 80 രൂപ പ്രകാരവും, 200 എം2 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് 130 രൂപ പ്രകാരവും വസ്തു നികുതി നിരക്കുകൾ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. ചില

ഉദാഹരണങ്ങൾ ചുവടെ,

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/ വാർഡ് നം/ കെട്ടിട നം. | പ്ലിന്ത് ഏരിയ | നിജപ്പെടുത്തിയ നികുതി | നിജപ്പെടുത്തേണ്ടത് (ഇളവുകളും വർദ്ധനവുകളും ഉൾപ്പെടെ) | നിജപ്പെടുത്തിയതിൽ കുറവ് |
|---|---|---|---|---|---|
| 1 | ചാലിൽ നൗഷാദ് എന്ന നൗഷാദ് കൊട്ടാര, കരണ്ടോത്ത് മൂസ്സ, ഫിറോസ് പറമ്പത്ത്1/24 | 487.5ച.മീ | 42,900 | 69,713 | 26,813 |
| 2 | പോത്തൻ രാജൻ 1/ 50B | 352.61 ച. മീ | 31,030 | 50,423.23 | 19393.23 |
| 3 | റഹിയാനത്ത് കിഴക്കയിൽ, 11/419A | 502.08 ച. മീ | 58,242 | 94,642.08 | 36,400.08 |
| 4 | മയലക്കര പുത്തൻപുരയിൽ റഹീം, ചെറുക്കടി കദീജ, മയലക്കര പുത്തൻപുരയിൽ റാസിഖ്, അണിയാപുറത്ത് കാട്ടിൽ നസീറ 10/503 | 209 ച. മീ | 19,352 | 21,736 | 2,384 |
| 5 | കങ്കരന്റവിട താജുദ്ദീൻ, മൈമൂനത്ത് 12/695 D | 103.45 | 6,487 | 8,762 | 2,275 |
| 6 | കെ ദിനേഷ്, കെ അനീഷ് കുമാർ നക്ഷത്ര, 18/224B | 230 ച. മീ | 16,560 | 26,910 | 10,350 |
| 7 | പുതിയേടത്ത് രാമദാസ് 18/374A | 110.85 ച. മീ | 5,321 | 7,094 | 1,773.40 |

കെട്ടിടങ്ങളിലെ വസ്തു നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും നഗരസഭയ്ക്ക് നഷ്ടം ഉണ്ടാവാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-20 അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയായ ₹ 1,11,16,152 പിരിച്ചെടുത്തില്ല**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം

നിയമാനസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റി ആക്ട് 242 -ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തു നികുതി ആവശ്യപ്പെട്ട് കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം, ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയ പരിധിക്കുള്ളിൽ വസ്തുനികുതി നഗരസഭയിൽ അടക്കാത്ത പക്ഷം നികുതി തുക ഈടാക്കുന്നതിനായി സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ പരിധിയിൽ താഴെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി സഞ്ചയയിൽ നിന്ന് ലഭ്യമായ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം ചുവടെ,

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 10/189/(UAC) | എം.ശാന്ത നടമ്മൽ ഹൗസ് | 9,436 | 2013 ആദ്യപാദം മുതൽ 2023 രണ്ടാം പാദം വരെ |
| 2 | 10/190/(UAC) | പി ചന്ദ്ര നടമ്മൽ ഹൗസ് | 15,139 | 2013 ആദ്യപാദം മുതൽ 2023 രണ്ടാം പാദം വരെ |
| 3 | 10/496/A (UAC) | മയലക്കാര പുത്തൻപുരയിൽ റഹീം, ഖദീജ, റാസിഖ്, സനീറ മയലക്കാര പുത്തൻപുരയിൽ | 2,56,031 | 2016 ആദ്യപാദം മുതൽ 2023 രണ്ടാം പാദം വരെ |
| 4 | 14/278 /A(UAC) | ചക്ക്യത്ത് ആശാ പ്രകാശൻ ഇതൾ | 30,981 | 2013 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 5 | 16/94/(UAC) | സെബാസ്റ്റ്യൻ, മെറി ബ്ലോസം വില്ല | 26,256 | 2013 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 6 | 16/99/A(UAC) | രജിത്ത് കുമാർ തലയൻകണ്ടി കാളിയത്താൻ | 51,517 | 2014 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 7 | 16/126/(UAC) | കണ്ടോത്തിൽ രാഘവൻ കണ്ടോത്തിൽ | 11,935 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 8 | 16/155/(UAC) | മനയത്ത് മീത്തൽ ശ്രീധരൻ ശ്രേയസ് | 16,289 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 9 | 16/172/(UAC) | ടി വി രജനി | 10,452 | 2013 ആദ്യ പാദം മുതൽ |

| | | | | |
|---|---|---|---|---|
| | | പറമ്പത്ത് വേലാണ്ടി ഹൗസ്<br>ഗോപിക | | 2023 രണ്ടാം പാദം വരെ |
| 10 | 16/256 /B(UAC) | അനസ് ബ്ലെസ്സിംഗ് | 21,467 | 2015 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 11 | 16/256 /C(UAC) | ധനേഷ്<br>മുല്ലോളി ഹൗസ് | 7,408 | 2020 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 12 | 16/279/(UAC) | കെ രമേശൻ, ഷർമ്മിള രമേശൻ<br>കറിപ്പിച്ചാങ്കണ്ടി | 38,487 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 13 | 16/306 /A(UAC) | കവിത. സി.കെ<br>ശ്രീദേവി | 41,180 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 14 | 17/41/A(UAC) | കണ്ട്യൻ അനീഷ്, പുത്തൻപീടികയിൽ സുജിത, ശ്രീശൈലം, ശ്രീശൈലം | 7,95,828 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 15 | 17/41/B(UAC) | കണ്ട്യൻ അനീഷ്, പുത്തൻപീടികയിൽ സുജിത, ശ്രീശൈലം, ശ്രീശൈലം | 7,56,032 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 16 | 17/41/C(UAC) | കണ്ട്യൻ അനീഷ്, പുത്തൻപീടികയിൽ സുജിത, ശ്രീശൈലം, ശ്രീശൈലം | 7,16,232 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 17 | 17/41/D(UAC) | കണ്ട്യൻ അനീഷ്, പുത്തൻപീടികയിൽ സുജിത, ശ്രീശൈലം, ശ്രീശൈലം | 6,92,850 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 18 | 17/41/E(UAC) | കണ്ട്യൻ അനീഷ്, പുത്തൻപീടികയിൽ സുജിത, ശ്രീശൈലം, ശ്രീശൈലം | 6,53,285 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 19 | 22/201/a | സുലോചന | 5,419 | 2019 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 20 | 34/417/A | ഗോപിനാഥ്<br>രാജഗോപാൽ<br>ആന്റ് അദേർസ് | 8,597 | 2018 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |

| | | | | |
|---|---|---|---|---|
| 21 | 37/30/A(UAC) | പറമ്പത്ത് അബ്ദുൾ റഹിമാൻ ഫിഷറീസ് കോളനി | 38,664 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 22 | 37/100 /A(UAC) | പി.എം. ഉമാനന്ദൻ ദേവീകൃപ | 3,909 | 2020 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 23 | 37/147 /A(UAC) | രമ, റീജ, ചെപ്പാന്റവിട | 12,376 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 24 | 37/149/(UAC) | വടക്കത്തി കീരാച്ചി വടക്കത്തി | 14,298 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 25 | 37/152 /A(UAC) | കുറിച്ചിക്കാരന്റവിട ലക്ഷ്മണൻ | 2,481 | 2013 ആദ്യ പാദം മുതൽ 2015 രണ്ടാം പാദം വരെ |
| 26 | 37/203 /A(UAC) | ആവിക്കൽ ജയശീലൻ ശേഖരം | 11,260 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 27 | 37/306 /A(UAC) | കവിത സി.കെ ശ്രീദേവി | 44,068 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 28 | 37/433 /B(UAC) | സന്തോഷ് ശ്രീപത്മം | 10,453 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 29 | 37/456 /A(UAC) | വി പി ബീന രാജു വാലുമ്മൽ ഹൗസ് | 3,579 | 2013 ആദ്യ പാദം മുതൽ 2015 രണ്ടാം പാദം വരെ |
| 30 | 37/466 /B(UAC) | രവീന്ദ്രൻ പുതിയ പുരയിൽ | 1,971 | 2013 ആദ്യ പാദം മുതൽ 2015 രണ്ടാം പാദം വരെ |
| 31 | 37/490 /C(UAC) | പി പി ഗോമതി ശേഖരൻ തലായി | 2,736 | 2013 ആദ്യ പാദം മുതൽ 2015 രണ്ടാം പാദം വരെ |
| 32 | 37/490 /E(UAC) | യു ശകുന്തള ഉണിപരൽ | 3,337 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |

| | | | | |
|---|---|---|---|---|
| 33 | 41/30/A(UAC) | പറമ്പത്ത് അബ്ദുൾ റഹിമാൻ<br>ഫിഷറീസ് കോളനി | 31,666 | 2015 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 34 | 41/145 /A(UAC) | പ്രവിത പി സി | 3,355 | 2021 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 35 | 41/433 /E(UAC) | സപ്ന പി വി<br>ഷ്രീകൃഷ്ണ നിവാസ് | 2,687 | 2021 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 36 | 44/399 /A(UAC) | ചെറിയത്ത് ഖാലിദ്<br>'ചെറിയത്ത് ' | 2,79,296 | 2016 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 37 | 45/108 | ടി.എം മഹമൂദ്, ആയിഷ | 5,618 | 2021 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 38 | 45/1912 /A(UAC) | മണലിൽ വെങ്കടൻ കുഞ്ഞാമി<br>പഞ്ചാരന്റവിട<br>ബിയ്യാത്തുഹജ്ജമ്മ<br>മുതൽ പേർ | 26,79,405 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 39 | 45/1929 /A(UAC) | എൻ.വി.അബ്ദുല്ല,<br>കുഞ്ഞബ്ദുല്ല ഹാജി മുതൽ പേർ | 16,069 | 2022 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 40 | 45/3488 /A(UAC) | തൈക്കണ്ടിയിൽ കുഞ്ഞമ്മദ്,<br>ടി.കെ ഫാത്തിമ, ടി.കെ ജമില, അൻസാർ,<br>സഫീർ, റസീല<br>തൈക്കണ്ടിയിൽ ഹൗസ് | 21,470 | 2017 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 41 | 45/3566 /A(UAC) | പി ഷാഹിദ മുതൽ പേർ<br>തരീഫ് മൻസിൽ | 11,690 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 42 | 45/4033 /A(UAC) | കല്ലറയ്ക്കൽ സുജയ്<br>റഫീൽ | 1,44,883 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 43 | 47/10/A(UAC) | സബ് കലക്ടർ, തലശ്ശേരി | 5,72,808 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |

| | | | | |
|---|---|---|---|---|
| 44 | 47/10/B(UAC) | സബ് കലക്ടർ, തലശ്ശേരി | 99,950 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 45 | 47/10/C(UAC | സബ് കലക്ടർ, തലശ്ശേരി | 2,68,756 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 46 | 47/10/D(UAC) | സബ് കലക്ടർ, തലശ്ശേരി | 2,54,613 | 2022 രണ്ടാം പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 47 | 48/161 D(UAC) | കറുവത്താൻ അച്ചുതൻ, ഉക്കണ്ടൻ കനകരാജ് | 24,407 | 2023 |
| 48 | 48/161 E(UAC) | കറുവത്താൻ അച്ചുതൻ, ഉക്കണ്ടൻ കനകരാജ് | 85,578 | 2023 |
| 49 | 48/161 F(UAC) | കറുവത്താൻ അച്ചുതൻ, ഉക്കണ്ടൻ കനകരാജ് | 7,57,025 | 2020 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 50 | 48/1045 /A(UAC) | സി പി മമ്മൂട്ടി കേയി, സി പി ആലുപ്പി കേയി, സി പി അബൂബക്കർ കേയി എന്ന പോക്കുട്ടി, സി പി അബ്ദുല്ല കേയി, ബേബി മഹൽ | 3,41,777 | ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 51 | 48/1045 /B(UAC) | സി പി മമ്മൂട്ടി കേയി മുതൽ പേർ | 3,07,621 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 52 | 48/1045 /C(UAC) | സി പി മമ്മൂട്ടി കേയി മുതൽ പേർ | 4,69,317 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 53 | 48/1170 /A(UAC) | മഹമ്മൂദ്, നസീർ | 2,79,296 | 2016 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 54 | 49/489 /A(UAC) | കെ.ദിവാകരൻ, കെ.കമലാക്ഷി, ശ്രീമതി മുതൽ പേർ | 6,255 | 2015 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 55 | 52/2/(UAC) | സി.എം.സുധ, സുധ നിവാസ് | 15,702 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 56 | 52/3/(UAC) | പി പാത്തുട്ടി പുതിയ പുരയിൽ | 25,133 | 2013 രണ്ടാം പാദം മുതൽ |

| | | | | |
|---|---|---|---|---|
| | | | | 2023 രണ്ടാം പാദം വരെ |
| 57 | 52/5/(UAC) | ടി വി ആമിന പുത്തൻ പുരയിൽ ഹൗസ് | 11,437 | 2013 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 58 | 52/6/(UAC) | സി പി കൗലത്ത് ചാത്തോത്ത് പുതിയ പുരയിൽ | 4,156 | 2020 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| 59 | 52/35/A (UAC) | ഗിരീഷ് കുമാർ, ഷൈനി നിവാസ് | 71,126 | 2022 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| **ആകെ** | | | **1,11,05,049** | |

മേൽ സൂചിപ്പിച്ചു സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിന് 25.09.2023 തീയ്യതിയിൽ നല്കിയ 71/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 08.11.2023 തീയ്യതിയിൽ ലഭ്യമാക്കിയ മറുപടിയിൽ 17/41/A(UAC), 17/41/B(UAC), 17/41/C(UAC), 17/41/D(UAC), 17/41/E(UAC) എന്നീ കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം കണ്ടെത്തിയതിനാൽ മേൽ കെട്ടിടങ്ങൾക്ക് വിജിലൻസ് നടപടിയുടെ ഭാഗമായി UAC നമ്പർ നൽകിയതും നഗരസഭയുടെ നടപടിക്കെതിരെ കെട്ടിട ഉടമ കോടതി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 22/201/A, 45/1929/A(UAC) എന്നീ കെട്ടിടങ്ങൾ നിലവിൽ പൊളിച്ചു മാറ്റിയിട്ടുണ്ട് എന്നും വിഷയം സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും മറുപടി പ്രകാരം അറിയിച്ചതിനാൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള മുഴുവൻ അനധികൃത കെട്ടിടങ്ങളുടെയും വസ്തു നികുതി കുടിശ്ശിക ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതും ചട്ടം 20 പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും അടവാക്കാത്ത സംഗതികളിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 538-ാം വകുപ്പ് പ്രകാരം കുടിശ്ശികയായ വസ്തു നികുതി വസൂലാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-21 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സ.ഉ(അ)18/2011 ത.സ്വ.ഭ.വ നമ്പർ പ്രകാരം നഗരസഭകളിൽ വസ്തു നികുതി പരിഷ്കരിച്ച് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് നഗരസഭയുടെ 18.01.2012 ലെ ആർ 1-3076/02 നമ്പർ അന്തിമ വിജ്ഞാപനം പ്രകാരം നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ടി വിജ്ഞാപനം പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 500 രൂപയാണ്. നഗരസഭാപരിധിയിലുള്ള മൊബൈൽ ടവറുകളുടെ നികുതി അതാത് സമയം പിരിച്ചെടുക്കാത്തതിനാൽ വാർഷിക വസ്തുനികുതിയിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. സഞ്ചയ പ്രകാരം കുടിശ്ശികയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക തുക | കുടിശ്ശികയുള്ള വർഷം |
|---|---|---|---|---|
| 1 | 9/449/A (UAC) | സിസ്സി ബിജോയ് | 24287 | 2023 I & II |
| 2 | 10/485/A (UAC) | ഇൻഡസ് ടവേർസ് ലിമിറ്റഡ് 8TH ഫ്ലോർ, വങ്കാരത്ത് ടവർ | 33395 | 2023 I & II |
| 3 | 12/719/A | 12/719/A ജനറൽ മാനേജർ, | 18554 | 2023 I & II |

| | | | | |
|---|---|---|---|---|
| | | ടെലികോം | | |
| 4 | 19/151/A (UAC) | 19/151/A (UAC) വി.പി രാജൻ, എ. കുഞ്ഞമ്മദ്, ഒമാൻ ഹൗസ് | 30360 | 2023 I & II |
| 5 | 44/399 /A(UAC) | ചെറിയത്ത് ഖാലിദ് | 2,79,296 | 2016 ആദ്യപാദം മുതൽ 2023 രണ്ടാം പാദം വരെ |
| 6 | 45/2002 /A(UAC) | 45/2002/A(UAC) റിലയൻസ് ഇൻഫോ കോം | 36,431 | 2023 I & II |
| 7 | 1/354/A | ഇൻഡസ് ടവേർസ് ലിമിറ്റഡ്8TH ഫ്ലോർ, വങ്കാരത്ത് ടവർ | 3,49,728 | 2013-14 മുതൽ 2022-23 വരെ |
| 8 | 10/492/A | മയലക്കാര പുത്തൻപുരയിൽ റഹീം, ഖദീജ മുതൽ പേർ (മൊബൈൽ ടെലിഫോൺ ടവർ) | 85,348 | 2016-17 മുതൽ 2022-23 വരെ |
| 9 | 10/496/A | മയലക്കര പുത്തൻപുരയിൽ റഹീം, ഖദീജ മുതൽ പേർ (മൊബൈൽ ടെലിഫോൺ ടവർ) | 2,56,031 | 2016-17 മുതൽ 2022-23 വരെ |
| 10 | 13/204 /A(UAC) | ഇൻഡസ് ടവേർസ് ലിമി. 8TH ഫ്ലോർ, വങ്കാരത്ത് ടവർ | 2,56,031 | 2016-17 മുതൽ 2022-23 വരെ |
| 11 | 13/206 /B(UAC) | ATC ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 2,56,031 | 2016-17 മുതൽ 2022-23 വരെ |
| 12 | 17/765/a | റിലയൻസ് ഇൻഫോ കോം, മഞ്ഞോടി | 41,093 | 2013-14 മുതൽ 2022-23 വരെ |
| 13 | 17/729/A (UAC) | മാനേജർ, ഇന്ദിരാഗാന്ധി കോ ഓപ് ഹോസ്പിറ്റൽ | 2,56,031 | 2016-17 മുതൽ 2022-23 വരെ |
| 14 | 28/327/A | അമേരിക്കൻ ടവർ കോർപ്പറേഷൻ ടെലികോം പവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 81,764 | 2015-16 മുതൽ 2022-23 വരെ |
| 15 | 34/340 /C(UAC) | ഇൻഡസ് ടവേർസ് ലിമി. 8TH ഫ്ലോർ, വങ്കാരത്ത് ടവർ | 1,86,197 | 2016-17 മുതൽ 2022-23 വരെ |
| 16 | 34/340/D | ഇൻഡസ് ടവേർസ് | 1,86,197 | 2016-17 മുതൽ |

| | | | | |
|---|---|---|---|---|
| | (UAC) | ലിമി.<br>8TH ഫ്ലോർ, വങ്കാരത്ത് ടവർ | | 2022-23 വരെ |
| 17 | 39/490 /A(UAC) | ഇൻഡസ് ടവേർസ് ലിമി.<br>8TH ഫ്ലോർ, വങ്കാരത്ത് ടവർ | 2,79,296 | 2016-17 മുതൽ 2022-23 വരെ |
| 18 | 43/488/UAC | ഇൻഡസ് ടവേർസ് ലിമി.<br>8TH ഫ്ലോർ, വങ്കാരത്ത് ടവർ | 2,79,296 | 2016-17 മുതൽ 2022-23 വരെ |
| 19 | 44/323/A | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 65,673 | 2016-17 മുതൽ 2022-23 വരെ |
| 20 | 45/2836/A | അലക്സ് മാത്യൂസ്.സി, ടാറ്റ ടെലി സർവ്വീസ്, കൊച്ചി | 93,099 | 2016 മുതൽ 2021-22 വരെ |
| 21 | 45/4665/ | കെ. ഗോപകുമാർ | 72,052 | 2019 മുതൽ 2022-23 വരെ |
| 22 | 47/122/ | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, കൊച്ചി | 8,725 | 2022 ആദ്യപാദം മുതൽ 2023 രണ്ടാം പാദം വരെ |
| 23 | 48/1170 /A(UAC) | മഹമ്മൂദ് നസീർ | 2,79,296 | 2016 മുതൽ 2022-23 വരെ |
| 24 | 49/303/A (UAC) | എ.ടി.സി ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 2,79,296 | 2016-17 മുതൽ 2022-23 വരെ |
| 25 | 50/468/ | ഇൻഡസ് ടവേർസ് ലിമിറ്റഡ് | 3,09,192 | 2014 മുതൽ 2022-23 വരെ |
| 26 | 52/479/A (UAC) | ഇൻഡസ് ടവേർസ് ലിമി.<br>8TH ഫ്ലോർ, വങ്കാരത്ത് ടവർ | 78,966 | 2021-2022 മുതൽ 2022-23 വരെ |
| 27 | 52/35/A (UAC) | ഗിരീഷ് കുമാർ, ഷൈനി നിവാസ് | 71,126 | 2022 ആദ്യ പാദം മുതൽ 2023 രണ്ടാം പാദം വരെ |
| | | **ആകെ** | **41,92,791** | |

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം, കെട്ടിടത്തിന്റെ ഉടമ ഒടുക്കേണ്ടതായ വസ്തുനികുതി മുഴുവനമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒടുക്കുവാൻ ടിയാൻ വീഴ്ച വരുത്തുന്ന പക്ഷം, സെക്രട്ടറിക്ക് അപ്രകാരമുള്ള നികുതി, അങ്ങനെയുള്ള കെട്ടിടം താൽക്കാലികമായോ അല്ലാതെയോ കൈവശം വെക്കുന്ന ആളോട് 15 ദിവസത്തിൽ കുറയാത്ത ഒരു നിശ്ചിത കാലയളവിനുള്ളിൽ ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം, ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയ പരിധിക്കുള്ളിൽ

വസ്തുനികുതി നഗരസഭയിൽ അടക്കാത്ത പക്ഷം നികുതി തുക ഈടാക്കുന്നതിനായി സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിശ്ശികയാകുന്ന നികുതി യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കാനും തുക ഈടാക്കാനും, ഈടാക്കാൻ കഴിയാത്ത പക്ഷം നിയമാനുസൃതമായ അനന്തര നടപടികൾ നഗരസഭ സ്വീകരിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഈ വരുമാന ചോർച്ച തടയാനുള്ള അടിയന്തിര നടപടികൾ നഗരസഭയുടെ കൗൺസിലിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്.

നഗരസഭാ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടെയും നിർമ്മാണം പൂർത്തിയാക്കിയ തീയതിയുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ അനുമതി ഇല്ലാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ടവറുകൾ അനധികൃത നിർമാണമായി കണക്കാക്കി നിയമാനുസൃത നികുതി ഈടാക്കേണ്ടതും ഫീൽഡ് തലത്തിൽ പരിശോധന നടത്തി യഥാസമയം നികുതി ചുമത്താത്തത് മൂലം ഓരോ വർഷവും വസ്തുനികുതിയിനത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന്, നികുതി ചുമത്താനും പിരിച്ചെടുക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരായി തീരുന്നതുമാണ്.

ഇതു സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിന് 25.09.2023 തീയ്യതിയിൽ നല്കിയ 70/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 13.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറികൾ അടക്കമുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം. 1 മുതൽ 4 വരെയും, ക്രമ നം.6 എന്നിവക്ക് നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-22 ബഹുനിലകെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് ഇളവ് അനുവദിക്കുന്നതും മേഖലാ വിഭജനം നടത്തിയതിലെ വ്യതിയാനവും**

(1) ബഹുനിലകെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് ഇളവ് അനുവദിച്ചു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 9(5) പ്രകാരം വാണിജ്യാവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ, ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 5%, രണ്ടാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 10%, മൂന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 15%, നാലാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 20%, അഞ്ചാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 25%, ആറാം നില മുതൽ മുകളിലോട്ട് ഓരോ നിലയ്ക്കും കണക്കാക്കിയ വാർഷിക വസ്തു നികുതിയുടെ 25% എന്ന തോതിൽ വാർഷിക വസ്തുനികുതിയിൽ ഇളവ് അനുവദിക്കേണ്ടതാണ് എന്ന് വിശദീകരിക്കുന്നുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി നിർണ്ണയവുമായി ബഹുനില കെട്ടിടത്തിന് ഇളവ് അനുവദിച്ചതിൽ മേൽ മാനദണ്ഡത്തിൽ നിന്നും വ്യതിചലിച്ചതായി കാണുന്നു. ചില ഉദാഹരണം ചുവടെ,

| ക്രമ നം | ഉടമസ്ഥന്റെ പേര് / വിലാസം (വാർഡ് നം. / വാർഡ് പേര് / കെട്ടിട നം) | തറ വിസ്തീർണ്ണം | വാർഷിക വസ്തു നികുതി | ബഹുനില കെട്ടിടത്തിന് അനുവദിച്ച ഇളവ് (സഞ്ചയ പ്രകാരം) | ബഹുനില കെട്ടിടത്തിന് അനുവദിക്കേണ്ട ഇളവ് |
|---|---|---|---|---|---|
| 1 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 672a | നാലാം നില 71.95 ച.മീ | 8,644 | 2057.8 | 1728.8 |
| 2 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 670 B | രണ്ടാം നില-74.1 ച.മീ | 10,015 | 1059.7 | 1001.5 |

| | | | | | |
|---|---|---|---|---|---|
| 3 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 670 A | രണ്ടാം നില-71.95 ച. മീ | 9,725 | 1028.9 | 972.5 |
| 4 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 671 A | മൂന്നാം നില-71.95 ച. മീ | 9,184 | 1543.35 | 1377.6 |
| 5 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 672 B | നാലാം നില-74.1 ച. മീ | 8,902 | 2119.4 | 1780.4 |
| 6 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 672 | നാലാം നില-408.86 ച. മീ | 49,113 | 11693.4 | 9822.6 |
| 7 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 672 A | നാലാം നില-71.95 ച. മീ | 8,644 | 2057.8 | 1728.8 |
| 8 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 673 A | അഞ്ചാം നില-71.95 ച. മീ | 8,103 | 2572.25 | 2025.75 |
| 9 | സി കെ അബ്ദുൾ മജീദ് (12) ടൗൺ ഹാൾ 673 B | അഞ്ചാം നില-74.1 ച. മീ | 8346 | 2649.25 | 2086.5 |
| 10 | കെ.കെ.ജയരാജ്, അരുണിമ, കുട്ടിമാക്കൂൽ, തിരുവങ്ങാട്, കെ.കെ.അരുൺരാജ് എൻ.ജെ.കത്രികുട്ടി (12) ടൗൺ ഹാൾ 880E | രണ്ടാം നില-354.07 ച. മീ | 54,374 | 5753.7 | 5437.4 |
| 11 | ഹബീബ് മുഹമ്മദ് കല്ലുവീട്ടി കുഴിയിൽ (12) ടൗൺ ഹാൾ 893C | രണ്ടാം നില-41.03 ച. മീ | 5,547 | 586.8 | 554.7 |
| 12 | ഹബീബ് മുഹമ്മദ് കല്ലുവീട്ടി കുഴിയിൽ (12) ടൗൺ ഹാൾ 893B | രണ്ടാം നില-41.03 ച. മീ | 5,547 | 586.8 | 554.7 |

| | | | | | |
|---|---|---|---|---|---|
| 13 | ഹബീബ് മുഹമ്മദ് കല്ലുവീട്ടി കുഴിയിൽ (12) ടൗൺ ഹാൾ | രണ്ടാം നില-23.32 ച. മീ | 3,153 | 333.5 | 315.3 |

ബഹുനില കെട്ടിടങ്ങൾക്ക് ഇളവ് നല്കിയതിലെ വ്യതിയാനം സംബന്ധിച്ച് 26.9.2023 തീയ്യതിയിൽ 72/2022-23 നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മേൽ സൂചിപ്പിച്ചതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(2) മേഖലാ വിഭജനം നടത്തിയതിൽ വ്യതിയാനം

2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയുടെ അടിസ്ഥാനത്തിൽ പ്രഥമ മേഖല(0%), ദ്വിതീയ മേഖല(10%), തൃതീയ മേഖല (20%) എന്നിങ്ങനെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിക്കാവുന്നതാണ്. തലശ്ശേരി നഗരസഭയിലെ 06.01.2012 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും വികസനത്തിന്റെയും സർക്കാർ അംഗീകരിച്ച മറ്റു മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ 3 മേഖലകളായി തരം തിരിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ മേഖലയുടെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിൽ വ്യതിയാനം വന്നതായി കാണുന്നു. വിശദ വിവരം ചുവടെ,

| **കെട്ടിട ഉടമയുടെ വിവരങ്ങൾ** | **വാർഡ് നം.** | **കെട്ടിട നം.** | **ഇളവ് അനുവദിച്ചതിന്റെ വിവരം** |
|---|---|---|---|
| വി.പി. ദാമോദരൻ, വി. പി. ശ്രീജേഷ്, പൗർണ്ണമി, കാവുംഭാഗം | | 395/A (താഴത്തെ നില) | തൃതീയം |
| | | 395/B (താഴത്തെ നില) | തൃതീയം |
| | | 395/C (താഴത്തെ നില) | തൃതീയം |
| | | 395/D (താഴത്തെ നില) | തൃതീയം |
| | | 395/E (താഴത്തെ നില) | പ്രഥമം |
| | | 395/G (ഒന്നാം നില) | ദ്വിതീയം |
| | | 395/H (ഒന്നാം നില) | ദ്വിതീയം |
| | | 395/I (ഒന്നാം നില) | ദ്വിതീയം |
| | | 395/J (ഒന്നാം നില) | ദ്വിതീയം |
| | | 395/K (ഒന്നാം നില) | ദ്വിതീയം |
| | | 395/L (ഒന്നാം നില) | ദ്വിതീയം |
| | | 395/M | ദ്വിതീയം |

| | | |
|---|---|---|
| | (ഒന്നാം നില) | |
| | 395/N (ഒന്നാം നില) | ദ്വിതീയം |
| | 395/O (താഴത്തെ നില) | പ്രഥമം |
| | 395/P (രണ്ടാം നില) | ത്രിതീയം |

ഒരേ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത രീതിയിൽ ഇളവ് നല്കിയതു സംബന്ധിച്ച് 15.09.2023 തീയ്യതിയിൽ 64/2022-23 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മേൽ ഖണ്ഡികയിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-23 വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ 1,74,91,441 /-രൂപ കുടിശ്ശിക**

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി, തലശ്ശേരി നഗരസഭ
ഫയൽ നം. : R1/10049/95

വസ്തു നികതിയോടൊപ്പം പിരിച്ച 5% ലൈബ്രറി സെസ്സിൽ 31.03.2023 വരെയുള്ള 1,74,91,441 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കാൻ ബാക്കി നിൽക്കുന്നു എന്ന് ഫയൽ പരിശോധനയിൽ കാണുന്നു. വിശദവിവരം ചുവടെ,

| **വർഷം** | **കുടിശ്ശിക തുക** |
|---|---|
| 2011-12 | 13,28,171 |
| 2012-13 | 14,24,766 |
| 2013-14 | 13,43,370 |
| 2014-15 | 16,55,604 |
| 2015-16 | 12,38,129 |
| 2016-17 | 33,01,940 |
| 2017-18 | 13,90,266 |
| 2020-21 I | 5,47,790 |
| 2020-21 II | 12,93,554 |
| 2021-22 II | 15,91,375 |
| 2022-23 I | 10,63,398 |
| 2022-23 II | 13,13,078 |
| **ആകെ** | **1,74,91,441** |

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 23.11.2022 തീയ്യതിയിലെ എ3-2122/22 നമ്പർ കത്ത് പ്രകാരം കെട്ടിട നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് തുക കൗൺസിൽ ഫണ്ടിൽ ഒടുക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റെയും ബാധ്യതയായി കണക്കാക്കുകയും 2 ശതമാനം പലിശ ഈടാക്കുന്നതിനും വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 15.02.2023 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1186/03-2023 നമ്പർ വൗച്ചർ പ്രകാരം 5,00,000/- രൂപ ലൈബ്രറി കൗൺസിലിൽ അടവു വരുത്തിയിട്ടുണ്ട്. കുടിശ്ശികയായ 1,74,91,441/-രൂപ അടിയന്തിരമായി ഒടുക്കു വരുത്തേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 2022-23 വാർഷിക കണക്കിൽ B9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് അടവാക്കാൻ ബാക്കി നിൽക്കുന്നതായി 1,71,89,907.78 രൂപയാണ് കാണിച്ചിട്ടുള്ളത്. ഫയൽ പ്രകാരവും വാർഷിക കണക്ക് പ്രകാരവും സംബന്ധിച്ച വ്യത്യാസം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

**1-24 അഭയ നികേതൻ സെസ്സ് ഒടുക്കുന്നതിൽ ഭീമമായ തുകയായ ₹66,01,467 കുടിശ്ശിക**

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി, തലശ്ശേരി നഗരസഭ
ഫയൽ നം. : R1/3272/81

നഗരസഭയുടെ R1/3272/81 ഫയൽ പ്രകാരം ബഹു. ജില്ലാ കലക്ടറുടെ ഉത്തരവനുസരിച്ച് വസ്തു നികുതിയോടൊപ്പം പിരിച്ച 2% സെസ് തോട്ടടയിൽ പ്രവർത്തിക്കുന്ന അഭയനികേതൻ പൂവർഹോം എന്ന സ്ഥാപനത്തിന് വേണ്ടി ഈടാക്കി നല്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് 30.04.2023 വരെയുള്ള കാലയളവിൽ സെസ്സിനത്തിൽ പിരിച്ചെടുത്ത ₹66,01,467 അഭയനികേതനിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം ചുവടെ,

| | |
|---|---|
| 2012 മുതൽ 2018-19 വരെ | 56,95,895 |
| 2021 -22 മാർച്ച് 1 മുതൽ 31 വരെ | 1,95,862 |
| 2022 ഏപ്രിൽ 1 മുതൽ ജൂലായ് 31 വരെ | 2,59,145 |
| 2023 ജനവരി 1 മുതൽ 31 വരെ | 62,596 |
| 2023 ഫെബ്രുവരി 1 മുതൽ ഏപ്രിൽ 30 വരെ | 3,87,969 |
| **ആകെ** | **66,01,467** |

വാർഷിക കണക്ക് പ്രകാരം 51,03,670.95 രൂപയാണ് അടവാക്കാൻ ബാക്കിയുള്ളതായി B9 ഷെഡ്യൂൾ പ്രകാരം കാണുന്നത്. വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത അഭയനികേതൻ പൂവർഹോം സെസ്സ് തുക അടിയന്തിരമായി ഒടുക്കുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-25 തൊഴിൽ നികുതി - ന്യൂനതകൾ**

നഗരസഭയുടെ 2022-23 വർഷത്തെ 'തൊഴിൽ നികുതി'യിനത്തിലെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 വർഷം ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള മാസങ്ങളിൽ 'Profession Tax- Employees Head' ൽ 4,52,520/- രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത ഹെഡിൽ ജീവനക്കാരുടെ തൊഴിൽ നികുതി തുക ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് അടവാക്കി വരുന്നത്. 'Profession Tax- Employees Head' ന് അരിയർ ഹെഡില്ലാത്തതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക അടവാക്കുമ്പോൾ തൻവർഷത്തെ 'Profession Tax- Employees Head ' ൽ തന്നെ പോസ്റ്റ് ചെയ്യേണ്ടതായി വരുന്നു. ഇപ്രകാരമുള്ള കുടിശ്ശിക തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ 'Profession Tax- Employees Head ' ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

2) അരിയർ ഡിമാന്റ് സംബന്ധിച്ച ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷത്തെ കുടിശ്ശിക തുക (Institution/Professionals/Traders) 26,26,620.04/- രൂപയും നഗരസഭ ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരം 15,69,543/- രൂപയുമാണ്. അക്കൗണ്ട് പ്രകാരം പ്രസ്തുത ഹെഡിൽ 11,16,423/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ നഗരസഭ ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരം കുടിശ്ശികയിനത്തിൽ 15,49,043/- വരവ് വന്നതായി കാണുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത്രയധികം കുടിശ്ശിക വന്നതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

3) 2022-23 വർഷം തൊഴിൽ നികുതിയിനത്തിൽ വരവ് വന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(വാർഷിക ധനകാര്യ പത്രിക പ്രകാരം)

Profession Tax Of Employees - 1,85,39,612/-

Profession Tax Of Institution/ Professionals/ Traders - 58,36,126/-

--------------------------

ആകെ വരവ് - 2,43,75,738

======================

ഡി.സി.ബി പത്രിക പ്രകാരം

| ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|
| 2,50,77,700 | 2,44,56,914 | 6,20,786 |

നഗരസഭ ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവുമുള്ള തുകകളിലും വ്യത്യാസം കാണുന്നവെന്നതിനാൽ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്നതും വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 14.11.23 ലെ 09/22-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ 28.11.22 ലെ മറുപടി പ്രകാരം Profession Tax (Employees) Head ൽ 4,22,520 രൂപ മുൻവർഷത്തെ കുടിശ്ശികയിനത്തിൽ വരവ് വന്നതായും ഡി.സി.ബി സംബന്ധിച്ച 99,691,40 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള അപാകതകൾ അക്കൗണ്ട് വിഭാഗത്തിൽ നിന്നും പരിഹരിക്കപ്പെടേണ്ടതാണെന്നുമാണ് മറുപടിയിൽ വിശദീകരിക്കപ്പെട്ടത്. ആയതിനാൽ വാർഷിക കണക്കുകളിലേയും നഗരസഭ തയ്യാറാക്കി സൂക്ഷിച്ച തൊഴിൽ നികുതി സംബന്ധിച്ച ഡി.സി.ബി പത്രികയിലെയും തുകകൾ തമ്മിലുള്ള പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതാണ്.

**1-26 ലേല സംഖ്യ പൂർണ്ണമായും ഒടുക്കിയില്ല:- ലേലം കൊണ്ട വ്യക്തിക്കെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല; നഗരസഭയ്ക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും നഷ്ടം**

ഫയൽ നം: ആർ.7/1625/22

നഗരസഭയുടെ പൊതുലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ 2022-23 കാലയളവിലേക്ക് നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാറാൽ മത്സ്യ മാർക്കറ്റ് 6,00,000 ലക്ഷം രൂപയ്ക്ക് ശ്രീ.റിയാസ്.പി.കെ, " ഫാത്തിമ മൻസിൽ ", ധർമ്മടം എന്ന വ്യക്തി ലേലം കൊണ്ടിട്ടുണ്ട് എന്ന് കാണുന്നു. തലശ്ശേരി നഗരസഭാ കൗൺസിൽ അംഗീകരിച്ച ലേല വ്യവസ്ഥകൾ പ്രകാരം ലേലം കൊണ്ട വ്യക്തി ലേലം ഉറപ്പിച്ച തീയ്യതിക്ക് തന്നെ ലേല സംഖ്യയുടെ 50% തുക നഗരസഭയിൽ ഒടുക്കേണ്ടതാണ് എന്നും ബാക്കി 50% തുക 5 ഗഡുക്കളായി ആഗസ്റ്റ് മാസത്തിനകം നഗരസഭയിൽ ഒടുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ.റിയാസ്.പി.കെ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ലേല സംഖ്യയിൽ 2,42,710/- രൂപ 31.03.2023 ന് നഗരസഭയിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്നു. ഈ തുകയിൽ 83,00/- (മുതൽ 83,000+പിഴ 18,179+ജി.എസ്.ടി 7470+എസ്.ജി.എസ്.ടി 7470+ആദായനികുതി 830-ആകെ 1,16,949) 30.06.23 ഒടുക്കിയിട്ടുണ്ട്. ടിയാന്റെ 30.06.23 ലെ അപേക്ഷ പരിഗണിച്ച് ലേല സംഖ്യയിൽ ഒടുക്കാൻ ബാക്കി നിൽക്കുന്ന തുകയായ 1,59,710/- രൂപയും ജി.എസ്.ടി 14,374 രൂപയും എസ്.ജി.എസ്.ടി 14,374 രൂപയും ആദായ നികുതി 1,597 രൂപയും 15.07.23 വരെയുള്ള പിഴ സംഖ്യയായ 34,975 രൂപയും ചേർത്ത് ആകെ തുകയായ 2,25,030/- രൂപ 15.07.23 നകം ഒടുക്കുവാൻ നഗരസഭ സാവകാശം അനുവദിച്ചു. എന്നാൽ ഓഡിറ്റ് അവസാനിക്കുന്ന തീയ്യതി (30.09.23 വരെ) ടിയാൻ ഈ തുക ഒടുക്കിയിട്ടില്ല. ഈ തുക പിരിച്ചെടുക്കാൻ നഗരസഭ 30.09.23 വരെ യാതൊരു നിയമനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇത് വഴി ലേല സംഖ്യയുടെ ബാക്കി തുകയായ 1,59,710 രൂപയും ഒടുക്ക് തീയ്യതി വരെയുള്ള പിഴ തുകയും നഗരസഭയ്ക്കും ജി.എസ്.ടി തുകയായ 14,374 രൂപയും ആദായ നികുതി തുക 1,597 രൂപയും കേന്ദ്ര സർക്കാരിനും എസ്.ജി.എസ്.ടി തുകയായ 14,374 രൂപ സംസ്ഥാന സർക്കാരിനും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് ഈടാക്കാൻ സാധിക്കുന്നില്ലെങ്കിൽ ലേല വ്യവസ്ഥകൾ പാലിച്ചിട്ടും തുക ഈടാക്കാൻ യാതൊരു നിയമനടപടികളും സ്വീകരിക്കാതെ നഗരസഭയ്ക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-27 കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ, രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ**

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽനിന്നും 02.12.2015 തീയ്യതിയിലെ 12900/ആർ.എ1/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. അപേക്ഷാ രജിസ്റ്ററിൽ അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല (നിർമ്മാണത്തിന്റെ തരം, റഫറൻസ് ആർക്കാണ് അയച്ചതെന്നും എന്നാണെന്നും, അധികാര സ്ഥാനത്തിന്റെ ഇനീഷ്യൽ ചെയ്ത മറുപടി ലഭിച്ചതിന്റെ വിവരം, തീർപ്പാക്കലിന്റെ സ്വഭാവം).

2. രജിസ്റ്ററിൽ ശൂന്യമായിടുന്ന വരികൾ റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. കെട്ടിട നിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയൽ കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ

രേഖപ്പെടുത്തുന്നില്ല.

5. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമ പ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ രജിസ്റ്ററിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. 30.10.2012 ലെ നമ്പർ 59177/ആർ.എ1/2013 ത.സ്വ.ഭ.വ, 30.12.2013 തീയ്യതിയിലെ 75419/ആർ.എ1/2013 എന്നീ സർക്കുലറുകൾ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ വകുപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്/സീൽ പതിക്കേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

29.01.2020 തീയ്യതിയില ത.സ്വ.ഭ.വ-ആർ.എ1/444/2019-ത.സ്വ.ഭ.വ പരിപത്രം പ്രകാരം കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നിരന്തരം ഉയരുന്ന ആരോപണങ്ങൾക്ക് അടിസ്ഥാനപരമായ കാരണങ്ങൾ ഒഴിവാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ഉള്ള നടപടിയുടെ ഭാഗമായി കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നിഷ്കർഷ പുലർത്തേണ്ടതാണ്.

### 1-28 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ന്യൂനതകൾ

നഗരസഭയുടെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് (IFTEOS) നൽകിയതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത ന്യൂനതകൾ കാണുന്നു.

1. ലൈസൻസ് ഫീസിന്റെ ഡിമാന്റ് തുക സംബന്ധിച്ച വിവരങ്ങളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ നഗരസഭ ഹാജരാക്കിയെങ്കിലും ലൈസൻസ് ഫീസിന്റെ ഡിമാന്റ് തുക സംബന്ധിച്ച വിവരങ്ങളിൽ കൃത്യതയില്ല.

2. 2022-23 വർഷത്തെ ലൈസൻസ് ഫീസിനത്തിൽ നഗരസഭയിൽ വരവ് വന്ന തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>വാർഷിക ധനകാര്യ പത്രിക പ്രകാരം</u>

2021-22 വർഷം അഡ്വാൻസായി വരവ് വന്ന തുക (B9-ഷെഡ്യൂൾ പ്രകാരം)- 41,66,805

2022-23 വർഷം വരവ് വന്ന തുക – 2,84,750(RP-37 പ്രകാരം)

<u>നഗരസഭ ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരം</u>

ലൈസൻസ് ഫീ തുകയുടെ ഡിമാന്റ് -48,17,500

പത്രികപ്രകാരമുള്ള വരവ് – 47,27,000

-----------------------------------------------

പിരിച്ചെടുക്കാൻ ബാക്കി – 90,500

==========================================

ഇത് സംബന്ധിച്ച് നൽകിയ 14.11.2022 ലെ ഓഡിറ്റ് അന്വേഷണ നമ്പർ 08/22-23 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-29 ക്ഷേമപെൻഷൻ നല്കിയതിന്റെ വിവരം

സേവന സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2022-23 വർഷത്തെ വിവിധ ക്ഷേമ പെൻഷനുകളുടെ ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (സേവന സോഫ്റ്റ്‌വെയർ പ്രകാരം) | 2022-23 വർഷം പെൻഷൻ നല്കിയവരുടെ വിവരം |
|---|---|---|
| 50 വയസ്സിന് മുകളിലുള്ളവർക്ക് അവിവാഹിത പെൻഷൻ | 1,00,12,600 | 987 |
| കർഷക തൊഴിലാളി പെൻഷൻ | 14,55,600 | 147 |
| വിധവാ പെൻഷൻ | 3,54,60,400 | 3433 |
| വാർദ്ധക്യകാല പെൻഷൻ | 8,33,23,000 | 8289 |
| വികലാംഗ പെൻഷൻ | 91,36,000 | 902 |

**1-30 അധികം കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തിരിച്ചടച്ചില്ല**

| | |
|---|---|
| തുക അനുവദിച്ച ഉദ്യോഗസ്ഥൻ | സെക്രട്ടറി, തലശ്ശേരി നഗരസഭ |
| ഫയൽ നം. | A6-19268/05 |
| ഫണ്ട് | തനത് ഫണ്ട് |

1) ധനകാര്യ വകുപ്പിന്റെ 06.11.2017 തീയ്യതിയിലെ സ.ഉ(എം.എസ്) 483/2017/ധന. ധനകാര്യ (എസ് എഫ് സി സെൽ ബി) വകുപ്പിന്റെ 23.09.2020 ലെ സ.ഉ(എം.എസ്)97/2020/ധന നമ്പർ ഉത്തരവുകൾ പ്രകാരം പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനു വേണ്ടിയുള്ള അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച് എ6-19268/05 എന്ന ഫയൽ പരിശോധനയിൽ താഴെ പറയുന്ന സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ ഗുണഭോക്താക്കൾ നഗരസഭയിൽ നിന്ന് അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായും കാണുന്നു. അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെ കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും എന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ധനകാര്യ (എസ്എഫ് സി സെൽ-ബി) വകുപ്പിന്റെ 23.01.2020 തീയ്യതിയിലെ 07/2020/ധന. നമ്പർ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ഉദ്യോഗസ്ഥർ/സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അക്കാര്യം അടിയന്തിരമായി പ്രാദേശിക സർക്കാരിൽ അറിയിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ റദ്ദു ചെയ്യേണ്ടതും അനർഹമായി കൈപ്പറ്റിയ തുക സ്വമേധയാ തിരിച്ചടക്കുന്ന പക്ഷം സേവനയിൽ ഇതേകുറിച്ച് ക്രമീകരണം നടത്തേണ്ടതാണ് എന്നും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കൈപ്പറ്റിയ പെൻഷൻ നാളിതു വരെയും തിരിച്ചടക്കാത്ത പെൻഷണർമാരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | ശ്രീ. ആന്റണി ഗോൺസാൽവസ്, ചാലിൽ | 102210207078 | 45,100 |
| 2. | ശ്രീമതി. പത്മാവതി. | 102210500353 | 65,700 |

| | | | |
|---|---|---|---|
| | പി.കെ, തലശ്ശേരി | | |
| 3. | ശ്രീമതി. ഷൈല മേരി, തിരുവങ്ങാട് | 102210500930 | 46,100 |
| 4. | ശ്രീമതി. ഇന്ദിര. വി.പി, കോടിയേരി | 102210600481 | 4,800 |
| 5. | ശ്രീ. ബാബു കുരുവിള, നെട്ടൂർ | 102210205852 | 27,200 |
| 6. | ശ്രീമതി. മീറ പി, കാവുംഭാഗം | 102210205455 | 41,200 |
| 7. | ശ്രീമതി.സാവിത്രി എൻ വി, കൊളശ്ശേരി | 102210204159 | 61,500 |
| 8. | ശ്രീമതി. കമലാക്ഷി.എം.എം, കാവുംഭാഗം | 102210201445 | 57,900 |

അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷണർമാരുടെ വിവരങ്ങൾ സംബന്ധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

**2) മൂന്ന് പെൻഷനുകൾ ഒരുമിച്ച് കൈപ്പറ്റി – നോട്ടീസ് നല്കിയിട്ടും തിരികെ അടച്ചില്ല**

ശ്രീ. ദിവാകരൻ. കെ, ദിവ്യാലയം, കാരാൽ തെരു, പാറാൽ എന്ന ഗുണഭോക്താവ് ട്രേഡേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ, അഗ്രിക്കൾച്ചറൽ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ തുടങ്ങിയ 3 പെൻഷനുകൾ ഒരേ സമയം കൈപ്പറ്റുന്നതായി ഫയൽ പരിശോധനയിൽ കാണുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 29.12.2021 തീയ്യതിയിലെ PAN/3106/2027- DBT 2(DP) നമ്പർ കത്ത് പ്രകാരം നഗരസഭാ റവന്യൂ ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ശ്രീ. ദിവാകരൻ 2015 ഡിസംബർ മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിൽ മൂന്ന് പെൻഷനുകളും കൈപ്പറ്റിയതായും നിലവിൽ ട്രേഡേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ മാത്രം കൈപ്പറ്റുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു സൂചിപ്പിച്ചു കൊണ്ട് ശ്രീ. കെ ദിവാകരൻ എന്നവർക്ക് 31.05.2023 തീയ്യതിയിൽ എ6-19268/05 നമ്പരായി നഗരസഭയിൽ നിന്ന് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും ടിയാൻ അധികം കൈപ്പറ്റിയ 29,200/- രൂപ നഗരസഭാഫണ്ടിൽ അടവാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് 22.02.23 തീയ്യതിയിൽ 45/2021-22 ഓഡിറ്റ് അന്വേഷണത്തിന് അധികം കൈപ്പറ്റിയ തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് അവസാനിക്കുന്ന തീയ്യതി വരെ തുക തിരിച്ച് പിടിച്ചിട്ടില്ല. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-31 ശമ്പളബില്ലിൽ നിന്നും റിക്കവറി ചെയ്യുന്ന തുകകൾ അടവാക്കുന്നതിന് കാലതാമസം വരുത്തുന്നു**

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 89 പ്രകാരം ശമ്പള ബില്ലുകളിൽ നിന്നും റിക്കവറി ചെയ്യുന്ന തുകകൾ അനാവശ്യ കാലതാമസം കൂടാതെ അടവാക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും റിക്കവർ ചെയ്യുന്ന തുകകൾ അടവാക്കുന്നതിന് കാലതാമസം വരുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ,

| മാസം | ശമ്പളറിക്കവറി ഇനത്തിൽ ഈടാക്കിയ തുക | തുക ഒടുക്കുന്ന വൗച്ചർ നം./ തീയ്യതി |
|---|---|---|
| മാർച്ച് 2022 | 4,36,035 | 79/18.04.2022 |
| ഏപ്രിൽ 2022 | 4,18,035 | 161/17.05.2022 |
| ജൂലായ് 2022 | 4,36,935 | 460/16.08.2022 |
| ആഗസ്റ്റ് 2022 | 4, 41,135 | 582/20.09.2022 |
| ഒക്ടോബർ 2022 | 4,81,779 | 787/17.11.2022 |

| | | |
|---|---|---|
| നവംബർ 2022 | 4,45,018 | 883/14.12.2022 |

ശമ്പള റിക്കവറികൾ ഒടുക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിന് 22.05.2023 തീയ്യതിയിലെ 39/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം അറിയിച്ചിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച പരാമർശം സംബന്ധിച്ച നടപടിക്രമങ്ങളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-32 സേവന പുസ്തകങ്ങളുടേയും പെൻഷൻ പുസ്തകങ്ങളുടേയും പരിശോധന**

നഗരസഭയിൽ നിലവിൽ ജോലി ചെയ്യുന്നതും വിരമിച്ചതുമായ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ഓഡിറ്റ് കാലയളവിൽ പരിശോധന നടത്തിയിട്ടുണ്ട്. ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുൾപ്പെടെയുള്ള ശമ്പളനിർണ്ണയങ്ങൾ അംഗീകരിക്കുകയും സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതത് സമയങ്ങളിൽ നഗരസഭാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**പെൻഷൻ പുസ്തകങ്ങളുടെ പരിശോധന**

നഗരസഭയിൽ നിന്നും വിരമിച്ച കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ 08.12.22 തീയ്യതിയിലെ സ.ഉ(അച്ചടി) 168/2021/ധന. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് നൽകുകയും നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് നൽകുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് ശുപാർശ ചെയ്യുകയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഈ കാര്യാലയം അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**1-33 കണ്ടിജന്റ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കു വരുത്തുന്നില്ല**

ഫയൽ നമ്പർ :A4/17971/2019

പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ എൻ.പി.എസ് വിഹിതവും നഗരസഭാ വിഹിതവും 2020 മാർച്ച് മാസം വരെയാണ് പ്രാൺ അക്കൗണ്ടിൽ ഒടുക്കു വരുത്തിയതായി കാണുന്നത്. ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം നഗരസഭ കൃത്യമായി കുറവ് ചെയ്തു വരുന്നുണ്ട്. ജീവനക്കാരുടെ എൻ.പി.എസ് വിഹിതം സമയബന്ധിതമായി പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നത് മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തവാദികളായിരിക്കുന്നതാണ് എന്ന് 03.03.2022 ലെ 15/2022/ധന. നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ എൻ.പി.എസ് വിഹിതം സമയബന്ധിതമായി പ്രാൺ അക്കൗണ്ടിൽ ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-34 റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഒടുക്കുവരുത്തുന്നില്ല**

ഫയൽ നമ്പർ: A4/21802/2013

നഗരസഭയുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതവും നഗരസഭാ വിഹിതവും 2022 ഡിസംബർ മാസം വരെയാണ് പ്രാൺ അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നത്. 2023 ജനവരി മാസം മുതൽ ആഗസ്റ്റ് മാസം വരെയുള്ള ശമ്പള ബില്ലിൽ നിന്നും നഗരസഭയിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ പെൻഷൻ വിഹിതം കുറവ് വരുത്തിയിട്ടുണ്ട്. നഗരസഭാ വിഹിതം ഉൾപ്പെടെയുള്ള തുക എൻ.പി.എസ് വിഹിതം ഇനത്തിൽ പ്രാൺ അക്കൗണ്ടിൽ ഒടുക്കേണ്ടതായിരുന്നു. സമയബന്ധിതമായി എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നത് മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദികളായിരിക്കുന്നതാണ് എന്ന് 03.03.2022 ലെ 15/2022/ധന. നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ എൻ.പി.എസ് വിഹിതം സമയബന്ധിതമായി പ്രാൺ അക്കൗണ്ടിൽ ഒടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-35 കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ദിവസത്തിലും അധികം ദിവസങ്ങൾ ടെർമിനൽ സറണ്ടർ ടെർമിനൽ സറണ്ടർ അനുവദിച്ചത്**

13.11.2000 ത്തിലെ സ.ഉ(ആർ.ടി)നം.4516/00/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ടെർമിനൽ സറണ്ടറിന്റെ പരിധി 180 ദിവസം ആയി നിശ്ചയിച്ചിട്ടുണ്ട്. ഇത് തദ്ദേശ സ്വയം ഭരണ(ഇ.യു) വകുപ്പിന്റെ 07.08.2009 ലെ 37275/ഇ.യു3/08/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. തലശ്ശേരി നഗരസഭയിലെ താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാർക്ക് അനുവദനീയമായ 180 ദിവസത്തിലും അധികം ദിവസങ്ങൾ ടെർമിനൽ സറണ്ടർ അനുവദിച്ചതായി കാണുന്നു.

| ജീവനക്കാരന്റെ പേര്/ തസ്തിക [ഫയൽ നം] | റിട്ടയർ ചെയ്ത തീയ്യതി | ടെർമിനൽ സറണ്ടർ അനുവദിച്ച ദിവസങ്ങൾ | ടെർമിനൽ സറണ്ടർ ചെയ്ത തുക/വൗച്ചർ നം./തീയ്യതി | അനുവദിക്കേണ്ട തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| സുരേഷ് ബാബു. സി, A ഡിവിഷൻ, സാനിറ്റേഷൻ വർക്കർ [ഫയൽ നം. എച്ച്3-1732/22] | 28.02.2022 | 203 | 4,64,133<br>243/6-2022 | 4,11,546 | 52,587 |
| സുരേഷ് ബാബു. സി, കൊളശ്ശേരി ഡിവിഷൻ, സാനിറ്റേഷൻ വർക്കർ [ഫയൽ നം. എച്ച്3-17695/21] | 31.03.2022 | 181 | 4,13,832<br>242/6-2022 | 4,11,546 | 2,286 |
| അശോകൻ. എം, A ഡിവിഷൻ, സാനിറ്റേഷൻ വർക്കർ [ഫയൽ നം. എച്ച്3-1733/22] | 30.04.2022 | 214 | 4,14,318<br>244/6-2022 | 3,48,480 | 65,838 |
| **ആകെ** | | | | | **1,20,711** |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.25/2022-23 തീയ്യതി: 14.02.2023) അധികമായി അനുവദിച്ച തുക മേൽ ജീവനക്കാരുടെ ഡി.സി.ആർ.ജിയിൽ നിന്നും തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറിക്ക് വേണ്ടി ഹെൽത്ത് സൂപ്പർവൈസർ 01.03.2022 തീയ്യതിയിലെ എച്ച് 3-16374/11 നം. മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ 30.09.2023 വരെ പ്രസ്തുത തുക തിരികെ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ അർഹതയിലും അധികം അനുവദിച്ച 1,20,711 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

**1-36 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8,92,48,455/- രൂപ ലഭിക്കാൻ ബാക്കി**

നഗരസഭയിൽ 96 റഗുലർ പെൻഷണർമാർ, 169 കണ്ടിജന്റ് പെൻഷണർമാർ എന്നിവ അടക്കം ആകെ 265 പെൻഷണർമാരുണ്ട്. വിരമിക്കുന്ന ജീവനക്കാർ കോടതി മുഖാന്തിരം കേസ് നല്കിയാൽ മാത്രം പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്ന സ്ഥിതിയാണ് നഗരസഭയിലുള്ളത്. നഗരസഭയിലെ 4 കണ്ടിജന്റ് ജീവനക്കാർ പെൻഷൻ ആനുകൂല്യങ്ങൾക്കു വേണ്ടിയും 29 കണ്ടിജന്റ് ജീവനക്കാർ പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾക്കു വേണ്ടിയും ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പെൻഷണർമാർക്ക്

ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. നഗരസഭാ സെക്രട്ടറിയുടെ 08.06.2023 തീയ്യതിയിൽ എ4-44544/2011 നമ്പരായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അയച്ച കത്തിൽ നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം സൂചിപ്പിച്ചിരുന്നു. നഗരകാര്യ ഡയറക്ടറുടെ 02.06.2023 തീയ്യതിയിലെ എൽഎസ്ജിഡി/പിഡി/18628/2023-PENA7(1) നമ്പർ കത്ത് പ്രകാരം തലശ്ശേരി നഗരസഭയ്ക്ക് 31.03.2023 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8,92,48,455/- രൂപ ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു. നഗരസഭയിലെ റഗുലർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-37 ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വർഷങ്ങളോളം കുടിശ്ശികയാകുന്നു**

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തലശ്ശേരി നഗരസഭയിൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് വർഷങ്ങൾക്കു ശേഷവും ആനുകൂല്യം അനുവദിക്കാതെ കുടിശ്ശിക നിലനിർത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. നഗരസഭയിൽ 48 റഗുലർ പെൻഷൻകാർ, 48 റഗുലർ ഫാമിലി പെൻഷൻകാർ, 78 കണ്ടിജന്റ് പെൻഷൻകാർ, 91 കണ്ടിജന്റ് ഫാമിലി പെൻഷൻകാർ തുടങ്ങി 265 പെൻഷണർമാരുണ്ട്. വിരമിച്ച ജീവനക്കാർക്ക് നഗരസഭയുടെ തനതു വരുമാനത്തിൽ നിന്നും കുടിശ്ശിക തുകകൾ വിതരണം ചെയ്യാൻ സാധിക്കാതെ വരുകയും ഇതുമൂലം ജീവനക്കാർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്യുന്ന സാഹചര്യമാണ് ഉള്ളത്. തലശ്ശേരി നഗരസഭയിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ വിതരണം ചെയ്യാതെ നില്ക്കുന്ന പെൻഷൻ/കുടുംബപെൻഷൻ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 21.07.2023 തീയ്യതിയിൽ നല്കിയ 56/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 23.08.2023 ന് എ3-14882/23 നമ്പരായി സെക്രട്ടറി നല്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

റഗുലർ ജീവനക്കാർക്ക് നൽകേണ്ട പെൻഷൻ ആനുകൂല്യങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | പേര് | റിട്ടയർ ചെയ്ത തീയ്യതി | പെൻഷൻ അരിയർ | ഡി.സി.ആർ.ജി | പെൻഷൻ കമ്മ്യൂട്ടേഷൻ | ആകെ |
|---|---|---|---|---|---|---|
| 1 | ചന്ദ്രഭാനു, പി.എ.ടു സെക്രട്ടറി (പെൻഷൻ റിവൈസ്ഡ്) | 31.07.2019 | - | - | 5,19,747 | 5,19,747 |
| 2 | സജിത കുമാരി (പെൻഷൻ റിവൈസ്ഡ്) | 30.04.2020 | - | 1,03,752 | 2,61,872 | 3,65,624 |
| 3 | സി.ജനാർദ്ദനൻ, ഓഫീസ് അറ്റൻഡന്റ് | 30.04.2021 | - | - | 16,76,986 | 16,76,986 |
| 4 | എ.അജ്മൽഖാൻ, ഓഫീസ് അറ്റൻഡന്റ് | 31.03.2022 | - | - | 15,79,752 | 15,79,752 |
| 5 | ഷീല.ഇ, എച്ച്.ഐ | 31.03.2022 | - | - | 11,04,628 | 11,04,628 |
| 6 | സി.രാധാകൃഷ്ണൻ, സീനിയർ ക്ലർക്ക് | 30.04.2022 | - | - | 7,77,755 | 7,77,755 |
| **ആകെ** | | | | **1,03,752** | **59,20,740** | **60,24,492** |

സാനിറ്റേഷൻ വർക്കർമാർക്ക് നൽകേണ്ട പെൻഷൻ ആനുകൂല്യങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | പേര് | റിട്ടയർ ചെയ്ത തീയ്യതി | ഡി.സി.ആർ.ജി | പെൻഷൻ കമ്മ്യൂട്ടേഷൻ | ആകെ |
|---|---|---|---|---|---|
| 1 | എൻ.പി.സലീം | 31.03.2019 | 2,70,300 | 4,00,248 | 6,70,548 |

| | | | | | |
|---|---|---|---|---|---|
| 2 | ഫിലോമിന ഫെർണാണ്ടസ് | 30.04.2021 | 7,33,040 | 8,39,344 | 15,72,384 |
| 3 | ടി.കെ.പ്രഭാകരൻ | 31.05.2021 | 4,17,942 | 6,13,086 | 1031,028 |
| 4 | ഹരിദാസൻ | 31.05.2021 | 4,99,690 | 7,20,917 | 12,20,607 |
| 5 | രതി.പി | 31.10.2021 | 2,04,209 | 4,00,248 | 6,04,457 |
| 6 | ഇ.ശശീന്ദ്രൻ | 02.08.2021 | 5,43,132 | 0 | 5,43,132 |
| 7 | സുരേന്ദ്രൻ | 31.05.2022 | 5,62,606 | 8,19,567 | 13,82,173 |
| 8 | രാമചന്ദ്രൻ | 31.07.2022 | - | 6,10,025 | 6,10,025 |
| 9 | കാഞ്ചന | 30.04.2023 | 6,04,978 | 8,65,831 | 14,70,809 |
| 10 | സത്താർ | 31.05.2023 | 6,75,384 | 9,74,840 | 16,50,224 |
| **ആകെ** | | | **45,11,281** | **62,44,106** | **1,07,55,387** |

| കണ്ടിജന്റ് വിഭാഗം-കുടുംബ പെൻഷനർമാർക്ക് അനുവദിക്കേണ്ട പെൻഷൻ ആനുകൂല്യങ്ങളുടെ വിവരങ്ങൾ | | | | |
|---|---|---|---|---|
| **ക്രമ നം.** | **പേര്** | **ഡി.സി.ആർ.ജി** | **പെൻഷൻ അരിയർ** | **ആകെ** |
| 1 | സുശീല.പി, W/O.എൻ.കോമൻ | 4,88,376 | 2,72,697 | 7,61,073 |
| 2 | പുഷ്പ.പി, W/O.രാധാകൃഷ്ണൻ | 4,42,080 | 1,87,200 | 6,29,280 |
| 3 | സി.എൻ.റീന, W/O.സുധാകരൻ | 3,78,144 | 1,20,078 | 4,98,222 |
| 4 | ഷീന, W/O.സുധാകരൻ | 4,21,824 | 72,425 | 4,94,249 |
| 5 | മെർലിൻ റോച്ച, W/O.വിൻസെന്റ് | 5,99,628 | 1,91,137 | 7,90,765 |
| 6 | ജമുന, W/O.ഉദയകുമാർ | 5,57,256 | 1,24,915 | 6,82,171 |
| 7 | രാജശ്രീ | 10,71,659 | 7,17,416 | 17,89,075 |
| 8 | വിനോദിനി | 5,62,189 | 2,22,720 | 7,84,909 |
| **ആകെ** | | **45,21,156** | **19,08,588** | **64,29,744** |

| പെൻഷൻ റിവിഷൻ കുടിശ്ശിക | | | | | | |
|---|---|---|---|---|---|---|
| **ക്രമ നം.** | **ജീവനക്കാരന്റെ പേര്** | **റിട്ടയർ ചെയ്ത തീയ്യതി** | **പെൻഷൻ റിവിഷൻ അരിയർ** | **കമ്മ്യൂട്ടേഷൻ വ്യത്യാസം** | **ഡി.സി.ആർ.ജി വ്യത്യാസം** | **ആകെ** |
| 1 | കുടുവൻ രാമചന്ദ്രൻ | 30.04.2020 | 38,352 | 1,64,102 | 68,952 | 2,71,406 |
| 2 | മഹേഷ് ബാബു | 30.09.2020 | 41,424 | 2,05,539 | 1,00,320 | 3,47,283 |
| 3 | കെ ലക്ഷ്മണൻ | 31.12.2019 | 60,450 | 2,80,341 | 1,28,650 | 4,69,441 |
| 4 | എൻ പി രഞ്ജിത്ത് കുമാർ | 31.12.2020 | 71,857 | 1,51,741 | 70,516 | 2,94,114 |
| 5 | വി ദിനേഷ് ബാബു | - | 37,184 | 1,68,928 | 63,650 | 2,69,762 |

| | | | | | | |
|---|---|---|---|---|---|---|
| 6 | കെ.രമേശൻ | 30.06.2020 | 23115 | 141264 | 54390 | 218769 |
| 7 | പി മോഹനൻ | - | 32340 | 210247 | 49530 | 292117 |
| | | | **3,04,722** | **13,22,162** | **5,36,008** | **21,62,892** |

നഗരസഭയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ കൊടുത്തു തീർക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ആണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-38 കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക/ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കാൻ ബാക്കി നില്ക്കുന്നു**

**(1) പെൻഷൻ പരിഷ്കരണ കുടിശ്ശിക**

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ഫയൽ നം: എ4-20664/06

ധനകാര്യ (പെൻഷൻ - ബി) വകുപ്പിന്റെ 8.12.2021 ലെ സ.ഉ(അച്ചടി) നം. 168/2021/ധന. നമ്പർ ഉത്തരവ് പ്രകാരം കണ്ടിജന്റ് പെൻഷൻ കുടുംബ പെൻഷണർമാരുടെ പെൻഷൻ/ കുടുംബ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവായിരുന്നു. വിരമിച്ച കണ്ടിജന്റ് ജീവനക്കാരുടെ പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ 01.07.2019 തീയ്യതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതും മേൽ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ 01.01.2022 തീയ്യതി മുതൽ അനുവദിക്കാവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ ഒന്നാം ഗഡു മാത്രമാണ് 14.02.2023 ലെ 1101 നമ്പർ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുന്നത്.

**(2) ശമ്പള പരിഷ്കരണ കുടിശ്ശിക**

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഫയൽ നം. : എച്ച് 3-26585/21

ധനകാര്യ (പി ആർ സി ഡി) വകുപ്പിന്റെ 12.08.2021 ലെ സ.ഉ (എം.എസ്) നം.89/2021 ധന. നമ്പർ ഉത്തരവ് പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിരുന്നു. തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പിന്റെ 09.02.2022 ലെ സ.ഉ.(സാധാ) 294/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക രണ്ട് തുല്യ ഗഡുക്കളായി ആദ്യ ഗഡു 2022 ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു 2023 ഏപ്രിൽ മാസത്തിലും രൊക്കം പണമായി അനുവദിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭാ കൌൺസിലിന്റെ 29.09.2021 ലെ 15 -ാം നമ്പർ തീരുമാനപ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഫയലിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ ത്തിന്റെ കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിന്റെ ഭാഗമായി കണ്ടിജന്റ് ജീവനക്കാർക്ക് നല്കാനുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡുവായ 26,53,568/- രൂപ 01.02.2023 തീയ്യതിയിൽ 1039 നമ്പർ വൗച്ചർ പ്രകാരവും രണ്ടാം ഗഡു 2023 സെപ്റ്റംബറിൽ 504 നമ്പർ വൗച്ചർ പ്രകാരവും അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗഡുക്കൾ കൂടി അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**1-39 കാലഹരണപ്പെട്ട ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതും ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാത്തതും - -സർക്കാർ ഉത്തരവുകളിലെ നിർദ്ദേശം പാലിച്ചില്ല - 8,01,481/- രൂപ തടസ്സപ്പെടുത്തുന്നു**

എ) കാലഹരണപ്പെട്ട ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചു - 8,01,481/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഫയൽ നം | : എ1/23748/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി, തലശ്ശേരി നഗരസഭ |

| | |
|---|---|
| വൗച്ചർ നം / തീയ്യതി | : 1164/01.03.2023 |
| തുക | : 8,01,481 (തനതുഫണ്ട്) |

ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 10.03.2020 തീയ്യതിയിലെ സ.ഉ.(അച്ചടി) 25/2020/ധന നമ്പർ ഉത്തരവ്, ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 22.01.2021 തീയ്യതിയിലെ സ.ഉ.(അച്ചടി) 12/2021/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം 01.01.2005 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 30.06.2021 വരെ സമയപരിധി ദീർഘിപ്പിച്ച് കൊണ്ടും ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 23.02.2022 തീയ്യതിയിലെ സ.ഉ.(അച്ചടി) 22/2022/ധന നമ്പർ ഉത്തരവ് പ്രകാരം 01.01.2010 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 31.07.2022 വരെയും സമയപരിധി ദീർഘിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു.

എ1/23748/18 ഫയൽ നമ്പർ പ്രകാരം നഗരസഭയിലെ സർവ്വീസിൽ നിന്ന് വിരമിച്ചതും 6 മാസത്തിനകം വിരമിക്കുന്നതുമായ 17 റഗുലർ ജീവനക്കാർക്ക് 1/2010 മുതൽ 3/2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക മേൽ വൗച്ചർ പ്രകാരം കാലാവധിക്ക് ശേഷം അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ,

| ക്രമ നം. | പേര് | ക്ഷാമബത്ത കാലയളവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | അജ്മൽ ഖാൻ | 1/10 - 3/17 | 91,092 |
| 2 | ഷീല. ഇ | 1/10 - 3/17 | 99,907 |
| 3 | രാധാകൃഷ്ണൻ.സി | 1/10 - 3/17 | 82,140 |
| 4 | സത്യൻ | 1/10, 7/10, 7/13 - 3/17 | 57,140 |
| 5 | പ്രദീപൻ.ടി.കെ | 1/10 – 3/11, 7/14 –3/17 | 39,488 |
| 6 | പ്രേമരാജൻ | 1/10 - 3/17 | 89,997 |
| 7 | സതീശൻ.കെ | 1/10 - 3/17 | 98,422 |
| 8 | ഷക്കീല. ഇ.വി | 7/10, 7/11 – 12/13, 1-15 –3/17 | 35,247 |
| 9 | പ്രദീപൻ. സി | 1/10 - 3/11 | 13,882 |
| 10 | രാജേശ്വരി.സി | 1/10 – 3/11, 7/13–3/17 | 61,997 |
| 11 | രമേശൻ. കെ | 7/13 - 3/17 | 25,806 |
| 12 | അരുൾ. പി | 1/15 - 12/16 | 14,528 |
| 13 | രാജേന്ദ്രൻ. പി.കെ | 1/10 – 5/13, 2/16 - 3/17 | 47,644 |
| 14 | മിനി. പി | 7/13 – 12/13 | 6,268 |
| 15 | അനിത. ബി | 1/15 - 3/17 | 32,163 |
| 16 | സിൻസ് | 3/17 | 1,200 |
| 17 | മുഹമ്മദ് ഹിജാസ് | 2/16 - 3/17 | 4,560 |
| | **ആകെ** | | **8,01,481** |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുച്ഛേദം 56 (B(i)) പ്രകാരം കാലാഹരണപ്പെട്ട ക്ലെയിം അനുവദിക്കുമ്പോൾ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ് എന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത ക്ലെയിം അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ജീവനക്കാർക്ക് അനുവദിച്ച മേൽ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**ബി) ക്ഷാമബത്ത കുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല**

നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി മൂലം റഗുലർ ജീവനക്കാർക്ക് 01.06.2014 മുതലുള്ളതും കണ്ടിജന്റ് ജീവനക്കാർക്ക് 01.07.2014 മുതലുമുള്ള ക്ഷാമബത്ത കുടിശ്ശിക നാളിതുവരെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല എന്ന് കാണുന്നു (ഫയൽ നം : എ1-23748/18). ജീവനക്കാർ വിരമിക്കുന്ന/മരണപ്പെടുന്ന സമയത്ത് കുടിശ്ശികകൾ അനുവദിച്ച് വരുന്നതായാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്. ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 10.03.2020 തീയ്യതിയിലെ സ.ഉ.(അച്ചടി) 25/2020/ധന നമ്പർ ഉത്തരവ്, ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 22.01.2021

തീയ്യതിയിലെ സ.ഉ.(അച്ചടി) 12/2021/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം 01.01.2005 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 30.06.2021 വരെ സമയപരിധി ദീർഘിപ്പിച്ചു കൊണ്ടും ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പിന്റെ 23.02.2022 തീയ്യതിയിലെ സ.ഉ.(അച്ചടി) 22/2022/ധന നമ്പർ ഉത്തരവ് പ്രകാരം 01.01.2010 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 31.07.2022 വരെയും സമയപരിധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവായിരുന്നു.

നിയമനാധികാരി/നിയന്ത്രണാധികാരി തന്റെ കീഴിലുള്ള ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ഈ വിഷയത്തിൽ വീഴ്ച വരുത്തുന്നത് നിയമനാധികാരി/നിയന്ത്രണാധികാരിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായികണ്ട് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മേൽ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 01.07.2014 മുതലും റഗുലർ ജീവനക്കാർക്ക് 01.06.2014 മുതലുള്ളതുമായ ക്ഷാമബത്ത കുടിശ്ശിക നഷ്ടപ്പെട്ടിട്ടുണ്ട്. ആയതിനാൽ നഗരസഭയിൽ ജീവനക്കാർക്ക് കുടിശ്ശികയുള്ള ക്ഷാമബത്ത പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-40 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല 20,000/- രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| ഫയൽ | : എച്ച്1-15535/21 |
| ചെലവ് തുക | : 75,000 (തനതു ഫണ്ട്) |
| വൗച്ചർ നം./തീയതി | : 115/05.05.2022 |

തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 28.04.2022 ലെ എച്ച്.1-15535/21 നമ്പർ നടപടിക്രമങ്ങൾ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഓവുചാലുകൾ വൃത്തിയാക്കുന്നതിന് ജെ.സി.ബി/ഹിറ്റാച്ചി എന്നിവ ഉപയോഗിക്കുന്നതിന് 25.04.2022 തീയ്യതിയിൽ ഹെൽത്ത് സൂപ്പർവൈസറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുക്കുകയും നഗരസഭാ ആരോഗ്യ വിഭാഗം ഡിവിഷൻ തലവൻമാർക്ക് താഴെ പറയും പ്രകാരം മുൻകൂർ തുകകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

| ഡിവിഷൻ | ഉദ്യോഗസ്ഥന്റെ പേര് | തുക |
|---|---|---|
| എ | സനൽ.യു.കെ<br>(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) | 15,000 |
| ബി | അജിത. കെ<br>(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) | 10,000 |
| സി | ബാബു.കെ<br>(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) | 20,000 |
| ഡി | കൃഷ്ണൻ. എൻ.എസ്<br>(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II) | 10,000 |
| കൊളശ്ശേരി | രജിന.വി<br>(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I) | 10,000 |
| കോടിയേരി | ശശിധരൻ.കെ.എം<br>(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I) | 10,000 |

ടി നടപടിക്രമങ്ങൾ പ്രകാരം കൊളശ്ശേരി ഡിവിഷൻ ജെ.എച്ച്.ഐ ശ്രീമതി.രജിന വി എന്നവർക്ക് 10,000 രൂപ മുൻകൂർ അനുവദിച്ചു നൽകിയതായി കാണുന്നു. എന്നാൽ ടിയാരിയെ ഏല്പിച്ച പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും അനുവദിച്ചു നൽകിയ തുക ചെലവഴിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

ഡി ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ.കൃഷ്ണൻ.എൻ.എസ് ന് 10,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടിയാന്റെ റിപ്പോർട്ട് പ്രകാരം വാർഡ് നം. 34, 35, 37, 39, 40, 41, 46 എന്നീ വാർഡുകളിൽ പ്രവൃത്തി ചെയ്തതായി സൂചിപ്പിക്കുന്നു. എന്നാൽ 35 (കൊമ്മൽ വയൽ), 46(കൈവട്ടം) എന്നീ വാർഡുകളിൽ പ്രവൃത്തി ചെയ്തതായുള്ള വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. പ്രവൃത്തി ചെയ്ത സന്തോഷ് Excavators ന്റെ ട്രിപ്പ് ഷീറ്റിൽ ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് ടിയാൻ കൈപ്പറ്റിയ തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മേൽ

പദ്ധതിക്കായി ശുചിത്വ മിഷൻ വിഹിതവും നഗരസഭാ വിഹിതവും അനുവദിച്ചതായിട്ടുള്ള വിവരം ഫയലിൽ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് 22.05.2023 തീയ്യതിയിലെ 40/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 10,000 രൂപ വീതം കൊളശ്ശേരി ഡിവിഷൻ ജെ.എച്ച്.ഐ ശ്രീമതി.രജിന വി, ഡി ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ.കൃഷ്ണൻ.എൻ.എസ് എന്നവർക്ക് അനുവദിച്ച 20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-41 വെള്ളക്കരം-അധികം ഒടുക്കിയ തുക ക്രമീകരിച്ചില്ല-1,19,515/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

ഫയൽ നമ്പർ : ജി1/6201/75

തലശ്ശേരി നഗരസഭ വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 11/2022 മാസം വരെ 563 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് നഗരസഭ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. (ടാപ്പൊന്നിന് പ്രതിവർഷം 8692.11 രൂപ നിരക്കിൽ). നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്ന് 13.06.22 മുതൽ 02.07.22 വരെ നടത്തിയ സംയുക്ത പരിശോധനയിൽ നഗരസഭയിൽ 530 പൊതുടാപ്പുകൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ശേഷവും 11/2022 വരെ വാട്ടർ അതോറിറ്റി 563 പൊതുടാപ്പുകളുടെ വെള്ളക്കരം തന്നെയാണ് നഗരസഭയിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഇത് വഴി നഗരസഭയ്ക്ക് താഴെ വിശദീകരിച്ചത് പ്രകാരം 1,19,515 രൂപ അധികം നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് തീയ്യതി വരെ വാട്ടർ അതോറിറ്റി തുടർ ബില്ലുകളിൽ ക്രമീകരിച്ച് നൽകിയിട്ടില്ല. ആയതിനാൽ 7/22 മുതൽ 11/22 വരെയുള്ള അഞ്ച് മാസങ്ങളിൽ വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ 1,19,515/- രൂപ ഓഡിറ്റിൽ നടസ്സപ്പെടുത്തുന്നു. ഈ തുക വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള വെള്ളക്കരത്തിന്റെ ബില്ലുകളിൽ ക്രമീകരിച്ച് തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| മാസം | വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് നം./തീയ്യതി | വൗച്ചർ നം./ബിൽനം./തീയ്യതി | ഒടുക്കിയ വെള്ളക്കരം (563 ടാപ്പുകൾക്ക് 8692.11/- രൂപ പ്രതിവർഷം) | ഒടുക്കേണ്ട വെള്ളക്കരം 530 ടാപ്പുകൾക്ക് | അധികം ഒടുക്കിയത് |
|---|---|---|---|---|---|
| 07/22 | 64735/ 04.07.22 | 360/7-22 19.07.22 | 4,07,800 | 3,83,897 | 23,903 |
| 08/22 | 65538/ 05.08.22 | 468/8-22 22.08.22 | 4,07,800 | 3,83,897 | 23,903 |
| 09/22 | 66757/ 17.09.22 | 591/9-22 24.09.22 | 4,07,800 | 3,83,897 | 23,903 |
| 10/22 | 67480/ 07.10.22 | 699/10-22 19.10.22 | 4,07,800 | 3,83,897 | 23,903 |
| 11/22 | 68242/ 05.11.22 | 146/ 23.11.22 | 4,07,800 | 3,83,897 | 23,903 |
| | | | | **ആകെ** | **1,19,515** |

**1-42 നഗരസഭയ്ക്ക് കൈമാറാത്ത കൊളശ്ശേരി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ HMC രൂപീകരിച്ചു**

ഫയൽ നം:E7-679/19

കൊളശ്ശേരി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ HMC ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ചെലവു വന്ന 68,890/- രൂപ റീ ഇംബേഴ്സ് ചെയ്തു തരണമെന്ന് നഗര പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ കത്ത് പ്രകാരം നഗരസഭയിൽ അപേക്ഷ നൽകുകയും നഗരസഭാ കൗൺസിലിന്റെ 28.4.2022 ലെ 12-ാം നമ്പർ തീരുമാനപ്രകാരം തുക അനുവദിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തതായി കാണുന്നു.

ഇതു സംബന്ധിച്ച ഫയൽ പരിശോധനയിൽ കൊളശ്ശേരി നഗര പ്രാഥമികാരോഗ്യ കേന്ദ്രം NHM ന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നതെന്നും നഗരസഭ, സ്ഥാപനത്തിന് കെട്ടിടം നിർമ്മിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും

വിശദീകരിച്ചിട്ടുണ്ട്. സ്ഥാപനം വകുപ്പ് തലത്തിൽ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതല്ലെന്നും സ്ഥാപനത്തിലേക്കാവശ്യമായ മരുന്നുകൾ NHM മുഖേനയാണ് വാങ്ങിക്കുന്നതെന്നും ഫയലിൽ ചൂണ്ടിക്കാട്ടുന്നു. സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ താല്ക്കാലിക നിയമനം ലഭിച്ച വ്യക്തിയായതിനാലും നിർവ്വഹണ ചുമതല നൽകാൻ സാധിക്കുകയില്ല എന്നും 05.08.2021 ലെ ഓഫീസ് കുറിപ്പ് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2013 മാർച്ച് 14 ലെ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ സ.ഉ. (എം.എസ്) 91/2013/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം ചട്ടം 3 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും പ്രസ്തുത മുനിസിപ്പാലിറ്റിക്ക് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെടാത്തതും താല്ക്കാലിക നിയമനം ലഭിച്ച മെഡിക്കൽ ഓഫീസർ സേവനം അനുഷ്ഠിക്കുന്നതുമായ കൊളശ്ശേരി പി.എച്ച്.സിയിൽ ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചതിന്റെ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കിയില്ല. നഗരസഭയ്ക്ക് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് മാത്രമേ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സാധിക്കുകയുള്ളൂ എന്നും കൊളശ്ശേരി പി.എച്ച്.സി നഗരസഭയ്ക്ക് വിട്ടു കിട്ടിയിട്ടുള്ളതാണെന്നും നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ഉറപ്പു വരുത്തേണ്ടതും ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ചെലവു തുക തനതു ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൊളശ്ശേരി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ എച്ച്.എം.സിയുടെ വരവു ചെലവു കണക്കുകൾ നാളിതു വരെയായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും മേൽ വിഷയം ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും ആയത് ഗൗരവമായി എടുത്തതായി കാണുന്നില്ല. ഇക്കാര്യത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-43 പദ്ധതി അവസാനിച്ചിട്ടും ഐ എച്ച് എസ് ഡി പി യുടെ നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല**

ഫയൽ നമ്പർ: H3-22779/2007

IHSDP യുടെ ക്യാഷ് ബുക്ക് പ്രകാരം 30.06.2023 ന് 1,23,18,591 രൂപ നീക്കിയിരിപ്പ് ഉണ്ട്. (ഇൻഡ്യൻ ബാങ്ക് തലശ്ശേരി ശാഖയിലെ അക്കൗണ്ട് നമ്പർ 72254105 ). IHSDP പദ്ധതി 2017 മാർച്ച് 31 ന് അവസാനിക്കുകയാണെന്നും മാർച്ച് 31 ന് വെച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടിലെ ബാക്കി തുക (പലിശ ഉൾപ്പെടെ) ഏപ്രിൽ 5 ന് മുമ്പായി RTGS ആയി കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.03.2017 ലെ നമ്പർ 6066/G/2011/KSHO കത്ത് പ്രകാരം നഗരസഭ സെക്രട്ടറിക്ക് അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം അവയുടെ പലിശ എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ളതായി കണക്കാക്കിയ 45,57,565/- രൂപ 10.04.2017 ന് കുടുംബശ്രീ സംസ്ഥാന മിഷനിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 01.04.2013 മുതൽ IHSDP യുമായി ബന്ധപ്പെട്ട് മറ്റ് ചെലവുകൾ ഒന്നും തന്നെ ഇല്ല. പദ്ധതി അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഒന്നേകാൽ കോടിയിൽ പരം രൂപ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കാതെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു വരികയാണ്. ഈ തുക ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന കേന്ദ്ര/സംസ്ഥാന വിഹിതങ്ങൾ തിരിച്ചടച്ചതിന് ശേഷമുള്ള നഗരസഭ വിഹിതവും ആയതിന്റെ പലിശയുമാണെന്നും 01.04.2013 മുതൽ IHSDP യുമായി ബന്ധപ്പെട്ട് ചെലവുകളൊന്നുംതന്നെ ഇല്ലെന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭിക്കാത്തതിനാലും ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് വ്യക്തമല്ലാത്തതിനാലുമാണ് പ്രസ്തുത തുക നിലവിലുള്ള ബാങ്ക് അക്കൗണ്ടിൽതന്നെ സൂക്ഷിച്ചു വരുന്നത് എന്നുമാണ് നഗരസഭ ഇത് സംബന്ധിച്ച് നൽകിയ വിശദീകരണം. ഈ വിഷയം മുൻറിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക സർക്കാർ നിർദ്ദേശിക്കുന്ന ശീർഷകത്തിൽ അടിയന്തിരമായി തിരിച്ചടക്കേണ്ടതാണ്.

**1-44 2022-23 വർഷത്തെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിലെ പൊതുവായ ന്യൂനതകൾ**

2022-23 വർഷം നഗരസഭ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷാ ഫോറങ്ങൾ മുഴുവൻ പേർക്കും ലഭ്യമാക്കുന്നില്ല.

19.04.22 ലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ക്രമ നം.12.3 പ്രകാരം അർഹരായ മുഴുവൻ പേർക്കും അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയ്യതിയും സമയവും നിശ്ചയിച്ച് നൽകുകയും എല്ലാവിധ പൊതുസാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യുകയും വേണം. ഇത്തരത്തിൽ

വ്യാപകമായ ഒരു പ്രചാരണം നഗരസഭ നടത്തിയതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) കരട് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന് ശേഷമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ല.

അധികാരങ്ങളും ചുമതലകളും വികേന്ദ്രീകരിച്ചതോടെ അധികം പദ്ധതികളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടതിനുള്ള അധികാരം വാർഡ് സഭയ്ക്കും ആയത് അംഗീകരിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.12.3(3) പ്രകാരം അപേക്ഷ സ്വീകരിച്ച് വിശദമായ പരിശോധനയ്ക്ക് ശേഷം അർഹതാ മാനദണ്ഡങ്ങളുടെയും മുൻഗണനാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. മേൽ ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.12.3(5) ലിസ്റ്റ് പ്രസിദ്ധീകരിച്ച് 10 ദിവസത്തെ സമയം നൽകേണ്ടതാണ്. ആക്ഷേപങ്ങൾ പരിശോധിച്ച് ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റിന് മുൻഗണനാക്രമം മാറാതെ തന്നെ വാർഡ് സഭയും ഭരണസമിതിയും അംഗീകാരം നൽകേണ്ടതാണ്. നഗരസഭ 2022-23 വർഷത്തെ കരട് ഗുണഭോക്തൃ പട്ടിക 2022 ഒക്ടോബർ 19 ലെ 1ാം നമ്പർ തീരുമാനമായി അംഗീകരിച്ചുവെങ്കിലും അന്തിമ ഗുണഭോക്തൃ ലിസ്റ്റിന് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

3) നഗരസഭയുടെ വെബ്സൈറ്റിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയായ സ.ഉ(കൈ) നം.86/2022 ത.സ്വ.ഭ.വ തീയ്യതി 19.04.22യിലെ ഖണ്ഡിക നം.12.3(8) പ്രകാരം കൗൺസിൽ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

4) അപേക്ഷാ ഫോറത്തിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപേക്ഷാഫോറങ്ങൾ, പരിശോധനാ റിപ്പോർട്ടുകൾ, അന്വേഷണ റിപ്പോർട്ടുകൾ, തീരുമാനമെടുത്ത മിനുട്സുകൾ എല്ലാം തന്നെ പൊതുരേഖകളായിരിക്കുന്നതും ആവശ്യപ്പെടുന്ന മുറയ്ക്ക് എല്ലാവർക്കും ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി ചെലവുമായി ബന്ധപ്പെട്ട അപേക്ഷാ ഫോറങ്ങൾ പരിശോധിച്ചതിൽ പല അപേക്ഷകളും പൂർണ്ണമായി പൂരിപ്പിക്കുകയോ അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും നിശ്ചയിക്കുന്ന വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണത്തിന് തൻവർഷം കൃഷി ഓഫീസർ, കോടിയേരി നടപ്പിലാക്കിയ 'നെൽകൃഷിക്ക് കൂലി ചെലവ്'' എന്ന പദ്ധതിയുടെ പല ഗുണഭോക്താക്കളും നെൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി ധനസഹായം നൽകിയതായി കാണുന്നില്ല. കാർഷിക ഭൂമിയുടെ വിസ്തൃതി പരിഗണിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ തുക അനുവദിച്ചതായും കാണുന്നു. 'തെങ്ങിന് ജൈവവളം നൽകൽ' എന്ന പദ്ധതിക്ക് ലഭിച്ച പല അപേക്ഷകളിലും സ്ഥലത്തിന്റെ വിസ്തീർണ്ണവും തെങ്ങുകളുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. കൃഷി സ്ഥലത്തിന്റെ വിസ്തൃതിക്കും/തെങ്ങിന്റെ എണ്ണത്തിനും ആനുപാതികമായി ധനസഹായം വിതരണം ചെയ്തതായി കാണുന്നില്ല.

5) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും നഗരസഭ ആനുകൂല്യം നൽകുന്നു.

ഓഡിറ്റിന് ഹാജരാക്കിയ കരട് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്കും പദ്ധതി ആനുകൂല്യം നൽകിയതായി കാണുന്നു. ഉദാഹരണത്തിന് കേടു വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കുന്ന പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ (ഓഡിറ്റിന് ഹാജരാക്കിയത്) ഉൾപ്പെട്ടിട്ടില്ലാത്ത 18 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വാർഡുസഭയുടെ അംഗീകാരം ലഭിക്കാതെ തന്നെ പല ഗുണഭോക്താക്കളും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതായി കാണുന്നു. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം വാർഡ് സഭക്കായതിനാൽ ഏതൊരു അപേക്ഷയും വാർഡ് സഭയിൽ ചർച്ച ചെയ്യണം. വാർഡ് സഭയിൽ ചർച്ച ചെയ്യാത്ത ഒരു അപേക്ഷകനെയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പാടില്ല. കരട് ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം വീണ്ടും പദ്ധതി ആനുകൂല്യങ്ങൾക്കായി അപേക്ഷ പരിഗണിക്കുന്നത് ശരിയായ നടപടിയല്ല.

6) ഒരു കുടുംബത്തിൽ നിന്ന് ഒന്നിലധികം ഗുണഭോക്താക്കളെ ആനുകൂല്യത്തിന് പരിഗണിക്കുന്നു.

ഒരേ ആവശ്യത്തിനായി ഒരേ കുടുംബത്തിൽ നിന്ന് തന്നെ ഒന്നിലധികം ഗുണഭോക്താക്കളെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നതായി കാണുന്നു. 30.07.2001 ലെ സർക്കുലർ 25421/ഡി.പി-1/2001/ത.സ്വ.ഭ.വ പ്രകാരം ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഒരു കുടുംബത്തിലെ ഒരു വ്യക്തിക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു കുടുംബത്തിലെ 2 വീതം വ്യക്തികളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതായി കാണുന്നു.

7) വാർഡ്സഭയും ഭരണസമിതിയും അംഗീകരിച്ചതിന്റെ വിവരങ്ങൾ അപേക്ഷയിൽ ലഭ്യമല്ല.

അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളെ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്ക് ശേഷം അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷ വാർഡ്സഭ അംഗീകരിച്ചതിന്റെയും ഭരണസമിതി അംഗീകരിച്ചതിന്റെയും വിവരങ്ങൾ അപേക്ഷാ ഫോറത്തിൽ നിന്നും ലഭ്യമാവുന്നില്ല.

വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി, ആക്ഷേപമില്ലാതെ സുതാര്യമായ നടപടിക്രമങ്ങൾ അനുസരിച്ചായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ 30.06.23 ലെ 54/22-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-45 കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ-ക്യാൻസർ നിയന്ത്രണ പദ്ധതി ലക്ഷ്യം കണ്ടില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി |
| പ്രൊജക്ടിന്റെ പേര് | : | കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ-ക്യാൻസർ നിയന്ത്രണ പദ്ധതി |
| പ്രോജക്ട് നമ്പർ | : | 152/2022-23 |
| ആകെ അടങ്കൽ | : | 80,300 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | : | 64,380 |

2022-23 കാലയളവിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ-ക്യാൻസർ നിയന്ത്രണ പദ്ധതി എന്ന പദ്ധതി പ്രകാരം താഴെ വിശദീകരിച്ച 64,380 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം./തീയതി | തുക |
|---|---|
| 330/ 10.03.2023 | 48,380 |
| 346/16.03.2023 | 15,000 |
| 444/29.03.2023 | 1,000 |

ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും രേഖകളും പരിശോധിച്ചപ്പോൾ തലശ്ശേരി നഗരസഭയിലെ 52 വാർഡുകളിൽ കോടിയേരി പി.എച്ച്.സിയുടെ അധികാര പരിധിയിലുള്ള 15 വാർഡുകളിലും ചാലിൽ പി.എച്ച്.സി യുടെ അധികാര പരിധിയിലുള്ള 2 വാർഡുകളിലും (ആകെ 17) മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബാക്കിയുള്ള 35 വാർഡുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർക്ക് 31.05.2023 ന് 33/2022-23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 07.07.2023 ന് നം.688/2023 തീയതി:03.07.2023 ആയി സമർപ്പിച്ച മറുപടിയിൽ ബാക്കിയുള്ള 35 വാർഡുകളിൽ തലശ്ശേരി ജനറൽ ആശുപത്രി, കൊളശ്ശേരി അർബൻ പി.എച്ച്.സി എന്നിവരാണ് ഈ പദ്ധതി നിർവ്വഹിക്കേണ്ടതാണ് എന്നും തുടർ വർഷങ്ങളിൽ പദ്ധതികളുടെ നിർവ്വഹണ ചുമതലകൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നൽകിയാൽ മാത്രമേ പദ്ധതി പൂർണ്ണ വിജയത്തിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ 70% വാർഡുകളിലും ഈ പദ്ധതി നടപ്പിലാക്കാത്തത് കാരണം ഈ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഈ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തുടർ വർഷങ്ങളിൽ ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല തലശ്ശേരി ജനറൽ ആശുപത്രി സൂപ്രണ്ടിന് നൽകുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

**1-46 അതിദരിദ്യർക്കുള്ള മൈക്രോ പ്ലാൻ-മരുന്നു നൽകൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി |
| പ്രോജക്ടിന്റെ പേര് | : | അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ-മരുന്നു നൽകൽ |
| അടങ്കൽ | : | 3,72,310 |
| ചെലവ് | : | 55,666 |
| ഫണ്ട് | : | വികസന ഫണ്ട് (പൊതു വിഭാഗം) |
| പ്രോജക്ട് നം. | : | 531 |

| | |
|---|---|
| ബിൽ നം./തീയ്യതി | : 423/25.03.23 |

2022-23 കാലയളവിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ-മരുന്ന നൽകൽ എന്ന പദ്ധതി പ്രകാരം തലശ്ശേരി നഗരസഭയിലെ അതിദരിദ്രർക്ക് നൽകുന്നതിന് മരുന്നുകൾ വാങ്ങിയ വകയിൽ 55,666/- രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 27.02.2023 ലെ 60ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച മെഡിക്കൽ സേവനം ആവശ്യമുള്ള 97 ഗുണഭോക്താക്കളുടെ പട്ടിക നഗരസഭ 01.03.2023 തീയ്യതിയിൽ എച്ച്-31523/21 നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. എന്നാൽ കോടിയേരി പി.എച്ച്.സിയുടെ അധികാര പരിധിയിലുള്ള 22 വാർഡ് മുതൽ 36 വാർഡ് വരെയുള്ള 15 വാർഡുകളിൽ നിന്ന് പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട 33 പേരേ മാത്രമേ മെഡിക്കൽ ഓഫീസർക്ക് പരിശോധിക്കാൻ സാധിച്ചിട്ടുള്ളൂ. ബാക്കിയുള്ള 37 വാർഡുകളിലുള്ള 64 ഗുണഭോക്താക്കളെ പരിശോധനയ്ക്ക് വിധേയമാക്കുവാൻ മെഡിക്കലോഫീസർക്ക് സാധിച്ചിട്ടില്ല. 70% ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർക്ക് 31.05.2023 ന് 35/2022-23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 07.07.2023 ന് നമ്പർ 688/2023 തീയതി 03.07.2023 ആയി സമർപ്പിച്ച മറുപടിയിൽ, മനുഷ്യ വിഭവശേഷിയുടെ കുറവും പി.എച്ച്.സിയിൽ എത്തുന്ന ശരാശരി 200 ൽ അധികം വരുന്ന രോഗികളുടെ പരിശോധനയും ഓഫീസ് പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടത്താൻ തന്നെ വളരെയധികം പ്രയാസങ്ങൾ അനുഭവിച്ച വരുന്നുണ്ട് എന്നും ഈ സ്ഥാപനത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 3 ജെ.എച്ച്.ഐ തസ്തികയും മാത്രമാണുള്ളത് എന്നും 5000 ജനസംഖ്യക്ക് ഒരു ജെ.എച്ച്.ഐ നഗര പ്രദേശങ്ങളിൽ വേണ്ടയിടത്താണ് 30812 ജനസംഖ്യയുള്ള (പോപ്പുലേഷൻ ഡാറ്റ സർവ്വേ 2022-2023) ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള 15 വാർഡുകളിൽ പൊതുജനാരോഗ്യം പ്രവർത്തിച്ച വരുന്നത് എന്നും ഈ സാഹചര്യത്തിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർണ വിജയത്തിന് തലശ്ശേരി മുനിസിപ്പാലിറ്റിയിലുള്ള ആരോഗ്യ സ്ഥാപനങ്ങളായ തലശ്ശേരി ജനറൽ ആശുപത്രി, പി.എച്ച്.സി ചാലിൽ എന്നിവയിലെ മെഡിക്കൽ ഓഫീസർക്ക് നിർവഹണ അധികാര ചുമതല നൽകിയും നഗര ആരോഗ്യ കേന്ദ്രമായ അർബൻ പി.എച്ച്.സിയുടെ ചുമതല തലശ്ശേരി നഗരസഭയുടെ ഹെൽത്ത് ഓഫീസർക്ക് നൽകിയെങ്കിൽ മാത്രമേ എല്ലാ പദ്ധതികളും സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നും ഈ സ്ഥാപനത്തിലെ ഒരൊറ്റ ഫാർമസിസ്റ്റിനെ കൊണ്ട് 220 ശരാശരി ഒ.പിയിൽ എത്തുന്ന രോഗികളുടെ മരുന്ന് വിതരണവും പാലിയേറ്റീവ് മെഡിസിൻ സ്റ്റോക്ക് ജീവിതശൈലീ രോഗികൾക്കുള്ള മരുന്ന് വിതരണം എന്നിവ നടത്തി കൊണ്ട് പോകുവാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യം കൂടിയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഈ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഈ വിഷയത്തിൽ നഗരസഭയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-47 മരുന്നുകൾ ലഭ്യമായിട്ടില്ല. 4,46,040/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി

2022-23 കാലയളവിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി മരുന്നുകൾ വാങ്ങുന്നതിന് താഴെ വിശദീകരിച്ചത് പ്രകാരം 9,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 4,53,960/- രൂപയുടെ മരുന്നുകൾ മാത്രമേ 19.09.2023 വരെ പ്രസ്തുത സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്. 4,46,040/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

ആയതിനാൽ ലഭ്യമാക്കാൻ ബാക്കി നിൽക്കുന്ന മരുന്നുകളുടെ തുകയായ 4,46,040/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭ്യമാക്കാൻ ബാക്കി നിൽക്കുന്ന മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ബിൽ നമ്പർ/തീയ്യതി | ചെലവ് തുക | ലഭിച്ച മരുന്നിന്റെ തുക (19.09.23 വരെ) | ലഭിക്കാൻ ബാക്കി മരുന്നിന്റെ തുക | ഫണ്ട് |
|---|---|---|---|---|---|---|---|
| 1 | ജീവിതശൈലി രോഗ തുടർ ചികിത്സാ | 11/2022-23 | 130/09.11.22 | 7,00,000 | 3,25,966 | 3,74,034 | വികസന ഫണ്ട് (പൊതു |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദ്ധതി | | | | | | വിഭാഗം) |
| 2 | ചാലിൽ പി.എച്ച്.സി ജീവിതശൈലി രോഗ ചികിത്സാ പദ്ധതി | 15/2022-23 | 133/14.11.2022 | 2,00,000 | 1,27,994 | 72,006 | വികസന ഫണ്ട് (പൊതു വിഭാഗം) |
| | | | | **9,00,000** | **4,53,960** | **4,46,040** | |

**1-48 സാന്ത്വന ഗൃഹപരിചരണ പദ്ധതി - പി.എം.സി അംഗീകാരമില്ലാതെ വാഹന വാടക ഇനത്തിൽ അനുവദിച്ച 2,14,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി |
| പ്രൊജക്ടിന്റെ പേര് | : | സാന്ത്വന ഗൃഹപരിചരണ പദ്ധതി |
| പ്രോജക്ട് നമ്പർ | : | 6/22 |
| ആകെ അടങ്കൽ | : | 9,19,350 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ആകെ ചെലവ് | : | 9,19,145/- |

2022-23 കാലയളവിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി സാന്ത്വന ഗൃഹപരിചരണം എന്ന പദ്ധതി പ്രകാരം താഴെ വിശദീകരിച്ച 9,19,145/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക | ബില്ലിൽ ഉൾപ്പെട്ട വാഹന വാടക തുക |
|---|---|---|---|
| 1 | 22/17.05.2022 | 40,427 | 17,600 |
| 2 | 27/31.05.2022 | 43,650 | 18,700 |
| 3 | 38/12.07.2022 | 35,830 | 17,600 |
| 4 | 48/05.08.2022 | 43,090 | 18,700 |
| 5 | 58/17.08.2022 | 6,400 | - |
| 6 | 71/13.09.2022 | 43,730 | 18,700 |
| 7 | 97/07.10.2022 | 42,230 | 17,600 |
| 8 | 150/25.11.2022 | 41,987 | 17,600 |
| 9 | 153/29.11.2022 | 1,40,000 | - |
| 10 | 154/29.11.2022 | 2,40,000 | - |
| 11 | 160/02.12.2022 | 14,645 | - |
| 12 | 167/07.12.2022 | 41,364 | 17,600 |
| 13 | 192/26.12.2022 | 6,816 | 17,600 |
| 14 | 202/06.01.2023 | 41,917 | 17,600 |
| 15 | 245/02.02.2023 | 41,323 | 17,600 |
| 16 | 312/01.03.2023 | 42,590 | 17,600 |
| 17 | 430/24.03.2023 | 53,146 | 17,600 |
| | | **9,19,145** | **2,14,500** |

തലശ്ശേരി നഗരസഭയിൽ 31.03.2023 ന് ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 1089 രോഗികളുണ്ട്. ഇതിൽ സാന്ത്വനപരിചരണം ആവശ്യമായ 590 രോഗികളും 2013 കിടപ്പ് രോഗികളും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമായ 61 രോഗികളും ഉൾപ്പെടുന്നു.

ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 07.03.2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പി.എം.സി 2 മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും 15.03.2022 ന് ശേഷം 14.01.2023, 31.03.2023 തീയതികളിലായി രണ്ട് തവണ മാത്രമേ 2022-23 കാലയളവിൽ പി.എം.സി യോഗം ചേർന്നിട്ടുള്ളൂ. ഇതിൽ നിന്നും തലശ്ശേരി നഗരസഭയിലെ പി.എം.സി ക്ക് പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പും മേൽ നോട്ടവും വഹിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരവ് ചെലവുകൾ യഥാസമയം അംഗീകരിക്കുന്നതിനും സാധിക്കുന്നില്ല എന്ന് വ്യക്തമാകുന്നു.

2. 15.03.2022 ലെ പി.എം.സി യോഗത്തിലെ 9ാം നമ്പർ തീരുമാന പ്രകാരം പി.എം.സി യോഗം 6 മാസത്തിലൊരിക്കൽ കൂടിയാൽ മതിയെന്ന് തീരുമാനമെടുത്തതായി കാണുന്നു. സർക്കാർ ഉത്തരവ് പ്രകാരം പി.എം.സി മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായും അധികാര സീമ ലംഘിച്ചു കൊണ്ടുമാണ് പി.എം.സി പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. ഇതിന് മെമ്പർ സെക്രട്ടറി വിയോജന കുറിപ്പ് രേഖപ്പെടുത്തിയതായും കാണുന്നില്ല.

3. ഓരോ മാസത്തെയും പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി പി.എം.സി ക്ക് മുമ്പാകെ സമർപ്പിക്കുകയോ പി.എം.സിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല. (ഖണ്ഡിക 2.9.2 കാണുക)

4. 2022-23 കാലയളവിൽ വാഹന വാടക ഇനത്തിൽ ശ്രീ.വിജോയ് പി. എന്ന വ്യക്തിക്ക് 2,14,500 രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ ശ്രീ.വിജോയ് പി. എന്ന വ്യക്തിയുടെ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ മെഡിക്കൽ ഓഫീസർ ഉത്തരവ് നം.197/2022 തീയതി 28.05.2022 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8.3 പ്രകാരം വാഹനം വാടകക്ക് എടുക്കുന്നതിന്റെ ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ.വിജോയ് പി. എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ പി.എം.സി അംഗീകരിച്ചിട്ടില്ല.

5. തലശ്ശേരി നഗരസഭയിലെ പാലിയേറ്റീവ് ഹോം കെയർ ടീം ഒരു മാസത്തിൽ 16 ദിവസമാണ് ഗൃഹസന്ദർശനം നടത്തുന്നത്. പാലിയേറ്റീവ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 1089 രോഗികളിൽ പാലിയേറ്റീവ് പരിചരണം ആവശ്യമായ 864 (590+213+61) രോഗികൾ ഉണ്ട്. ഒരു ദിവസം 8 രോഗികളെയാണ് ഹോം കെയർ ടീം സന്ദർശിക്കുന്നത്. ഇത് വഴി ഒരു രോഗിക്ക് ലഭ്യമാവുന്ന പരിചരണത്തിന്റെ ഇടവേള ഏതാണ്ട് 4 മാസമാണ്. 2011 ലെ സെൻസസ് പ്രകാരം 99386 ആണ് തലശ്ശേരി നഗരസഭയുടെ ജനസംഖ്യ. പരിഷ്ക്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.4.1 (3) പ്രകാരം 30,000 ത്തിൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹോംകെയർ പരിചരണം നൽകേണ്ട രോഗികളുടെ എണ്ണവും പദ്ധതി തുകയുടെ ലഭ്യതയും പരിഗണിച്ച് ആവശ്യമെങ്കിൽ ഒന്നിലധികം ഹോംകെയർ ടീമുകൾ രൂപീകരിക്കാവുന്നതാണ്. എന്നാൽ തലശ്ശേരി നഗരസഭയിൽ നിലവിൽ ഒരു ഹോം കെയർ ടീം മാത്രമാണ് ഉള്ളത്.

6. പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.11 പ്രകാരം തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തലശ്ശേരി നഗരസഭയോ പി.എം.സിയോ പുനരധിവാസ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

7. പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.12.1 പ്രകാരം ഹോംകെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടെങ്കിലും വികസനഫണ്ട് വിനിയോഗിച്ചുള്ള ഹോംകെയർ പ്രവർത്തനം മാത്രമാണ് തലശ്ശേരി നഗരസഭ നടപ്പിലാക്കി വരുന്നത്. പ്രാദേശിക വിഭവ സമാഹരണത്തിനുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

8. തലശ്ശേരി നഗരസഭയിൽ പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 1089 രോഗികളിൽ 61 പേർക്ക് തെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമാണ്. പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.14.1(3) പ്രകാരം ഒരു മാസത്തിൽ ഒരു ദിവസം ഗൃഹസന്ദർശനം നടത്തണമെന്ന വ്യവസ്ഥക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസവേതനം നൽകുന്ന രീതിയിൽ ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. എന്നാൽ 2022-23 കാലയളവിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടില്ല.

9. പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.16 പ്രകാരം നഗരസഭയിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരിനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തലശ്ശേരി നഗരസഭയിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരിനമായി ഉൾപ്പെടുത്തി

ചർച്ച ചെയ്യുന്നില്ല. ഇതിൽ നിന്നും നഗരസഭയിലെ പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല എന്ന് വ്യക്തമാവുന്നു. മേൽ സൂചിപ്പിച്ച പരാമർശങ്ങൾ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് മുമ്പാകെ സമർപ്പിച്ച 2022-23 വർഷത്തെ പ്രവർത്തനാവലോകന റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ ഖണ്ഡികകളിലെ പരാമർശം സംബന്ധിച്ച് 28.01.2023 ന് 24/2022-23 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഖണ്ഡിക 1 മുതൽ 9 വരെയുള്ള പരാമർശങ്ങളിൽ നഗരസഭയിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, നഗരസഭാ കൗൺസിൽ എന്നിവയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയും പി.എം.സി അംഗീകാരമില്ലാതെ വാഹന വാടക ഇനത്തിൽ അനുവദിച്ച 2,14,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

**1-49 മരുന്നുകൾ ലഭിക്കാൻ ബാക്കി- 7,21,319/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| പ്രോജക്ടിന്റെ പേര് | : | തലശ്ശേരി ജനറലാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| പ്രോജക്ടിന്റെ നം. | : | S07/23 |
| ബിൽ നം,/തീയ്യതി | : | 334/17.03.2023 |
| തുക | : | 8,00,000 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

2022-23 കാലയളവിൽ തലശ്ശേരി ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ' തലശ്ശേരി ജനറലാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ' എന്ന പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് 8,00,000/- രൂപ KMSCL ന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചപ്പോൾ 21.06.23 വരെ താഴെ വിശദീകരിച്ചത് പ്രകാരം 78,681/- രൂപയുടെ മരുന്നുകൾ മാത്രമേ ആശുപത്രിയിൽ ലഭിച്ചിട്ടുള്ളൂ (13.06.2023 ന് 49/2022-23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 21.06.23 ന് ജനറൽ ആശുപത്രി സൂപ്രണ്ട് ലഭ്യമാക്കിയ മറുപടിയും രേഖകളും പ്രകാരം). 7,21,319/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. ലഭിക്കാൻ ബാക്കി നിൽക്കുന്ന മരുന്നുകളുടെ തുകയായ 7,21,319/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭിക്കാൻ ബാക്കി നിൽക്കുന്ന മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

21.06.23 വരെ ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ

| ക്രമ നം | ബിൽ നം | തീയ്യതി | തുക |
|---|---|---|---|
| 1 | 968 | 18.04.23 | 2,258 |
| 2 | 1467 | 02.05.23 | 10,196 |
| 3 | 2624 | 09.05.23 | 16,106 |
| 4 | 2740 | 09.05.23 | 30,962 |
| 5 | 4295 | 18.05.23 | 19,159 |
| **ആകെ** | | | **78,681** |

**1-50 ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും ലഭിക്കുന്ന പ്രതിമാസ വരുമാനവും-കണക്കുകൾ ലഭ്യമല്ല- 9,53,465 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് സൂപ്പർവൈസർ |
| പ്രൊജക്ട് നം. | : | 254/23 |
| പ്രൊജക്ടിന്റെ പേര് | : | വയബിലിറ്റി ഗ്യാപ് ഫണ്ട്-ഹരിത കർമ സേന |
| അടങ്കൽ | : | 25,72,900 (ധനകാര്യ കമ്മീഷൻ അവാർഡ് -10,72,900രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട്-15,00,000രൂപ) |

| | | | | |
|---|---|---|---|---|
| ചെലവ് | : | ഫണ്ട് | ചെലവ് | ബിൽ നം./തീ |
| | | ധനകാര്യ കമ്മീഷൻ അവാർഡ് | 3,97,594 | 164/5.12.2022 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 5,55,871 | 163/5.12.2022 |
| | | ആകെ | 9,53,465 | |
| ഫയൽ നം. | : | H1/24216/22 | | |

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹരിതകർമ്മസേനയുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിനായി ഗ്യാപ് ഫണ്ട് അനുവദിച്ച പദ്ധതിയാണിത്.

02.07.2021 തീയ്യതിയിലെ സ.ഉ(സാധാ) 1250/2021/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനകളുടെ 2021 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ പ്രവർത്തനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി നൽകുന്നതിനായി ഉത്തരവായിട്ടുള്ളതാണ്. 12.10.2021 തീയ്യതിയിലെ സ.ഉ (സാധാ) 1972/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഈ ഉത്തരവിന്റെ 2021 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽക്കൂടി പ്രാബല്യം നൽകി ഉത്തരവായിട്ടുള്ളതാണ്.

ഈ പദ്ധതി അനുസരിച്ചുള്ള തുക അനുവദിച്ച് നൽകുമ്പോൾ ഇത് സംബന്ധിച്ച ഉത്തരവുകളിൽ നിർദ്ദേശിച്ച താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ടോ എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നില്ല.

ആദ്യ ഉത്തരവിൽ യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ്‌വസ്തുക്കൾ വിറ്റു കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും, ലഭിക്കുന്ന പ്രതിമാസ വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിലൂടെ അനുവദിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ഓരോ വാർഡിലേയും ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത പ്രതിമാസ വരുമാനം, ലഭിക്കുന്ന പ്രതിമാസ വരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇക്കാര്യം സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:41/2022-23; തീയ്യതി:29.05.2023.) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുകയായ 9,53,465 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-51 കൊതുകുനിവാരണ പ്രവൃത്തികൾക്കായി ഫോഗിംഗ് മെഷീൻ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള 1,41,571 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് ഓഫീസർ |
| പ്രൊജക്ട് നം. | : | SO 247/23 |
| പ്രൊജക്ടിന്റെ പേര് | : | കൊതുകുനിവാരണ പ്രവൃത്തികൾക്കായി ഫോഗിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | : | 2,00,000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | : | 1,41,571 |
| ബിൽ നം. | : | 213/12.01.2023 |
| ഫയൽ നം. | : | H1-24220/22 |

പകർച്ചവ്യാധി നിയന്ത്രണം എന്ന ലക്ഷ്യത്തോടെ ഫോഗിംഗ് മെഷീനുകൾ വാങ്ങിയ പദ്ധതിയാണിത്. ആറ് ടെണ്ടറുകൾ ലഭിച്ചതിൽ അർജ്ജുൻ അസ്സോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിന്റ ടെണ്ടറാണ് സ്വീകരിച്ചത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സമാഹരണ ചട്ടത്തിലെ നടപടികൾ

I. പ്രൊജക്ടിൽ റിപ്പോർട്ടിൽ ഏത് തരം ഫോഗിംഗ് മെഷീനുകളാണ് സമാഹരിക്കേണ്ടതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

Ii. പ്രൊജക്ട് റിപ്പോർട്ടിലും ടെണ്ടർ പരസ്യത്തിലും ഫോഗിംഗ് മെഷീനുകളുടെ സ്പെസിഫിക്കേഷനുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**2.** പ്രൊജക്റ്റ് റിപ്പോർട്ടിൽനിന്ന് വ്യത്യസ്തമായ എണ്ണം ഫോഗിംഗ് മെഷീനുകളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ഭേദഗതി വരുത്തിയ പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. പട്ടിക1, പട്ടിക2 എന്നിവ പ്രകാരം പദ്ധതിയിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ കാണുക. സമാഹരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-1

| **പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം വാങ്ങുവാൻ ഉദ്ദേശിച്ച ഫോഗിംഗ് മെഷീനുകളുടെ എണ്ണം** | **വാങ്ങിയ മെഷീനുകളുടെ എണ്ണം** | **ജി.എസ്.ടി (18%) ഉൾപ്പെടെ ഫോഗിംഗ് മെഷീനുകളുടെ വില** | **കുറിപ്പ്** |
|---|---|---|---|
| 6 | വലുത്-1 | 80110.2 | |
| | ചെറുത്-2 | 63460.4 | |
| | **ആകെ** | **143570.6** | |

പ്രൊജക്റ്റ് റിപ്പോർട്ടിലെ അടങ്കലും സുലേഖയിലെ അടങ്കലും തമ്മിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

പട്ടിക-2

| **ക്രമ നം.** | **രേഖ** | **അടങ്കൽ** |
|---|---|---|
| 1 | പ്രൊജക്റ്റ് റിപ്പോർട്ട് | 4,50,000 |
| 2 | സുലേഖ | 2,00,000 |

സ.ഉ.(സാധാ) നം.2578/2022/LSGD തീയതി:22.10.2022 പ്രകാരം ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ലഭ്യമാക്കിയ വികസന ഫണ്ടിന് അനുസൃതമായി 2022-23 ലെ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിഷ്കരിച്ച വാർഷിക പദ്ധതി 07.11.2022 നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ഫോഗിംഗ് മെഷീനുകളുടെ ഗ്യാരന്റി സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

4. കണ്ണൂരിലെ അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സിൽ (നം.CM100, തീയ്യതി:26.12.2022) ഫോഗിംഗ് മെഷീനുകളുടെ സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് തരം മെഷീനുകളാണ് സമാഹരിച്ചിരിക്കുന്നതെന്നും വ്യക്തമാകുന്നില്ല.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്ന് 26.04.2019 തീയ്യതിയിലെ ജി.ഒ.(പി) നം.7/2019 /എസ്.പി.ഡി.പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതികളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM മുഖേന ലഭ്യമല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം ക്വട്ടേഷൻ, ടെണ്ടർ മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കൊതുക നിവാരണ പ്രവൃത്തികൾക്കായി ഫോഗിംഗ് മെഷീൻ സമാഹരിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

6. ഫോഗിംഗ് മെഷീനുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

7. സമാഹരണ പ്രക്രിയയിൽ കർമ്മസമിതികൾ ഇടപെടലുകൾ നടത്തിയതിന് രേഖയില്ല

I. ആവശ്യം തിരിച്ചറിയുക.

Ii. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപകട ഘടകങ്ങൾ പരിശോധിക്കുക.

Iii. സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുക.

Iv. വിതരണക്കാരെയും സേവന ദാതാക്കളെയും തിരിച്ചറിയുക.

V. തുക നിശ്ചയിക്കുക.

Vi. അംഗീകാരവും ഫണ്ടും ഉറപ്പാക്കുക.

Vii. ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക.

Viii. സാങ്കേതിക വിലയിരുത്തൽ

Ix. പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും

X. സാധനങ്ങളും സേവനങ്ങളും സ്വീകരിച്ച് സാക്ഷ്യപത്രം നൽകുക.

Xi. തുക അംഗീകരിച്ച് നൽകുക.

Xii. കരാറുകൾ വിലയിരുത്തുക.

Xiii. കരാർ അവസാനിപ്പിക്കുക.

8. സമാഹരണ പ്രക്രിയയിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി താഴെ കൊടുത്തിരിക്കുന്ന ഇടപെടലുകൾ നടത്തിയതിന് രേഖയില്ല.

I. വാങ്ങൽ പദ്ധതി തയ്യാറാക്കുക, അന്തിമമാക്കുക.

Ii. ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക.

Iii. കരാറുകൾ വിലയിരുത്തുക.

Iv. കരാർ അവസാനിപ്പിക്കുക.

മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/2022-23; തീയ്യതി: 29.05.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ വികസന ഫണ്ടിൽനിന്നുള്ള 1,41,571 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-52 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് അർഹമായ വേതനം നൽകുന്നില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി |
| പ്രൊജക്ടിന്റെ പേര് | : | തലശ്ശേരി നഗരസഭാ ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം |
| പ്രോജക്ട് നമ്പർ | : | 3/23 |
| ആകെ അടങ്കൽ | : | 3,84,000 (വികസന ഫണ്ട്) |
| ചെലവ് | : | 90,000/- |

നഗരസഭയിലെ ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഹോണറേറിയം നൽകുന്നതിന് വേണ്ടി രൂപീകരിച്ച ഈ പദ്ധതി പ്രകാരം 2021 ജൂലൈ 12 തീയ്യതിയുടെ എഗ്രിമെന്റനുസരിച്ച് 25.07.2021 മുതൽ 25.07.2022 വരെ കാലയളവിൽ നിയമിക്കപ്പെട്ട ബഡ്സ് സ്കൂൾ അദ്ധ്യാപിക ശ്രീമതി. അർച്ചന പി.പി., ആയ, ശ്രീമതി.രമ്യ പി.സി. എന്നിവർക്ക് 2022-23 വർഷം ഓണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| **മാസം** | **അനുവദിച്ച തുക** | | **ബിൽ നം/തീയ്യതി** | **ആകെ ബിൽ തുക** |
|---|---|---|---|---|
| | **അർച്ചന പി.പി.** | **രമ്യ പി.സി** | | |
| 03/2022 | 12000 | 6000 | 78/16.09.2022 | 90000 |
| 04/2022 | 12000 | 6000 | " | |
| 05/2022 | 12000 | 6000 | " | |
| 06/2022 | 12000 | 6000 | " | |
| 07/2022 | 12000 | 6000 | " | |
| **ആകെ** | 60000 | 30000 | " | |

2019 ലെ കോഡ് ഓൺ വേജസ് നിയമത്തിലെ വകുപ്പ് 5 ൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ഒരു തൊഴിൽദാതാവും ജീവനക്കാരന് അതത് സർക്കാരുകൾ നിർണ്ണയിച്ച ഏറ്റവും കുറഞ്ഞ വേതനത്തിലും കുറവായ തുക വേതനമായി നൽകാൻ പാടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.02.2018 തീയ്യതിയിലെ സ.ഉ.(എം.എസ്.) നം.20/2018/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം Deploma In Community Based Rehabilitation യോഗ്യതയുള്ള ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് 28.04.2017 തീയ്യതിയിലെ ജി.ഒ.(പി)നം.56/2017/ധന. ഉത്തരവിന്റെ അനുബന്ധത്തിൽ പറയുന്ന 30,675 രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കാവുന്നതാണ്. ഇതേ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി 1 ൽ ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 17,325/- രൂപ നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പട്ടികയിലെ നിരക്കിലാണ് ജീവനക്കാർക്ക് ഓണറേറിയം നൽകിയിരിക്കുന്നത്. മേൽ ജീവനക്കാരെ കോൺട്രാക്ട് വ്യവസ്ഥയിൽ

നിയമിക്കുന്നതിന് പകരം ദിവസവേതന വ്യവസ്ഥയിലാണ് നിയമിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പരമാവധി വേതനം ജീവനക്കാർക്ക് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/ തീയ്യതി: 12.12.2022) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ 30.11.2022 തീയ്യതിയിലെ 43-ാം നമ്പർ തീരുമാന പ്രകാരം ബഡ്സ് സ്കൂൾ ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച് 14.07.2022 തീയ്യതി മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കുന്നതിനും 11.02.2021 തീയ്യതിയിലെ സ.ഉ.(പി) 29/2021/ധന. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസ വേതന പ്രകാരം 01.12.2022 തീയ്യതി മുതൽ പുതുക്കിയ ഓണറേറിയം അനുവദിക്കുന്നതിനും തീരുമാനിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ വ്യവസ്ഥപ്പെടുത്തിയത് പ്രകാരം ജീവനക്കാരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ച് അർഹമായ വേതനം അനുവദിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-53 ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി |
| പ്രൊജക്ടിന്റെ പേര് | : | പി.എം.എ.വൈ പദ്ധതിക്ക് നഗരസഭാ വിഹിതം |
| പ്രോജക്ട് നമ്പർ | : | 142/2023 |
| ആകെ അടങ്കൽ | : | 76,00,000 (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | : | 76,00,000 |
| ഫയൽ നം. | : | H6-27604/2022 |

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 04.10.2016 തീയ്യതിയിലെ സ.ഉ.(സാധാ) നം.2803/2016/ത.സ്വ.ഭ.വ പ്രകാരമുള്ള പി.എം.എ.വൈ പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഗുണഭോക്താക്കൾ ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണെന്നും കരാർ ചമച്ച് 6 മാസത്തിനകം ലിന്റൽ ലവൽ പൂർത്തീകരിക്കേണ്ടതാണെന്നും ഇത്തരത്തിൽ ലിന്റൽ ലെവൽ, ഭവനനിർമ്മാണ പൂർത്തീകരണം എന്നിവ നിശ്ചിത കാലയളവിൽ പൂർത്തീകരിക്കാത്തവരുടെ പട്ടിക വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണെന്നും തുടർന്ന് നിർമ്മാണ പുരോഗതി കൈവരിക്കാത്തതിന്റെ കാരണം കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ വാർഡ്/നഗരസഭാ അടിസ്ഥാനത്തിൽ അവലംബിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന സമയക്രമം ഗുണഭോക്താക്കൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കരാർ ചമച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കേണ്ടതാണെങ്കിലും 8th DPR ൽ ഉൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരണ കാലയളവിനോട് അടുക്കുമ്പോഴും പ്രവൃത്തി പൂർത്തീകരിച്ച് മൂന്നും നാലും ഗഡുക്കൾ അനുവദിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വഷണത്തിന്റെ (നം.65/2022-23 തീയ്യതി: 16.09.2023) മറുപടിക്ക് നൽകിയ വിശദാംശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ | | | | | | |
|---|---|---|---|---|---|---|
| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ** | **ഒന്നാം ഗഡു/ തീയ്യതി** | **രണ്ടാം ഗഡു/ തീയ്യതി** | **മൂന്നാം ഗഡു/ തീയ്യതി** | **നാലാം ഗഡു/ തീയ്യതി** | **പൂർത്തീകരണ ഘട്ടം (നഗരസഭ ലഭ്യമാക്കിയ വിവരം)** |
| 1 | ഷീമ കെ.കെ., കരുവാണ്ടിയിൽ ഹൗസ്, കതിരൂർ | 40,000 96/ (28.09.22) | 80,000 198/ (30.12.22) | 80,000 79/21.07.23 | - | മേൽക്കൂര പൂർത്തിയാക്കി |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രീത ബേബി സജ നിവാസ്, തലശ്ശേരി | 40,000 96/ (28.09.22) | 80,000 143/ (23.11.22) | - | - | മേൽക്കൂര പൂർത്തിയാക്കി |
| 3 | ശ്രീലത വി.എം., മണ്ടോടി ഹൗസ്, ടെമ്പിൾ ഗെയിറ്റ് | 40,000 96/ (28.09.22) | 80,000 246 (03.02.23) | 159/12.09.23 | - | മേൽക്കൂര പൂർത്തിയാക്കി |
| 4 | സന്തോഷ്, നടമ്മൽ ഹൗസ്, തിരുവങ്ങാട് | 40,000 96/ (28.09.22) | - | - | - | തറ നിർമ്മാണം പൂർത്തിയാക്കി. |
| 5 | ചിത്ര വി.പി., വലിയപറമ്പത്ത്, മൂഴിക്കര | 40,000 122/ (31.10.22) | 80,000 206/ (11.01.23) | 80,000 195/ 16.10.23 | - | മേൽക്കൂര പൂർത്തിയാക്കി. |
| 6 | ജയരാജൻ എം., മഠത്തിൽ ഹൗസ്, മൂഴിക്കര | 40,000 96/ (28.09.22) | 80,000 143/ (23.11.22) | 80,000 141/ 25.08.23 | - | മേൽക്കൂര പൂർത്തിയാക്കി |
| 7 | സിഞ്ജു എം., താഴെ കിഴക്കേട്ടിൽ ഹൗസ്, കോടിയേരി വെസ്റ്റ് | 40,000 143/ (23.11.22) | 80,000 370/ (16.03.23) | - | - | രണ്ടാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | സുലോചന, കാട്ടിൽപ്പറമ്പത്ത്, കോടിയേരി | 40,000 177/ (16.12.22) | - | - | - | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 9 | വിപിന, പുതിയ പുരയിൽ, നെട്ടൂർ | 40,000 239/ (03.02.23) | 80,000 370/ (16.03.23) | 80,000 159/ 12.09.23 | - | മേൽക്കൂര പൂർത്തിയാക്കി |

താഴെ കൊടുത്തിരിക്കുന്ന ഭവന നിനിർമ്മാണം പൂർത്തീകരിച്ച ചില ഗുണഭോക്താക്കൾ നാലാം ഗഡു കൈപ്പറ്റിയിട്ടില്ല. ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ | | | | | | |
|---|---|---|---|---|---|---|
| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ** | **ഒന്നാം ഗഡു/ തീയ്യതി** | **രണ്ടാം ഗഡു/ തീയ്യതി** | **മൂന്നാം ഗഡു/ തീയ്യതി** | **നാലാം ഗഡു/ തീയ്യതി** | **പൂർത്തികരണ ഘട്ടം (നഗരസഭ ലഭ്യമാക്കിയ വിവരം)** |
| 1 | രവീന്ദ്രൻ ടി. താവരേന്റവിട, പാറാൽ | 40,000 96/ (28.09.22) | 80,000 143/ (23.11.22) | 80,000 224/ (19.01.23) | - | നിർമ്മാണം പൂർത്തിയാക്കി. നാലാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 2 | സുമ എം.വി., അരയാക്കണ്ടി, കല്ലായി തെരു | 40,000 96/ (28.09.22) | 80,000 198/ (30.12.22) | 80,000 7/ (16.05.23) | - | നിർമ്മാണം അവസാന ഘട്ടത്തിൽ |
| 3 | ഫിറോസ് ടി., തിക്കോടിയൻ ഹൗസ്, ഗോപാൽപേട്ട | 40,000 96/ (28.09.22) | 80,000 122/ (31.10.22) | 80,000 269/ (13.02.23) | - | നിർമ്മാണം പൂർത്തിയാക്കി. നാലാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 4 | കമല,<br>കളരിക്കണ്ടി,<br>കാട്ടിൽപ്പറമ്പത്ത്,<br>മൂഴിക്കര | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>291/<br>(23.02.23) | - | നിർമ്മാണം പൂർത്തിയാക്കി. നാലാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 5 | സി.ലീല,<br>തേരുള്ളതിൽ, പാറാൽ | 40,000<br>96/<br>(28.09.22) | 80,000<br>199/<br>(30.12.22) | 80,000<br>7/<br>(16.05.23) | - | അവസാന ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 6 | രാജൻ കെ.,<br>അയ്യത്താൻ ഹൗസ്,<br>ഗോപാലപേട്ട | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>239/<br>(27.01.23) | - | അവസാന ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 7 | ലിസി സി.പി.,<br>കൊയ്യിറ്റി വീട്,<br>മൂളിയൻനട | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>198/<br>(30.12.22) | - | നിർമ്മാണം പൂർത്തിയാക്കി. നാലാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 8 | സരോജിനി എൻ.,<br>പ്രകാശം, മൂളിയിൽനട | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>239/<br>(27.01.23) | - | അവസാന ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 9 | ശശിധരൻ കെ.പി.,<br>പറമ്പത്ത് ഹൗസ്,<br>പുന്നോൽ | 40,000<br>96/<br>(28.09.22 | 80,000<br>122/<br>(31.10.22) | 80,000<br>411/<br>23.03.23 | - | നിർമ്മാണം പൂർത്തിയാക്കി. നാലാം ഗഡു അപേക്ഷ ഓഫീസിൽ സമർപ്പിച്ചു |
| 10 | മനോജ് കെ.<br>കക്കുഴിയിൽ ഹൗസ്,<br>വയലളം | 40,000<br>122/<br>(31.10.22) | 80,000<br>143/<br>(23.11.22) | 80,000<br>29/<br>(23.02.23) | - | നിർമ്മാണം പൂർത്തീകരിച്ചു. നാലാം ഗഡുവിനുള്ള അപേക്ഷ സമർപ്പിച്ചു. |
| 11 | എൻ. കരുണൻ,<br>പുതിയ മാണിക്കോത്ത് ഹൗസ്, ടെമ്പിൾഗേറ്റ് | 40,000<br>96/<br>(28.09.22) | 80,000<br>177/<br>(16.12.22) | 80,000<br>411/<br>(23.03.23) | - | നിർമ്മാണം പൂർത്തീകരിച്ചു.നാലാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 12 | കെ.പി.കാർത്ത്യായിനി,<br>കാട്ടിൽപ്പറമ്പത്ത് ഹൗസ്, മൂഴിക്കര | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>224/<br>(19.01.23) | - | നിർമ്മാണം പൂർത്തീകരിച്ചു. |
| 13 | രമ വി.എം.,<br>വട്ടക്കണ്ടി മാണിയത്ത്,<br>മൂഴിക്കര | 40,000<br>96/<br>(28.09.22) | 80,000<br>206<br>(11.01.23) | 80,000<br>(30.05.23) | - | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 14 | സുമിന വി.,<br>വലിയകത്ത് ഹൗസ്,<br>മട്ടാമ്പ്രം | 40,000<br>122/<br>(31.10.22) | 80,000<br>143/<br>(23.11.22) | 80,000<br>224/<br>(19.01.23) | - | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 15 | ടി.കെ. ജതീഷ്,<br>കുനിയിൽ ഹൗസ്,<br>പുന്നോൽ | 40,000<br>96/<br>(28.09.22) | 80,000<br>143/<br>(23.11.22) | 80,000<br>291/<br>(23.02.23) | - | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 16 | രവീന്ദ്രൻ കെ, മയിലാട്ടിൽ, കൊമ്മൽവയൽ | 40,000 122/ (31.10.22) | 80,000 143/ (23.11.22) | 80,000 291 (23.02.23) | - | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 17 | സഫറീന ടി.കെ., കുഴപ്പിലങ്ങാട് മീത്തൽ, ചിറക്കര | 40,000 239/ (27.01.23) | 80,000 269/ (13.02.23) | 80,000 53/ (07.07.23) | - | നിർമ്മാണം പൂർത്തീകരിച്ചു. നാലാം ഗഡു ലഭ്യമായിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ 65/2022-23; തീയതി: 16.09.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ സൂചിപ്പിച്ച ഭവനനിർമ്മാണ ഘട്ടങ്ങളുടെ വിവരങ്ങൾ പട്ടികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ മറുപടിയിൽ ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും മോണിട്ടറിംഗ് നടത്തിവരുകയും ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണങ്ങൾ കണ്ടെത്തി ആയവ പരിഹരിച്ച് ഭവന നിർമ്മാണങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചവർക്ക് നടപടികൾ പൂർത്തീകരിച്ച് കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് നാലാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-54 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത-ന്യൂനതകൾ- 1,70,500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

| | | |
|---|---|---|
| പ്രൊജക്ട് നം. | : | 301/2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | : | 44,47,500 |
| ചെലവ് | : | 44,25,200 |
| ഫണ്ട് | : | വികസനഫണ്ട് |

'ശാരീരിക മാനസിക വെല്ലുവിളി' നേരിടുന്ന 193 വിദ്യാർത്ഥികൾക്ക് 2022-23 വർഷത്തിൽ നഗരസഭ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

**എ) അനുവദനീയമായതിലും അധികം തുക അനുവദിച്ചു- 85,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.**

സ.ഉ.(കൈ) നം.115/2022 ത.സ്വ.ഭ.വ തീയ്യതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.1.6 (ബി) അനുസരിച്ച് പ്രതിവർഷം 28,500/- രൂപ വിവിധ ഇനങ്ങളിലായി സ്കോളർഷിപ്പ്/ബത്ത അനുവദനീയമാണ്. എന്നാൽ തലശ്ശേരി നഗരസഭയിൽ 2022-23 കാലയളവിൽ താഴെ കാണിച്ച 4 വിദ്യാർത്ഥികൾക്ക് അനുവദനീയമായതിലും അധികം തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അനുവദനീയമായ തുക | അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|
| ആൻസില.എ.കെ | 28,500 | 42,500 | 14,000 |
| ഫാത്തിമത്ത് സ്വാലിഹ എ.ടി | 28,000 | 42,500 | 14,000 |
| സൗഹൃദ പി.കെ | 28,500 | 57,000 | 28,500 |
| മൊഹമ്മദ് റിഹാൻ എം. | 28,500/- | 57,000 | 28,500 |
| | | | **85,000** |

1. ആൻസില എ.കെ (ആധാർ നം.215974048607)

| ബിൽ നം. | തീയ്യതി | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 148 | 25.11.22 | 14,000/- | എസ്.ബി.ഐ 32272218806 |
| 252 | 07.02.23 | 28,500 | |
| ആകെ | | 42,500/- | |

2. ഫാത്തിമത്ത് സ്വാലിഹ എ.ടി (ആധാർ നം.928023955098)

| ബിൽ നം. | തീയ്യതി | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 148 | 25.11.22 | 14,000/- | എസ്.ബി.ഐ 35637420070 |
| 252 | 07.02.23 | 28,500/- | |
| ആകെ | | **42,500/-** | |

3. സൗഹൃദ.പി.കെ (ആധാർ നം.481425208713)

| ബിൽ നം. | തീയ്യതി | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 252 | 07.02.23 | 28,500/- | ഫെഡറൽ ബാങ്ക് 10880100243593 |
| 307 | 28.02.23 | 28,500/- | |
| ആകെ | | 57,000/- | |

4. മൊഹമ്മദ് റിഹാൻ എം. (ആധാർ നം.755503017293)

| ബിൽ നം. | തീയ്യതി | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 252 | 07.02.23 | 28,500/- | കാനറ ബാങ്ക് 10880100243593 |
| 405 | 23.03.22 | 28,500/- | |
| ആകെ | | **57,000/-** | |

ഇത് സംബന്ധിച്ച് 02.06.2023 ലെ 45/2022-23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 05.10.2023 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ അനർഹമായ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ തുക തിരിച്ചടക്കാൻ സന്നദ്ധത അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഓഡിറ്റ് തീയ്യതി വരെ തിരികെ ഒടുക്കിയിട്ടില്ല. ആയതിനാൽ അനുവദനീയമായതിലും അധികം അനുവദിച്ച സ്കോളർഷിപ്പ്/ബത്ത തുകയായ 85,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

**ബി) സ്ഥിരതാമസക്കാരല്ലാത്തവർക്ക് ആനുകൂല്യം നൽകി- 85,500/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

സ.ഉ.(കൈ) നം. 115/2022 ത.സ്വ.ഭ.വ തീയ്യതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.1.7 ലെ കുറിപ്പ് നം.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും അല്ലാത്തവരും ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന മൂന്ന് വിദ്യാർത്ഥികൾ തലശ്ശേരി നഗരസഭയിലെ സ്ഥിരം താമസക്കാരല്ല എന്ന് വ്യക്തമാകുന്നു. രണ്ട് വിദ്യാർത്ഥികൾ മറ്റ് ഗ്രാമപഞ്ചായത്തുകളിലും ഒരു വിദ്യാർത്ഥി പോണ്ടിച്ചേരി സംസ്ഥാനത്തുമാണ് സ്ഥിരതാമസമെന്ന് ആനുകൂല്യത്തിനായി നഗരസഭയിൽ ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | പേര് | ബിൽ നം./തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | റിനിശ്രീ.വി (ആധാർനം. 970486461696) | 148/25.11.22 | 14,000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ ആധാർ കാർഡ് (വിദ്യാർത്ഥിയുടെയും അമ്മയുടെയും റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം കുഞ്ഞികുനിത്തല, ചാലക്കര, മാഹി-673310 എന്ന വിലാസത്തിൽ മാഹിയിൽ (പോണ്ടിച്ചേരി സംസ്ഥാനം) ആണ് സ്ഥിരതാമസം. |
| | | 252/07.02.23 | 14,500 | |
| | | ആകെ | 28,500 | |
| 2 | വൈഗ.കെ.കെ (ആധാർ നം. 914723920711 ) | 148/25.11.22 | 14,000 | പ്രസ്തുത വിദ്യാർത്ഥിനി എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ പെരിനിയൽ അക്വാസ്രിഡോസ് എന്ന വീട്ടിൽ (കെട്ടിട നം.9/308A)സ്ഥിരതാമസക്കാരിയാണ് എന്ന് എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി.ആർ.എൽ.സംഗീത അവരുടെ ലൈൻ വാർഡിൽ തന്നെ സാക്ഷ്യപ്പെടുത്തിയതായിട്ടുണ്ട്. |
| | | 252/07.02.23 | 14,500 | |
| | | ആകെ | 28,500 | |
| 3 | യദുൻ.എ.സി (ആധാർ നം. 227229707971) | 452/27.03.23 | 28,500 | അപേക്ഷയോടൊപ്പം ഹാജരാക്കിയ, ആധാർ കാർഡ് (വിദ്യാർത്ഥിയും അമ്മയും), റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം വിദ്യാർത്ഥി കണ്ണൂർ കോർപ്പറേഷൻ പരിധിയിലുള്ള കോരമ്പത്ത് ഹൗസ്, വലിയന്നൂർ, വാരം, കണ്ണൂർ-670594 എന്ന മേൽ വിലാസത്തിലെ സ്ഥിരതാമസക്കാരനാണ്. |
| | **ആകെ** | | **85,500** | |

ഇത് സംബന്ധിച്ച് 02.06.2023 ലെ 45/2022-23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 05.10.2023 ന്

ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ അനർഹമായ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ തുക തിരിച്ചടക്കാൻ സന്നദ്ധത അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഓഡിറ്റ് തീയ്യതി വരെ തിരികെ ഒടുക്കിയിട്ടില്ല. ആയതിനാൽ മറ്റ് ഗ്രാമപഞ്ചായത്തുകളിലും മറ്റ് സംസ്ഥാനത്തും സ്ഥിരം താമസക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിച്ച സ്കോളർഷിപ്പ്/ബത്ത തുകയായ 85,500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

**1-55 മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടതു പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങളുടെ സമഗ്ര വികസനം ഉറപ്പാക്കപ്പെടുന്നില്ല**

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.4 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഒരു പദ്ധതി തയ്യാറാക്കേണ്ടതാണെന്നും പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ മൂന്നു വിഭാഗങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ഉണ്ടാകേണ്ടതും അവ പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഖണ്ഡിക 5.4.1(8) പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി., ടി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഖണ്ഡിക 6.4.(ബി)(7) ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് ഖണ്ഡിക 5.4.1(8) പ്രകാരം നിർബന്ധമായും നീക്കിവയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കാനും പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് (2022-27) പരിശോധിച്ചതിൽനിന്നും ആകെ 220 ഭിന്ന ശേഷിക്കാർ ഉണ്ടെന്നാണ് കാണുന്നത്. നഗരസഭാ പ്രദേശത്ത് ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ടവരുടെ വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ലഭ്യമല്ല.

തൻവർഷം വികസന ഫണ്ട്-ജനറൽ, എസ്.സി.പി., ടി.എസ്.പി. എന്നീ ഇനങ്ങളിൽ ലഭ്യമായ വിഹിതങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു (അവലംബം: സുലേഖ റിപ്പോർട്ടുകൾ).

**പട്ടിക-1**

| ക്രമ നം. | ഫണ്ട് | വിഹിതം |
|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 7,60,16,340 |
| 2 | എസ്.സി.പി. | 64,83,221 |
| 3 | ടി.എസ്.പി. | 3,60,533 |
| **ആകെ** | | **8,28,60,094** |

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്ക് വേണ്ടിയുള്ള ആകെ അടങ്കൽ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു (അവലംബം: സുലേഖ റിപ്പോർട്ടുകൾ).

**പട്ടിക-2**

| ക്രമ നം. | വിഭാഗം | വകയിരുത്തൽ |
|---|---|---|
| 1 | കുട്ടികൾ | 13,00,337 |
| 2 | ഭിന്നശേഷിയുള്ളവർ | 5,74,000 |
| 3 | ട്രാൻസ്ജെന്റേഴ്സ് | ഇല്ല |
| **ആകെ** | | **18,74,337** |

പട്ടിക-1 പ്രകാരമുള്ള ആകെ വിഹിതമായ 8,28,60,094 എന്നതിന്റെ 5 ശതമാനം 41,43,005 രൂപ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നീ വിഭാഗങ്ങൾക്ക് വേണ്ടി നിർബന്ധ വകയിരുത്തൽ നടത്തേണ്ടതായിരുന്നെങ്കിലും പട്ടിക-2 പ്രകാരം 18,74,337 രൂപ മാത്രമാണ് വകയിരുത്തൽ ഉണ്ടായിരിക്കുന്നത്.

തൻവർഷം കുട്ടികൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കായി നടപ്പാക്കിയ പദ്ധതികളിലെ ചെലവ് വിവരങ്ങൾ

താഴെ കൊടുക്കുന്നു (അവലംബം: സുലേഖ റിപ്പോർട്ട്)

| ക്രമ നം. | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | കുട്ടികൾ | 13,00,337 | 5,58,677 | 42.96 |
| 2 | ഭിന്നശേഷിയുള്ളവർ | 5,74,000 | 3,15,958 | 55.04 |
| **ആകെ** | | **18,74,337** | **8,74,635** | **46.66** |

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽനിന്നും 'ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള കലാകായിക മത്സരങ്ങൾ' (പ്രൊജക്ട് നം. 468/23) എന്ന പദ്ധതിയാണ് നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി/ഉദ്യോഗസ്ഥയായി ഭിന്നശേഷിക്കാരായവർക്ക് വേണ്ടി നടപ്പാക്കിയിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി 9 പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടതിൽ 7 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി 4 പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.(എ)(2) പ്രകാരം മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ തുടർച്ചയായ ചികിത്സയും സംരക്ഷണവും ഉറപ്പാക്കുന്നതിനായി അവരുടെ രക്ഷിതാക്കളുടെ പ്രത്യേകിച്ചും സ്ത്രീ രക്ഷിതാക്കൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ല.

മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.(എ)(3) പ്രകാരം കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക-പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാലനഗരസഭ, വാർഡ് ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 'ബാലസഭ ശാക്തീകരണം' (341/23) എന്ന പദ്ധതിയിലൂടെ വയനാട്ടിലേക്ക് ടൂർ പ്രോഗ്രാം നടത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ ഭൗതിക സൗകര്യങ്ങളുടെ വികസനത്തിനായും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും കുട്ടികളുടെ സമഗ്ര വികാസം, സംരക്ഷണം, അതിജീവനം എന്നിവ ലക്ഷ്യമിട്ട് മറ്റ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.(എ)(3) പ്രകാരം എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വേണ്ടി ആവശ്യാനുസരണം ജലലഭ്യതയുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും എയിഡഡ് വിദ്യാലയങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചതായി കാണുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (66/2022-23; തീയ്യതി: 16.09.2023) വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നത് ഉറപ്പാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെയും ബന്ധപ്പെട്ട അധികാരികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-56 നഗരസഭാ പരിധിയിലെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിൽ കലക്ടേഴ്സ് @ സ്കൂൾ സ്ഥാപിക്കൽ-അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള ആകെ 2,63,040/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു**

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | : 396/23 | | |
| പ്രൊജക്ടിന്റെ പേര് | : തലശ്ശേരി നഗരസഭാ പരിധിയിലെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിൽ കലക്ടേഴ്സ് @ സ്കൂൾ സ്ഥാപിക്കൽ | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെൽത്ത് സൂപ്പർവൈസർ | | |
| അടങ്കൽ | : 3,25,600 (ധനകാര്യ കമ്മീഷൻ അവാർഡ്-1,39,031 രൂപ,<br>സംസ്ഥാന ആവിഷ്കൃത ഫണ്ട്-1,86,569 രൂപ) | | |
| ചെലവ് | : ഫണ്ട് | ചെലവ് | ബിൽ നം./തീ |

| | | | |
|---|---|---|---|
| | ധനകാര്യ കമ്മീഷൻ അവാർഡ് | 1,12,318 | 314/04.03.23 |
| | സംസ്ഥാന ആവിഷ്കൃത ഫണ്ട് | 1,50,722 | 315/04.03.23 |
| | ആകെ | 2,63,040 | |
| ഫയൽ നം. | : H1/24212/22 | | |

മാലിന്യ മുക്ത നഗരം എന്ന ഭൗതിക നേട്ടം കൈവരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി തലശ്ശേരി നഗരസഭാ പരിധിയിലെ വിവിധ ഹയർ സെക്കന്ററി സ്കൂളുകളിൽ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ഈ പദ്ധതി സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്ട് റിപ്പോർട്ട് പേജ് നം.6 ൽ വേസ്റ്റ് ബിൻ ഒരെണ്ണത്തിന് 7,400 രൂപ നിരക്കിൽ 44 എണ്ണം വേസ്റ്റ് ബിൻ വാങ്ങുന്നതിന് 3,25,600 രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. 7/15.06.2022 നമ്പർ തീരുമാനം പ്രകാരം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഈ പദ്ധതിക്ക് ശുപാർശ നൽകുകയും 18/29.06.2022 നമ്പർ തീരുമാനം പ്രകാരം പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും 069/THLY/MC/2022 തീയ്യതി: 17.08.2022 പ്രകാരം ജില്ലാ കോർഡിനേറ്ററുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.11.2022 തീയ്യതിയിലെ 9- ാം നമ്പർ തീരുമാനം പ്രകാരം 5,300 രൂപ വിലവരുന്ന ചെറിയ ഇനം ബിന്നുകൾ വാങ്ങുന്നതിന് തീരുമാനിച്ചത് അനുസരിച്ചാണ് തുടർനടപടികൾ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഭേദഗതി വരുത്തിയ പദ്ധതിക്ക് ഭരണസമിതി, ജില്ല ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

2. താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം കണ്ണൂരിലെ അർജ്ജുൻ അസോസിയേറ്റ്സിന്റെ അക്കൗണ്ടിലേക്ക് (നം.11811100001404) ആകെ 2,63,040 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഫണ്ട്** | **തുക** | **ബിൽ നം.** |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,12,318 | 314/4.3.23 |
| സംസ്ഥാന ആവിഷ്കൃത ഫണ്ട് | 1,50,722 | 315/4.3.23 |
| **ആകെ** | **2,63,040** | |

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റവന്യൂ വകുപ്പിന്റെ 14.09.2018 തീയ്യതിയിലെ 65/39/2018-DOR നമ്പർ സർക്കുലർ പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6 പ്രകാരം ഓരോ ബില്ലിൽനിന്നും പ്രത്യേകമായി GST TDS പ്രത്യേകമായി കുറവ് ചെയ്ത് ഡെപ്പോസിറ്റ് CPIN (ചലാൻ) ജനറേറ്റ് ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 7(i) ൽ മൊത്തം ബിൽ തുക, നെറ്റ് ബിൽ തുക GST യുടെ 2% TDS ബില്ലിൽ ഉൾപ്പെടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.ടി. ആക്ട് പ്രകാരം ടി.ഡി.എസ് കുറവ് ചെയ്ത് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ കേരള സംസ്ഥാന ധനകാര്യ വകുപ്പിന്റെ 22.10.2018 തീയ്യതിയിലെ ജി.ഒ (പി) നം.162/2018/ധന നമ്പർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. 08/09/2020 തീയ്യതിയിലെ ഡിഎ1/87/2019-തസഭവ നമ്പർ സർക്കുലർ പ്രകാരം രണ്ടര ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്നതും, ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ ജി.എസ്.ടി -ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബില്ലുകളിൽനിന്ന 2% ടി.ഡി.എസ്. കുറവ് ചെയ്യാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അർജ്ജുൻ അസോസിയേറ്റ്സിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി.

3. 4,384 രൂപ നിരക്കിൽ 2,63,040 രൂപ ചെലവഴിച്ച് 60 ബിന്നുകളാണ് കണ്ണൂരിലെ അർജ്ജുൻ അസോസിയേറ്റ്സിൽനിന്ന് വാങ്ങിയിരിക്കുന്നത്. എന്നാൽ ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

4. സമാഹരണ പ്രക്രിയയിൽ കർമ്മസമിതികൾ താഴെ കൊടുത്തിരിക്കുന്ന ഇടപെടലുകൾ നടത്തിയതിന് രേഖയില്ല.

I. ആവശ്യം തിരിച്ചറിയുക.

Ii. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപകട ഘടകങ്ങൾ പരിശോധിക്കുക.

Iii. സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുക.

Iv. വിതരണക്കാരെയും സേവന ദാതാക്കളെയും തിരിച്ചറിയുക.

V. തുക നിശ്ചയിക്കുക.

Vi. അംഗീകാരവും ഫണ്ടും ഉറപ്പാക്കുക.

Vii. സാങ്കേതിക വിലയിരുത്തൽ

Viii. പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും

Ix. സാധനങ്ങളും സേവനങ്ങളും സ്വീകരിച്ച് സാക്ഷ്യപത്രം നൽകുക.

X. തുക അംഗീകരിച്ച് നൽകുക.

Xi. കരാറുകൾ വിലയിരുത്തുക.

Xii. കരാർ അവസാനിപ്പിക്കുക.

5. സമാഹരണ പ്രക്രിയയിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി താഴെ കൊടുത്തിരിക്കുന്ന ഇടപെടലുകൾ നടത്തിയതിന് രേഖയില്ല

I. വാങ്ങൽ പദ്ധതി തയ്യാറാക്കുക, അന്തിമമാക്കുക.

Ii. ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക.

Iii. കരാറുകൾ വിലയിരുത്തുക.

Iv. കരാർ അവസാനിപ്പിക്കുക.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/2022-23; തീയ്യതി:29.05.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ അംഗീകാരം വാങ്ങാതെയാണ് പദ്ധതി ഭേദഗതി വരുത്തി നടപ്പാക്കിയിരിക്കുന്നതെന്നും സാധനങ്ങളുടെ സമാഹരണത്തിൽ ബന്ധപ്പെട്ട സമിതികളുടെ ഇടപെടലും മേൽനോട്ടവും ഉണ്ടായിട്ടില്ല എന്നുമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മേൽ കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ കാരണങ്ങളാൽ വികസന ഫണ്ടിൽനിന്നുള്ള ആകെ 2,63,040/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-57 എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേശ/കസേര വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകതകൾ-51,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്, കൊടുവള്ളി ഹൈസ്കൂൾ |
| പ്രൊജക്റ്റിന്റെ പേര് | : | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേശ/കസേര വിതരണം |
| പ്രോജക്റ്റ് നമ്പർ | : | SO 0055/23 |
| ആകെ അടങ്കൽ | : | 1,00,000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | : | 51,600 |
| ബിൽ നം./തീയ്യതി | : | 18/10.05.2022 |

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്ന പദ്ധതിയാണിത്. സ്പിൽ ഓവർ പദ്ധതിയായാണ് 2022-23 വർഷം ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 2021-22 വർഷത്തെ 23,426 രൂപയും മെയ് 2022 ലെ 51,600 രൂപയും ചേർത്ത് ആകെ 75,026 രൂപയാണ് ആകെ ചെലവ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1 പ്രകാരം മതിപ്പ് ചെലവ് 50,000 രൂപയ്ക്കും 1,00,000 രൂപയ്ക്കും ഇടയിൽവരുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുമ്പോൾ 8-10 പേരിൽനിന്നും (കുറഞ്ഞത് 5) മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ ഫിഡ്കോ എന്റർപ്രൈസ്, ഒളവണ്ണ, കോഴിക്കോട്; അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, ഒളവണ്ണ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ 2 ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. പദ്ധതിയിൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച കുറഞ്ഞ എണ്ണം ടെണ്ടറുകൾ ഉറപ്പാക്കപ്പെട്ടിട്ടില്ല. ഫിഡ്കോ എന്റർപ്രൈസ്, ഒളവണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2022; തീയ്യതി: 26.08.2022) 'നിലവിൽ ലിമിറ്റഡ് ടെണ്ടർ അല്ലാതെ ഓപ്പൺ ടെണ്ടർ വ്യവസ്ഥയിലാണ് നടപടി സ്വീകരിച്ചിരിക്കുന്നത് ' എന്ന മറുപടി തൃപ്തികരമല്ല.

2. പ്രൊക്വർമെന്റ് മാന്വലിലെ 5.1 ഖണ്ഡിക പ്രകാരം ടെണ്ടർ ഡോക്കുമെന്റിനോടൊപ്പം ടെണ്ടർ സെക്യൂരിറ്റിയും ഉണ്ടായിരിക്കേണ്ടതാണെന്നും ലിക്വിഡേറ്റഡ് ഡാമേജ് എല്ലാ കോൺട്രാക്ടുകളിലും ഉൾപ്പെടുത്തിയിരിക്കണമെന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. എന്നാൽ രണ്ട് സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനം സമർപ്പിച്ച കരാർ മുദ്രപ്പത്രത്തിൽ ലിക്വിഡേറ്റഡ് ഡാമേജ് ഉൾപ്പെടെയുള്ള യാതൊരു വ്യവസ്ഥയും എഴുതിച്ചേർത്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ 8.27 പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം ആയതിനാലാണ് ടെണ്ടർ സെക്യൂരിറ്റി ഈടാക്കാതിരുന്നത് എന്നും ലിക്വിഡേറ്റഡ് ഡാമേജ് വിട്ടുപോയതാണ് എന്നുമാണ് മേൽ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയിരിക്കുന്ന മറുപടി. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ (നിലവിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്) ഉള്ള എല്ലാ എം.എസ്.എം.ഇ മന്ത്രാലയം സൂചിപ്പിക്കുന്ന കേരള സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനേയും ടെണ്ടർ ഫീ, ഇ.എം.ഡി., പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കുന്നതാണ്. എന്നാൽ രജിസ്ട്രേഷൻ സംബന്ധിച്ച യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. സാധനങ്ങൾ സമാഹരിക്കുന്നതിനായുള്ള ആസൂത്രണ ഘട്ടം മുതൽ സമാഹരണം പൂർത്തീകരിക്കുന്നതു വരെയുള്ള നടപടിക്രമങ്ങളിൽ സമാഹരണവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ കാര്യക്ഷമമായ ഇടപെടലും മേൽനോട്ടവും നടത്തിയിട്ടില്ല.

മേൽ കാരണങ്ങളാൽ വികസന ഫണ്ടിൽനിന്നുള്ള ആകെ ചെലവ് 51,600/- തടസ്സപ്പെടുത്തുന്നു.

**1-58 ഗവ.ഹയർ സെക്കന്ററി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ-വികസന ഫണ്ടിൽനിന്നുള്ള 1,17,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്, കൊടുവള്ളി ഹൈസ്കൂൾ |
| പ്രൊജക്ടിന്റെ പേര് | : | ഗവ.ഹയർ സെക്കന്ററി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നമ്പർ | : | SO 0056/23 |
| ആകെ അടങ്കൽ | : | 4,58,000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | : | 1,17,500 |
| ബിൽ നം./തീയ്യതി | : | 19/10.05.2022 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് ഡെസ്ക്, ബെഞ്ച് എന്നിവ വാങ്ങിനൽകുന്ന പദ്ധതിയാണിത്. 2022-23 വർഷം സ്പിൽ ഓവറായാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അഞ്ച് ടെണ്ടറുകളാണ് ലഭിച്ചത്. ഡെസ്കകിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽനിന്ന് 2021-22 വർഷം 50 ഡെസ്കുകൾ വാങ്ങിയതിന് 2,11,900 രൂപയും ബെഞ്ചിന് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത തോംസൺ ടിമ്പേഴ്സ്, അഞ്ചരക്കണ്ടി എന്ന സ്ഥാപനത്തിൽനിന്ന് മെയ് 2022 മാസം 50 ബെഞ്ചുകളും വാങ്ങിയതിന് 1,17,500 ഉൾപ്പെടെ ആകെ 3,29,400 രൂപയുടെ ചെലവാണ് ഈ പദ്ധതി പ്രകാരം ഉണ്ടായിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. മതിപ്പ് ചെലവ് ഒരു ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽവരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുമ്പോൾ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു മലയാള ദിനപ്പത്രത്തിൽ മാത്രമാണ് ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/2022-23; തീയ്യതി: 26.08.2022) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

2. തോംസൺ ടിമ്പേഴ്സ്, അഞ്ചരക്കണ്ടി എന്ന സ്ഥാപനത്തിൽനിന്ന് ഒരു ബഞ്ചിന് 2,350 രൂപ നിരക്കിൽ വികസന ഫണ്ടിൽനിന്ന് 1,17,500 രൂപ ചെലവിട്ട് 50 ബഞ്ചുകളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ തോംസൺ ടിംമ്പേഴ്സ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സ്റ്റാമ്പ് പേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ് മേൽപ്രകാരമുള്ള മറുപടിയിൽ ലഭ്യമാക്കിയിരിക്കുന്ന വിവരം. കരാർ പത്രം ലഭ്യമാക്കേണ്ടതാണ്.

3. പ്രൊജക്ട് പ്രകാരം 180 Cm X 30cm X 45 Cm സ്പെസിഫിക്കേഷനിലുള്ള 50 ബെഞ്ചുകൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയതും പത്രത്തിൽ പരസ്യം ചെയ്തതും. എന്നാൽ തോംസണ് ടിമ്പേഴ്സിന്റെ ടാക്സ് ഇൻവോയ്സിൽ (ഇൻവോയ്സ് നം. 33/4.4.22) ബെഞ്ചുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ സ്പെസിഫിക്കേഷനിലുള്ള ബെഞ്ചുകളാണ് വിതരണം ചെയ്യപ്പെട്ടതെന്ന് ഉറപ്പാക്കാനായിട്ടില്ല. പദ്ധതി സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണിച്ചറുകൾ വിദ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണെന്ന മറുപടി തൃപ്തികരമല്ല.

4. പ്രൊക്വർമെന്റ് മാന്വലിലെ 5.1 ഖണ്ഡിക പ്രകാരം ടെണ്ടർ ഡോക്കുമെന്റിനോടൊപ്പം ടെണ്ടർ സെക്യൂരിറ്റിയും ഉണ്ടായിരിക്കേണ്ടതാണെന്നും ലിക്വിഡേറ്റഡ് ഡാമേജ് എല്ലാ കോൺട്രാക്ടുകളിലും ഉൾപ്പെടുത്തിയിരിക്കണമെന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന അഞ്ച് സ്ഥാപനങ്ങളാണ് ടെണ്ടറുകൾ സമർപ്പിച്ചിരിക്കുന്നത്.

1. പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കിഴക്കേ കതിരൂർ.
2. കാഡ്കോ ലിമിറ്റഡ്, കോഴിക്കോട്.
3. തോംസൺ ടിമ്പേഴ്സ്, അഞ്ചരക്കണ്ടി.
4. ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ.
5. അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, ഒളവണ്ണ, കോഴിക്കോട്.

മേൽ സ്ഥാപനങ്ങളിൽ പാട്യം സർവ്വീസ് സൊസൈറ്റി കിഴക്കേ കതിരൂർ എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ സെക്യൂരിറ്റി വച്ചിട്ടുള്ളത്. ടെണ്ടർ കോൺട്രാക്ടിൽ ലിക്വിഡേറ്റഡ് ഡാമേജ് ഉൾപ്പെടെയുള്ള ഒരു വ്യവസ്ഥയും മുദ്രപ്പത്രത്തിൽ എഴുതിച്ചേർത്തിട്ടില്ല. കാഡ്കോ, തോംസൺ, ഫിഡ്കോ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച കരാർ മുദ്രപ്പത്രങ്ങളിലും യാതൊരു വ്യവസ്ഥയും എഴുതിച്ചേർത്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ 8.27 പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം ആയതിനാലാണ് ടെണ്ടർ സെക്യൂരിറ്റി ഈടാക്കാതിരുന്നത് എന്നും ലിക്വിഡേറ്റഡ് ഡാമേജ് വിട്ടുപോയതാണ് എന്നുമാണ് മേൽ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയിരിക്കുന്ന മറുപടി. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ (നിലവിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്) ഉള്ള എല്ലാ എം.എസ്.എം.ഇ മന്ത്രാലയം സൂചിപ്പിക്കുന്ന കേരള സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനേയും ടെണ്ടർ ഫീ, ഇ.എം.ഡി., പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കുന്നതാണ്. എന്നാൽ രജിസ്ട്രേഷൻ സംബന്ധിച്ച യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. മേൽ നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി തൃപ്തികരമല്ല. മേൽ സൂചിപ്പിച്ച അപാകതകൾ 31.03.2023 തീയ്യതിയിലെ കെ.എസ്.എ./ടി.എസ്.എം.1/152/2023 നമ്പരായി പുറപ്പെടുവിച്ച തലശ്ശേരി നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-54 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ കാരണങ്ങളാൽ വികസന ഫണ്ടിൽനിന്നുള്ള 1,17,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-59 എസ്.എസ്.കെ പദ്ധതി-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല-വികസന ഫണ്ടിൽനിന്നുള്ള 40,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്, കൊടുവള്ളി ഹൈസ്കൂൾ |
| പ്രൊജക്ടിന്റെ പേര് | : | എസ്.എസ്.കെ പദ്ധതിക്ക് നഗരസഭാ വിഹിതം |
| പ്രൊജക്ട് നം. | : | 160/23 |
| അടങ്കൽ | : | 40,00,000(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | : | 40,00,000 (വികസനഫണ്ട്-പൊതുവിഭാഗം) |
| ബിൽനം./തീയതി | : | 66/31.08.2022 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 40 ലക്ഷം രൂപ എസ്.എസ്.കെ ജില്ലാ പ്രൊജക്ട് ഓഫീസിലേക്ക് കൈമാറിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ, വിദ്യാഭ്യാസ മേഖലയിൽ നഗരസഭയുടെ ഫലപ്രദമായ ഇടപെടൽ

എന്നിവ ലക്ഷ്യം വച്ചുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [19.04.2022 തീയ്യതിയിലെ സ.ഉ.(കൈ)നം.66/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്] ഖണ്ഡിക 8.6(3) പ്രകാരം സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോർഡിനേറ്റർക്ക് നഗരസഭാ വിഹിതം കൈമാറുക എന്നതല്ലാതെ എസ്.എസ്.കെ പദ്ധതി തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനം ഇടപെട്ടതായുള്ള രേഖകൾഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 69 /2022-23; തീയ്യതി: 19.09.2023) മറുപടിയിൽ മേൽ വിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. വികസന ഫണ്ടിൽനിന്നുള്ള 40,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-60 സാധനങ്ങളുടെ സമാഹരണം-സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്മാസ്റ്റർ, ഗവ.യു.പി. സ്കൂൾ, ഗോപാൽപേട്ട | |
| പ്രൊജക്ട് നം. | : 317/2023 | 168/2023 |
| പ്രൊജക്ടിന്റെ പേര് | : ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങൾക്ക് ബ്ലാക്ക് ബോർഡ് വിതരണം | രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| അടങ്കൽ | : 98,800 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 1,50,000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | : 97,500 | 76,175 |
| ബിൽ നം./തീയ്യതി | : 286/21.02.2023 | 473/28.03.2023 |

മേൽ പദ്ധതികൾ സംബന്ധിച്ച പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

I. ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങൾക്ക് ബ്ലാക്ക് ബോർഡ് വിതരണം, രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്നീ പദ്ധതികളിൽ സാധനങ്ങളുടെയും സേവനങ്ങലുടെയും സമാഹരണവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കാത്തത് [ജി.ഒ.(പി) 259/2010/തസ്വഭവ; തീയ്യതി: 08.11.2010 പ്രകാരം നിർദ്ദേശിക്കപ്പെട്ടത്] വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) കർമ്മ സമിതികൾ (Working Groups)

ആവശ്യം തിരിച്ചറിയുക, സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുക, വിതരണക്കാരെ തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടും ഉറപ്പാക്കുക, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, സാങ്കേതിക വിലയിരുത്തൽ, പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും, സാധനങ്ങളും സേവനങ്ങളും സ്വീകരിച്ച് സാക്ഷ്യപത്രം നൽകുക, തുക അംഗീകരിച്ച് നൽകുക, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നീ കാര്യങ്ങളിൽ കർമ്മ സമിതികൾ ഭാഗഭാക്കായതിന് രേഖകളില്ല.

(ബി) വാങ്ങൽ ടീം (Procurement Team)

സമാഹരണ നടപടികളിൽ ചുമതലകളുടെ വിഭജനം എന്ന പ്രധാന തത്വം പാലിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വാങ്ങൽ ആവശ്യം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ടെണ്ടർ നടപടികൾ നിർവ്വഹിക്കുന്ന വാങ്ങൽ സമിതിക്ക് (Procurement Committee) കൈമാറിയിട്ടില്ല. പ്രൊജക്ട് രേഖകളുടെ പരിശോധനയിൽ വിതരണക്കാരെ തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടും ഉറപ്പാക്കുക, സമാഹരണ തന്ത്രവും നടപടിക്രമങ്ങളും തീരുമാനിക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രസിദ്ധപ്പെടുത്തുക, സമർപ്പണത്തിന് സമയം അനുവദിക്കുക, ടെണ്ടർ രേഖകൾ അയക്കുക, ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, വാണിജ്യ വിലയിരുത്തൽ നടത്തുക, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം കരാർ നൽകുക, പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നിവയിൽ വാങ്ങൽ ടീമിന്റെ (Procurement Team) സാന്നിധ്യം ഉണ്ടായതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) സാമ്പത്തിക ടീം (Financial Team)

പ്രൊജക്ട് രേഖകളുടെ പരിശോധനയിൽ സാമ്പത്തിക ടീം (Financial Team) തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടും ഉറപ്പാക്കുക, തുക അംഗീകരിക്കുക, തുക നൽകുക എന്നീ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയതിന് രേഖകളില്ല.

(ഡി) സോഷ്യൽ ഓഡിറ്റ് കമ്മിറ്റി

വാങ്ങൽ പദ്ധതി (Procurement Plan) തയ്യാറാക്കുക, അന്തിമമാക്കുക, ടെണ്ടറുകൾ സ്വീകരിക്കുക, ടെണ്ടറുകൾ തുറക്കുക, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നിവയിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി കാര്യക്ഷമമായി ഇടപെട്ടത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

II. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 26.04.2019 തീയ്യതിയിലെ ജി.ഒ.(പി) നം.7/2019/എസ്.പി.ഡി. ഉത്തരവ് പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങൾക്ക് ബ്ലാക്ക് ബോർഡുകൾ വാങ്ങി വിതരണം ചെയ്ത പദ്ധതിയിലും രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്ത പദ്ധതിയിലും ക്വട്ടേഷൻ/ടെണ്ടർ വിളിച്ചാണ് സാധനങ്ങൾ സമാഹരിച്ചിരിക്കുന്നത്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (നം.59/2022-23; തീയ്യതി:15.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ചുമതലപ്പെട്ട വിവിധ സമിതികൾ സമാഹരണ

ഉത്തരവ് പ്രകാരം തങ്ങളിൽ നിക്ഷിപ്തമാക്കപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. GeM സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-61 ' പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ' -പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ-5,00,000 രൂപ തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രൊജക്ട് നം. | : | S0127/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്, തലശ്ശേരി |
| ബിൽ നം./തുക | : | 399/21.03.2023 , 5,00,000 |
| അടങ്കൽ | : | 10,00,000-5,00,000 (ഗുണഭോക്തൃ വിഹിതം)<br>5,00,000 (വികസനഫണ്ട്) |
| ഫണ്ട് | : | വികസനഫണ്ട് |

2022-23 വർഷത്തിൽ നഗരസഭ നടപ്പിലാക്കിയ മേൽ നമ്പർ പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകാലികളെ തെരെഞ്ഞെടുത്ത് സംസ്ഥാനാവിഷ്കൃത പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം കാലിത്തീറ്റ വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന 2022-23 വർഷത്തെ കന്നുകുട്ടി പരിപാലന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നിർവ്വഹണത്തിനായി വികസനഫണ്ടിൽ നിന്നും 5,00,000 രൂപ ഡെപ്യൂട്ടി ഡയറക്ടർ, സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം, കണ്ണൂരിലേക്ക് അയച്ചു കൊടുത്തതായി കാണുന്നു. പദ്ധതി നിർവ്വഹണം നടത്തിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3 ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഒരു കുടുംബത്തിലെ തന്നെ രണ്ടു പേർക്ക് (ഒരേ റേഷൻ കാർഡ് നമ്പർ) ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ടാഗ് നം. | റേഷൻ കാർഡ് നം. |
|---|---|---|---|
| 1 | കെ.ബിജു | 105309711175 | 2367231348 |
| 2 | സന്ധ്യ.ജി.സി | 105309711164 | |

4. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി വാർഡ് സഭ ചേർന്നതിന്റെയും ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ സംബന്ധിച്ച് നൽകിയ 05.05.23 ലെ 31/22-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ 12.05.23 ന് ലഭ്യമാക്കിയ മറുപടിയിൽ കന്നുകുട്ടി പരിപാലന രജിസ്റ്ററും വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയതിനാൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-62 കൊളശ്ശേരി ലക്ഷ്മി ഗ്യാസിനു പിൻവശത്തെ റോഡ് നവീകരണം അപാകതകൾ**

| | | |
|---|---|---|
| ഫയൽ നം | : | 15138/20 |
| പ്രൊജക്ട് നം | : | S0277/21, S0261/22, S0445/23 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ (നോർത്ത്) |
| പദ്ധതി അടങ്കൽ | : | 12,00,000, മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | : | 11,86,861 |
| ബിൽ നം./തീയതി | : | 89/29.09.22 |
| അളവ് പുസ്തകം നമ്പർ | : | 277/21, 341/21 |
| കരാർ | : | കണ്ണൂർ ലാന്റ് ഡെവലപ്പ്മെന്റ് ഇൻഫ്രാസ്ട്രക്ചർ |

| | | |
|---|---|---|
| ഏറ്റെടുത്തത് | | കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ് |

2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗീകരിക്കുകയും 2021-22 വർഷാവസാനം പ്രവൃത്തി നടത്തുകയും നടപ്പുവർഷം ചെലവ് നടത്തുകയും ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

മേൽ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിലേക്കായി 27.08.2020 ൽ നടന്ന ടെണ്ടറിൽ സിംഗിൾ ടെണ്ടർ മാത്രം ലഭ്യമായതിനെ തുടർന്ന് 11.09.2020, 06.11.2020 തീയതികളിൽ നടന്ന റീ ടെണ്ടറിൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ 16.02.2021 ന് നടന്ന ഷോർട്ട് ക്വട്ടേഷൻ പ്രകാരം കണ്ണൂർ ലാന്റ് ഡെവലപ്പ്മെന്റ് ഇൻഫ്രാസ്ട്രക്ചർ കോ-ഓപ്പ് സൊസൈറ്റി എന്ന സ്ഥാപനത്തെയാണ് നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തത്. മേൽ സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ക്വട്ടേഷൻ 23.04.2021 ൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. 03.05.21 ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും 08.07.2021 ൽ കരാറുകാരൻ എഗ്രിമെന്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 08.07.2021 ൽ വർക്ക് ഓർഡറും ഒപ്പ് വച്ചിട്ടുണ്ട്. എഗ്രിമെന്റ് കാലാവധി 07.10.2021 നാണ്. എന്നാൽ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയോ പ്രവൃത്തി സമയം നീട്ടിക്കിട്ടാൻ അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം മാർച്ച് 31 വരെ നീട്ടിക്കൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 27.10.2021 ലാണ് കരാറേറ്റെടുത്ത സ്ഥാപനം അപേക്ഷ നൽകിയത്. 21.03.2022 ന ശേഷമാണ് സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടുള്ളത്. എന്നിട്ടും പിഴ കൂടാതെ 31.03.2022 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

10.02.2022 ന്റെ ഓഫീസ് കുറിപ്പിൽ റോഡ് തകർന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കൗൺസിലിന്റെ മുൻകൂർ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് പറയുന്നുണ്ട്. റോഡ് തകർന്നിരിക്കുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വാർഡ് കൗൺസിലറുടെ 11.03.2022 ലെ കത്തിലും നിർദ്ദേശിച്ചിട്ടുണ്ട്. 16.03.2022 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചെയർമാന്റെ മുൻകൂർ അനുമതി ലഭിക്കുകയും 18.03.2022 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അളവു ബുക്കുകൾ പ്രകാരം ആദ്യത്തെ ചെക്ക് മെഷർമെന്റ് 02.12.2021 ലും അവസാനത്തേത് 08.03.2022 ലുമാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിന്റെ 26.03.2021 ലെ ഡി.ബി1/10690/2020/സി.ഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യ നമ്പർ സർക്കുലറിൽ, പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് ഉചിതമല്ലെന്നും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ കഴിവതും ഒബ്സർവ്ഡ് ഡാറ്റകൾ കൂടാതെ ആയിരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ബിൽ അനുവദിച്ചപ്പോൾ (ബിൽ നമ്പർ:89/29.09.2022, തുക 11,86,861) ബിൽ തുകയുടെ 1% മാത്രമാണ് ആദായനികുതി ഈടാക്കിയിട്ടുള്ളത്. മേൽ പ്രവൃത്തി ഏറ്റെടുത്തത് ഒരു സ്ഥാപനമായതിനാൽ ബില്ലിൽ നിന്നും 2% ആദായനികുതി കറവുവരുത്തേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 15.11.2022 തീയതിയിൽ നൽകിയ 10/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ശേഷിക്കുന്ന 1% ആദായനികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ആദായനികുതി ഒടുക്കുന്നതിൽ കുറവ് വന്നതിലൂടെ കേന്ദ്ര സർക്കാരിന് 11,869 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത് നടത്തുമ്പോൾ മേൽപറഞ്ഞ പ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതും കുറവു വന്ന ആദായനികുതി ഒടുക്കിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

**1-63 നഗരസഭാ വക ടൗൺ ഹാൾ ഓഡിറ്റോറിയം ഇലക്ട്രിക്കൽ റിപ്പയറിംഗ് - അപാകതകൾ**

| | | |
|---|---|---|
| ഫയൽ നമ്പർ | : | E6/14813/21 |
| പ്രൊജക്ടിന്റെ പേര് | : | നഗരസഭാ ടൗൺ ഹാൾ കെട്ടിടത്തിൽ വൈദ്യുത ഉപകരണങ്ങളുടെ മെയിന്റനൻസ് അധിക വൈദ്യുത സംവിധാനങ്ങൾ ഒരുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്ട് നമ്പർ | : | S0470/22 (2021-22)<br>S0361/23 (2022-23) |
| അടങ്കൽ | : | 13,90,000 (വികസനഫണ്ട്)<br>5,90,000(2021-22)+ 8,00,000(2022-23) |
| എസ്റ്റിമേറ്റ് തുക | : | 13,90,000 (Including Labour Charges GST) |

| | | |
|---|---|---|
| കരാറുകാരന്റെ പേര് | : | ശ്രീ.സഞ്ജു.ടി |
| കരാർ തുക (പി.എ.സി) | : | 11,28,956/- |
| ആകെ ചെലവ് | : | 12,75,810/- (590000 (2021-22) + 685810 (2022-23) |
| തൻവർഷത്തെ ബിൽ നമ്പർ/തീയതി | : | 30/03.01.23 |
| ബിൽ തുക | : | 6,85,810 (2022-23) |
| എഗ്രിമെന്റ് നമ്പർ | : | 162/AE(N)/LSGD/TMC/2021-22, തീയതി: 31.12.21 |

നഗരസഭാ വക ടൗൺ ഹാൾ ഓഡിറ്റോറിയത്തിലെ പ്രവർത്തന രഹിതമായ ഇലക്ട്രിക്കൽ സാധനങ്ങൾ റിപ്പയർ ചെയ്യുന്നതിനും ഉപയോഗ ശൂന്യമായവ മാറ്റുന്നതിനുമായി ആരംഭിച്ച പ്രവൃത്തിയാണിത്. മേൽ പ്രവൃത്തി ടെണ്ടറിൽ ഏറ്റെടുത്ത ശ്രീ.സഞ്ജു.ടി എന്ന കരാറുകാരന് 20.11.21 ൽ സെലക്ഷൻ നോട്ടീസ് നൽകിയതനുസരിച്ച് ടിയാൻ എഗ്രിമെന്റ് സമർപ്പിച്ചത് 31.12.21 തീയതിയിലാണ് (41 ദിവസം കഴിഞ്ഞ്). സ.ഉ(പി).13/12 തീ: 01.02.2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009-6 ൽ അനുശാസിക്കും വിധം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസങ്ങൾക്കകം കരാറുടമ്പടി ഒപ്പ് വെക്കേണ്ടതും ഇല്ലെങ്കിൽ PAC തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് തുടർന്നുള്ള 10 ദിവസങ്ങൾക്കകവും കരാർ ഒപ്പുവെക്കേണ്ടതാണ്. എന്നാൽ ഇവിടെ എഗ്രിമെന്റ് വൈകിയതിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. PAC തുകയുടെ 1% നിരക്കിൽ ( 1% Of 11,28,956) 11,289 രൂപ കരാറുകാരനിൽ നിന്ന് പിഴയായി ഈടാക്കേണ്ടതാണ്. ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ലേലം ചെയ്യുകയോ ആക്രി വിലക്ക് വിൽക്കുകയോ ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകളും വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഇത്തരം അപാകതകൾ ഓഡിറ്റിൽ ഗൗരവത്തോടെ വീക്ഷിക്കുന്നതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-64 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്**

നഗരസഭയിൽ നിലവിലുള്ള 6 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ 2022-23 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും പകർപ്പുകൾ നഗരസഭയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ആശുപത്രി മാനേജിംഗ് കമ്മിറ്റി | റിപ്പോർട്ട് നം./തീയ്യതി |
|---|---|---|
| 1 | പി.എച്ച്.സി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/517/2023 തീയ്യതി : 16.09.2023 |
| 2 | ഗവ.ആയുർവ്വേദ ആശുപത്രി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/535/2023 തീയ്യതി : 29.09.2023 |
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/457/2023 തീയ്യതി :10.08.2023 |
| 4 | ഗവ.ഹോമിയോ ഡിസ്പെൻസറി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/511/2023 തീയ്യതി :15.09.2023 |
| 5 | പി.എച്ച്.സി ചാലിൽ | കെ.എസ്.എ.ടി.എസ്.എം1/492/2023 തീയ്യതി : 26.08.2023 |

| | | |
|---|---|---|
| 6 | താലൂക്ക് ആശുപത്രി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/523/2023 തീയ്യതി : 25.09.2023 |

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങളിലെ ചട്ടം 9 ൽ മൂന്ന് പ്രകാരം ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് കൗൺസിലിനു ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ സെക്രട്ടറിക്കും നൽകേണ്ടതാണ്.

**1-65 പാദവർഷ റിപ്പോർട്ടുകൾ നഗരസഭ പരിഗണിച്ചതിന്റെ വിവരം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 2 (ബി) ഉപവകുപ്പും, 7-ാം വകുപ്പും, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(1) ഉം ചട്ടം 18 ഉം കൂട്ടിവായിച്ച പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.03.2022 ലെ 02/2022 നമ്പർ സർക്കുലർ അനുസരിച്ച് നടത്തിയ തലശ്ശേരി നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനാവലോകന റിപ്പോർട്ടുകൾ നാല് പാദവർഷങ്ങളിലായി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

**മുൻപാദവർഷ റിപ്പോർട്ടുകൾ നഗരസഭ പരിഗണിച്ചതിന്റെ വിവരം**

| പാദ വാർഷിക റിപ്പോർട്ടുകളുടെ വിവരം | | ധനകാര്യം | വികസനം | ക്ഷേമം | ആരോഗ്യം | പൊതു മരാമത്ത് | വിദ്യാ ഭ്യാസം |
|---|---|---|---|---|---|---|---|
| ഒന്നാം പാദം | നഗരസഭ കൈപ്പറ്റിയ തീയ്യതി | 02.01.2023 | 02.01.2023 | 02.01.2023 | 02.01.2023 | 02.01.2023 | 02.01.2023 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിച്ച തീയതി | 14.02.2023 | 14.02.2023 | 21.02.2023 | 15.02.2023 | 17.02.2023 | 14.02.2023 |
| രണ്ടാം പാദം | നഗരസഭ കൈപ്പറ്റിയ തീയ്യതി | 01.02.2023 | 01.02.2023 | 01.02.2023 | 01.02.2023 | 01.02.2023 | 01.02.2023 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിച്ച തീയതി | 09.03.2023 | 16.03.2023 | 18.03.2023 | 13.03.2023 | 10.03.2023 | 09.03.2023 |
| മൂന്നാം പാദം | നഗരസഭ കൈപ്പറ്റിയ തീയ്യതി | 01.03.2023 | 01.03.2023 | 01.03.2023 | 01.03.2023 | 01.03.2023 | 01.03.2023 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിച്ച തീയതി | 11.04.2023 | 27.04.2023 | - | 27.03.2023 | 27.04.2023 | 24.04.2023 |
| നാലാം പാദം | നഗരസഭ കൈപ്പറ്റിയ തീയ്യതി | 26.04.2023 | 26.04.2023 | 26.04.2023 | 26.04.2023 | 26.04.2023 | 26.04.2023 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിച്ച തീയതി | 27.05.2023 | - | - | - | - | 25.05.2023 |

**1-66 സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്ന ഖണ്ഡികകളുടെ വിവരം**

| സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | പരിഗണനയ്ക്ക് സമർപ്പിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|
| ധനകാര്യം/പൊതുഭരണം | ഖണ്ഡിക 1-1 മുതൽ 1-28 വരെയും 1-31 മുതൽ 1-39 |

| | |
|---|---|
| | വരെ, 1-41 മുതൽ 1-43 വരെ, 1-64 മുതൽ 1-66 വരെ 2-1, 3-1, 3-2, 4-4 മുതൽ 4-10 വരെ |
| വികസനം | ഖണ്ഡിക 1-61, 1-64 മുതൽ 1-66 വരെ |
| ക്ഷേമം | ഖണ്ഡിക 1-29 മുതൽ 1-30 വരെയും 1-52 മുതൽ 1-55 വരെ,1-64 മുതൽ 1-66 വരെ, 3-1 |
| ആരോഗ്യം | ഖണ്ഡിക 1-40, 1-45 മുതൽ 1-51 വരെ, 1-64 മുതൽ 1-66 വരെ |
| പൊതുമരാമത്ത് | ഖണ്ഡിക 1-62, 1-63, 1-64 മുതൽ 1-66 വരെ |
| വിദ്യാഭ്യാസം | ഖണ്ഡിക 1-56 മുതൽ 1-60 വരെ, 1-64 മുതൽ 1-66 വരെ |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേല സംഖ്യ പൂർണ്ണമായും ഒടുക്കിയില്ല:- ലേലം കൊണ്ട വ്യക്തിക്കെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല; നഗരസഭയ്ക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും നഷ്ടം

ഫയൽ നം: ആർ.7/1625/22

